# പതിനഞ്ചാം കേരള നിയമസഭ

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
## (2023-2026)

**മുപ്പത്തിയൊന്നാമത് റിപ്പോർട്ട്**

**( 2024 ജൂലൈ 04-ാം തീയതി സമർപ്പിച്ചത് )**

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2011-2014)-യുടെ ഇരുപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2023-2026)

## മുപ്പത്തിയൊന്നാമത് റിപ്പോർട്ട്

( 2024 ജൂലൈ 04-ാം തീയതി സമർപ്പിച്ചത് )

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2011-2014)-യുടെ ഇരുപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| കമ്മിറ്റിയുടെ ഘടന | | - | V |
| അവതാരിക | | - | VII |
| റിപ്പോർട്ട് | | - | 1 |
| അനുബന്ധം 1 | എസ്.ആർ.ഒ. നമ്പർ 111/2015 | - | |
| അനുബന്ധം 2 | എസ്.ആർ.ഒ. നമ്പർ 832/2015 | - | |
| അനുബന്ധം 3 | എസ്.ആർ.ഒ. നമ്പർ 610/2016 | - | |
| അനുബന്ധം 4 | എസ്.ആർ.ഒ. നമ്പർ 720/2016 | - | |
| അനുബന്ധം 5 | എസ്.ആർ.ഒ. നമ്പർ 818/2019 | - | |
| അനുബന്ധം 6 | എസ്.ആർ.ഒ. നമ്പർ 1202/2023 | - | |
| അനുബന്ധം 7 | എസ്.ആർ.ഒ. നമ്പർ 47/2018 | - | |
| അനുബന്ധം 8 | എസ്.ആർ.ഒ. നമ്പർ 294/2013 | - | |
| അനുബന്ധം 9 | എസ്.ആർ.ഒ. നമ്പർ 564/2014 | - | |
| അനുബന്ധം 10 | സ.ഉ. (അച്ചടിച്ചത്) നം. 11/2018/നിയമം), സ.ഉ. (അച്ചടിച്ചത്) നം. 10/2018/നിയമം | - | |
| അനുബന്ധം 11 | പൊതു വിവാഹ രജിസ്ട്രാർ ജനറൽമാർ സമർപ്പിച്ചിട്ടുള്ള സാക്ഷ്യപത്രങ്ങൾ | - | |
| അനുബന്ധം 12 | എസ്.ആർ.ഒ. നമ്പർ 655/2014 | - | |
| അനുബന്ധം 13 | ലാൻഡ് റവന്യൂ കമ്മീഷണർക്കും, ജില്ലാ കളക്ടർമാർക്കുമുള്ള നിർദ്ദേശം | - | |
| അനുബന്ധം 14 | സ.ഉ(അച്ചടി)നം.44/2018/ധന, സ.ഉ (അച്ചടി) നം.28/2019/ധന) | - | |
| അനുബന്ധം 15 | എസ്.ആർ.ഒ. നമ്പർ 555/2015 | - | |
| അനുബന്ധം 16 | എസ്.ആർ.ഒ. നമ്പർ 445/2022 | - | |
| അനുബന്ധം 17 | എസ്.ആർ.ഒ. നമ്പർ 446/2022 | - | |
| അനുബന്ധം 18 | എസ്.ആർ.ഒ. നമ്പർ 459/2022 | - | |
| അനുബന്ധം 19 | എസ്.ആർ.ഒ. നമ്പർ 448/2022 | - | |
| അനുബന്ധം 20 | എസ്.ആർ.ഒ. നമ്പർ 450/2022 | - | |

| | | |
|---|---|---|
| അനുബന്ധം 21 | എസ്.ആർ.ഒ. നമ്പർ 451/2022 | - |
| അനുബന്ധം 22 | എസ്.ആർ.ഒ. നമ്പർ 453/2022 | - |
| അനുബന്ധം 23 | എസ്.ആർ.ഒ. നമ്പർ 454/2022 | - |
| അനുബന്ധം 24 | എസ്.ആർ.ഒ. നമ്പർ 455/2022 | - |
| അനുബന്ധം 25 | എസ്.ആർ.ഒ. നമ്പർ 456/2022 | - |
| അനുബന്ധം 26 | എസ്.ആർ.ഒ. നമ്പർ 457/2022 | - |
| അനുബന്ധം 27 | എസ്.ആർ.ഒ. നമ്പർ 458/2022 | - |
| അനുബന്ധം 28 | എസ്.ആർ.ഒ. നമ്പർ 587/2015 | - |
| അനുബന്ധം 29 | Statement regarding the annual returns submitted to the Registrar | - |
| അനുബന്ധം 30 | എസ്.ആർ.ഒ. നമ്പർ 588/2015 | - |
| അനുബന്ധം 31 | എസ്.ആർ.ഒ. നമ്പർ 556/2015 | - |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)

## ഘടന

**<u>ചെയർമാൻ :</u>**

ശ്രീ. എം. എം. മണി, എം.എൽ.എ.

**<u>അംഗങ്ങൾ</u>** :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>** :

ശ്രീ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി സുദർശന കെ. , ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി. ഒ., അണ്ടർ സെക്രട്ടറി

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)-യുടെ ചെയർമാനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, കമ്മിറ്റിയുടെ മുപ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഇരുപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി(2011-2014)-യുടെ ഇരുപതാമത് റിപ്പോർട്ട് 2014 ഫെബ്രുവരി 6-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി വിവിധ യോഗങ്ങളിലായി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടികളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2024 ജൂലൈ 01-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,

ചെയർമാൻ ,

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,

2024 ജൂലൈ 01.

# റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ ഇരുപതാമത് റിപ്പോർട്ട്  2014 ഫെബ്രുവരി 6-ാം തീയതി സഭയിൽ സമർപ്പിച്ചു.

2010-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്ട്, 2010-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ, 1960-ലെ കേരള ഗവൺമെൻ്റ് ലാൻഡ് അസൈൻമെന്റ് ആക്ട്, 1980-ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട്, 1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ഫണ്ട് ആക്ട്, 1995-ലെ കേരള ബീഡി, സിഗാർ ക്ഷേമനിധി ഫണ്ട് ആക്ട്, 2007-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ആക്ട്, 2010-ലെ കേരള റെക്കഗ്നീഷ്യൻ ഓഫ് ട്രേഡ് യൂണിയൻ ആക്ട് എന്നീ ആക്ടുകളിൻ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കൾ സമിതിയുടെ വിവിധ യോഗങ്ങളിൽ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. എസ്.ആർ.ഒ കളുടെ വിശദമായ പരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതിയ്ക്ക് ബോധ്യപ്പെട്ട വസ്തുതകളാണ് സമിതിയുടെ നിഗമനങ്ങളും ശിപാർശകളുമായി ഇരുപതാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത് .  പ്രസ്തുത റിപ്പോർട്ടിൽ 100 ശിപാർശകളാണ് ഉണ്ടായിരുന്നത്. റിപ്പോർട്ടിലെ എല്ലാ ശിപാർശകൾക്കും സർക്കാരിൽ നിന്നും മറുപടി ലഭിക്കുകയും പ്രസ്തുത മറുപടികൾ സമിതിയുടെ വിവിധ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി(2011-2014)-യുടെ ഇരുപതാമത് റിപ്പോർട്ടിലെ ശിപാർശകളും, അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

## ശിപാർശ (ഖണ്ഡിക 4)

എസ്. ആർ. ഒ.-യുടെ പീഠികയിലും വിശദീകരണക്കുറിപ്പിലും “2013-ലെ കേരള ആധാരമെഴുത്തുകാരുടെയും......”എന്നത്, “2012-ലെ കേരള ആധാരമെഴുത്തുകാരുടെയും......” എന്നും ചട്ടം, 2(1)ബി-യിലെ "ആയിരക്കുന്നതാണ്" എന്നുള്ളത്  “ആയിരിക്കുന്നതാണ്” എന്നും തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 111/2015 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ച തിരുത്തൽ വിജ്ഞാപനത്തിലൂടെ സമിതി ശിപാർശ പ്രകാരമുള്ള തിരുത്തൽ വരുത്തി ജി.ഒ.പി(നം.) 30/2015/നി.വ. തീയതി 06.03.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. (അനുബന്ധം 1)

(നികുതി വകുപ്പിന്റെ 26.10.2022 തീയതിയിലെ നം.ഇ 3/117/2016/Taxes കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2022-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 5)**

ചട്ടം 6 പ്രകാരം നിയതമായ രൂപത്തിലും മൂല്യത്തിലുമുള്ള ക്ഷേമനിധി സ്റ്റാമ്പുകളുടെ വിൽപ്പന സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കാൻ പ്രത്യേക സംവിധാനം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അവ സംബന്ധിച്ച് ഒരു പ്രത്യേക രജിസ്റ്റർ കൂടി സൂക്ഷിക്കാൻ സബ് രജിസ്ട്രാർമാർക്ക് വേണ്ട നിർദ്ദേശം നൽകുന്നതിനാവശ്യമായ വ്യവസ്ഥ കൂടി ചട്ടങ്ങളിൽ ചേർക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 832/2015 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ച തിരുത്തൽ വിജ്ഞാപനത്തിലൂടെ സമിതി ശിപാർശ പ്രകാരമുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തി ജി.ഒ.പി(നം.) 216/2015/നി.വ. തീയതി 05.12.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. (അനുബന്ധം 2)

(നികുതി വകുപ്പിന്റെ 26.10.2022 തീയതിയിലെ നം.ഇ 3/117/2016/Taxes കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2022-ലെ സമിതി യോഗം അംഗീകരിച്ചു.)

**എസ്.ആർ.ഒ 294/2013**

**ശിപാർശ (ഖണ്ഡിക 7)**

എസ്.ആർ.ഒ.യുടെ പദ്ധതിയിലെ ഖണ്ഡിക 3(ix)-ൽ "വർഷിക" എന്നത് "വാർഷിക" എന്നും, ഖണ്ഡിക 6(3)-ൽ "എന്നാൽ, അയിയന്തിര യോഗത്തിന് സമയ പരിധി ബാധകമായിരിക്കുന്നതല്ല" എന്നത് "അടിയന്തിര യോഗത്തിന്" എന്നും തിരുത്തൽ വരുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 610/2016 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ച തിരുത്തൽ വിജ്ഞാപനത്തിലൂടെ സമിതി ശിപാർശ പ്രകാരമുള്ള തിരുത്തൽ വരുത്തി ജി.ഒ.പി(നം.) 87/2016/നി.വ. തീയതി 27.09.2016 പ്രകാരം ഉത്തരവായിട്ടുണ്ട്.(അനുബന്ധം 3)

(നികുതി വകുപ്പിന്റെ 26.10.2022 തീയതിയിലെ നം.ഇ 3/117/2016/Taxes കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2022-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 8)**

ഖണ്ഡിക 9(1)-ൽ നിധി കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളതിൽ "ആക്റ്റിലും പദ്ധതിയിലും ചട്ടങ്ങളിലും പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾക്ക വേണ്ടി മാത്രം നിധി

വിനിയോഗിക്കേണ്ടതാണ്." എന്നതിനു പകരം ആക്റ്റിലെ 3(5) വകുപ്പിൽ പറഞ്ഞിരിക്കുന്നതുപോലെ "ലക്ഷ്യങ്ങൾക്കു വേണ്ടി" എന്നതിനു പകരം "ആവശ്യങ്ങൾക്കായി" എന്ന് തിരുത്തൽ വരുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 720/2016 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലൂടെ സമിതി ശിപാർശ പ്രകാരമുള്ള തിരുത്തൽ വരുത്തി ജി.ഒ.പി(നം.) 104/2016/നി.വ. തീയതി 26.11.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. (അനുബന്ധം 4)

(നികുതി വകുപ്പിന്റെ 26.10.2022 തീയതിയിലെ നം.ഇ 3/117/2016/Taxes കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2022-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 9)**

നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട ഫാറം 1-ന്റെ കുറിപ്പ് 1-ൽ വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്നതിനുള്ള രേഖ ആവശ്യപ്പെട്ടിരിക്കുന്നതായി സമിതി കണ്ടെത്തി. എന്നാൽ പദ്ധതിയിലെ ഖണ്ഡിക 11(1)-ൽ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളുടെ കൂട്ടത്തിൽ വിദ്യാഭ്യാസയോഗ്യതയുടെ രേഖ വേണമെന്ന് പറഞ്ഞിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, പദ്ധതിയിലെ ഖണ്ഡിക 11(1)-ൽ "മേൽവിലാസം, ജനനതീയതി, വയസ്സ്" എന്നീ വാക്കുകൾക്ക് ശേഷം വിദ്യാഭ്യാസയോഗ്യത എന്ന വാക്ക് കൂടി ഉൾപ്പെടുത്തുവാനും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 720/2016 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലൂടെ സമിതി ശിപാർശ പ്രകാരമുള്ള വാക്കുകൾ ഉൾപ്പെടുത്തി ജി.ഒ.പി(നം.) 104/2016/നി.വ. തീയതി 26.11.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. (അനുബന്ധം 4)

(നികുതി വകുപ്പിന്റെ 26.10.2022 തീയതിയിലെ നം.ഇ 3/117/2016/Taxes കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2022-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 10)**

എല്ലാ അപേക്ഷകളുടെയും ഒപ്പം ആധാരമെഴുത്തുകാർ, പകർപ്പെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരുടെ രംഗത്ത് പ്രവർത്തിക്കുന്ന ഒരു അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറിയുടെ ശിപാർശ കത്ത് ഹാജരാക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നതായും ഇപ്രകാരമുള്ള ശിപാർശ കത്ത് ആവശ്യമാണോ എന്നും ആരാഞ്ഞ സമിതിയോട് ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകളിൽ ഈ നിബന്ധന ആവശ്യമില്ലെന്നും ആയത് പരിശോധിക്കാമെന്നും നികുതിവകുപ്പ് സെക്രട്ടറി മറുപടി നൽകുകയുണ്ടായി. ആയതിനാൽ എല്ലാ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകളുടെയും ഒപ്പം ജില്ലാ സെക്രട്ടറിയുടെ ശിപാർശ കത്ത് ഹാജരാക്കണമെന്നുള്ള നിർദ്ദേശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 11)**

ഖണ്ഡിക 11(4)-ൽ "ബന്ധപ്പെട്ട പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ" എന്നതിനു പകരം "ബന്ധപ്പെട്ട പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പോ" എന്ന് മാറ്റം വരുത്താനും, ഖണ്ഡിക 11(1)-ൽ "നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷാഫാറം നമ്പർ 1-ൽ ആയിരിക്കേണ്ടതാണ്" എന്നത് "നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷ ഫാറം നമ്പർ 1-ൽ ആയിരിക്കേണ്ടതാണ്" എന്ന് ഭേദഗതി വരുത്താനും സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 12)**

പദ്ധതിയിലെ ഖണ്ഡിക 11-ൽ രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ അപേക്ഷയോടൊപ്പം സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അത് പ്രസ്തുത ആവശ്യത്തിന് മതിയാകുകയില്ലെന്നും, അപേക്ഷയുടെ രണ്ടു പകർപ്പിലും അംഗത്വ സാക്ഷ്യപത്രത്തിന്റെ രണ്ടു പകർപ്പിലും തിരിച്ചറിയൽ കാർഡ്, പാസ് ബുക്ക്, അംഗത്വ രജിസ്റ്റർ എന്നിവയിലും ഫോട്ടോ പതിക്കേണ്ടതുള്ളതിനാൽ ഏഴ് പാസ്പോർട്ട് സൈസ് ഫോട്ടോ അംഗത്വത്തിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ, അതനുസരിച്ച് ഖണ്ഡിക 11 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 13)**

പദ്ധതിയിലെ ഖണ്ഡികകളായ 11(3), 11(6) എന്നിവയിൽ "അംഗത്വ സാക്ഷ്യപത്രം" എന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും ഖണ്ഡിക 11(5)-ൽ "ബോർഡ് അംഗത്വം നൽകി ഉത്തരവായ അപേക്ഷകർക്ക് രജിസ്റ്ററിംഗ് അധികാരസ്ഥാനം ഫാറം നമ്പർ 2-ൽ ഒരു അംഗത്വ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്" എന്നു പറഞ്ഞിരിക്കുന്നതായും ഫാറം 2-ന്റെ തലക്കെട്ടിലും "അംഗത്വ സർട്ടിഫിക്കറ്റ്" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളും ഫാറവുമായതിനാൽ രണ്ടുതരത്തിൽ പരാമർശിക്കുന്നതിനുപകരം "അംഗത്വ സാക്ഷ്യപത്രം" എന്നുതന്നെ ഉപയോഗിക്കുന്നതല്ലേ ഉചിതമെന്ന് തെളിവെടുപ്പുവേളയിൽ ആരാഞ്ഞിരുന്നു. ആയതിന്, അംഗത്വ സർട്ടിഫിക്കറ്റ് എന്ന ഒരു സർട്ടിഫിക്കറ്റ് മെമ്പർമാർക്ക് കൊടുക്കുന്നുണ്ടെന്നും ചില ഫോമുകളുടെ അവസാനം രജിസ്റ്ററിംഗ് അതോറിറ്റിയുടെ സാക്ഷ്യപത്രം എന്നും പറയുന്നുണ്ടെന്നും അതുകൊണ്ട് രണ്ടിനെയും വേർതിരിച്ചറിയാൻവേണ്ടി എല്ലാത്തിനും "അംഗത്വ സർട്ടിഫിക്കറ്റ്" എന്ന് മാറ്റം വരുത്താമെന്നും നിയമവകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകിയിരുന്നു. ആയതിനാൽ, 11(3), 11(6) എന്നിവയിൽ പരാമർശിച്ചിരിക്കുന്ന "അംഗത്വ സാക്ഷ്യപത്രം" എന്നത് "അംഗത്വ സർട്ടിഫിക്കറ്റ്" എന്ന് തിരുത്തൽ വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 14)**

ഖണ്ഡിക 11(5)-ൽ ബോർഡിന് അംഗത്വത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ ഒരു നിശ്ചിത ദിവസത്തിനകം ബോർഡ് തീരുമാനമെടുക്കാൻ പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് നിർദ്ദേശിച്ച സമിതിയോട് 45 ദിവസം എന്ന ഒരു പരിധിവയ്ക്കാമെന്ന് നികുതിവകുപ്പ് സെക്രട്ടറി അറിയിച്ചിരിക്കുന്നു. ആയതിനാൽ, പദ്ധതിയിലെ ഖണ്ഡിക 11(5)-

ൽ 45 ദിവസം എന്ന ഒരു സമയപരിധി കൂടി നിശ്ചയിച്ച് ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 15)**

ഖണ്ഡിക 13-ൽ അംശദായം അടയ്ക്കുന്നതുമായി ബന്ധപ്പെട്ടാണ് പരാമർശിച്ചിട്ടുള്ളത്. ഓരോ മാസവും രജിസ്റ്ററിംഗ് അധികാരസ്ഥാനം ശേഖരിച്ച അംശദായം സംബന്ധിച്ച റിപ്പോർട്ട് ബോർഡിന് അയച്ചുകൊടുക്കേണ്ടതുണ്ട്. ആയതിൽ "രജിസ്റ്ററിംഗ് അധികാരസ്ഥാനം ജില്ലയിൽ നിന്നും ഓരോ മാസവും ശേഖരിച്ച റിപ്പോർട്ട് ബോർഡിന് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്" എന്ന വ്യവസ്ഥയിൽ "രജിസ്റ്ററിംഗ് അധികാരസ്ഥാനം ജില്ലയിൽ നിന്നും ഓരോ മാസവും ശേഖരിച്ച അംശദായം സംബന്ധിച്ച റിപ്പോർട്ട് ബോർഡിന് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ് " എന്ന് മാറ്റം വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി ( ഖണ്ഡിക 10 – 15)**

എസ്.ആർ.ഒ നമ്പർ 720/2016 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലൂടെ സമിതി ശിപാർശ പ്രകാരമുള്ള ഭേദഗതി വരുത്തി ജി.ഒ.പി(നം.) 104/2016/നി.വ. തീയതി 26.11.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. (അനുബന്ധം 4)

(ഖണ്ഡിക നം. 10 മുതൽ 15 വരെയുള്ള ശിപാർശകളിന്മേൽ നികുതി വകുപ്പിന്റെ 26.10.2022 തീയതിയിലെ നം.ഇ 3/117/2016/Taxes കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2022-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 16)**

ഖണ്ഡിക 14(3)-ൽ ".......രേഖകൾ പരിശോധിച്ച് യുക്തമായ തീരുമാനമെടുക്കേണ്ടതും തീരുമാനം അപ്പീൽ അപേക്ഷകനെ അറിയിക്കേണ്ടതുമാണ്" എന്നുള്ളത് ".... രേഖകൾ പരിശോധിച്ച് യുക്തമായ തീരുമാനമെടുക്കേണ്ടതും തീരുമാനം ആറുമാസത്തിനകം അപ്പീൽ അപേക്ഷകനെ അറിയിക്കേണ്ടതുമാണ്" എന്ന് ഭേദഗതി വരുത്തണമെന്നും ഖണ്ഡിക 16(2)-ൽ "ബഡ്ജറ്റൽ വക കൊള്ളിച്ചിട്ടുള്ള ചെലവുകൾക്ക് .." എന്നത് "ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള ചെലവുകൾക്ക്" എന്ന് തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 720/2016 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലൂടെ സമിതി ശിപാർശ പ്രകാരമുള്ള തിരുത്തൽ വരുത്തി ജി.ഒ.പി(നം.) 104/2016/നി.വ. തീയതി 26.11.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. (അനുബന്ധം 4)

എസ്.ആർ.ഒ നമ്പർ 610/2016 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലൂടെ സമിതി ശിപാർശ പ്രകാരമുള്ള തിരുത്തൽ വരുത്തി ജി.ഒ.പി(നം.) 87/2016/നി.വ. തീയതി 27.09.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. (അനുബന്ധം 3)

(നികുതി വകുപ്പിന്റെ 16.06.2023 തീയതിയിലെ നം.ഇ 3/117/2016/Taxes കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 19.06.2023 -ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 17)**

ഖണ്ഡിക 17(2)-ൽ ചികിത്സാ ധനസഹായത്തിനായി ബോർഡ് അംഗീകരിക്കുന്ന ഗുരുതരസ്വഭാവമുള്ള അസുഖങ്ങൾ ഏതെല്ലാമെന്നതിന്റെ പട്ടിക പദ്ധതിക്കൊപ്പം ഉൾപ്പെടുത്താനും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 818/2019 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലൂടെ സമിതി ശിപാർശ പ്രകാരം ഗുരുതരസ്വഭാവമുള്ള അസുഖങ്ങളുടെ പട്ടിക ഉൾപ്പെടുത്തി ജി.ഒ.പി(നം.) 166/2019/നി.വ. തീയതി 05.11.2019 പ്രകാരം ഉത്തരവായിട്ടുണ്ട്. (അനുബന്ധം 5)

(നികുതി വകുപ്പിന്റെ 26.10.2022 തീയതിയിലെ നം.ഇ 3/117/2016/Taxes കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2022-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 18)**

ഖണ്ഡിക 17(4)-ൽ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ ചികിത്സ തുടങ്ങുന്നതിന് മുമ്പോ ചികിത്സ കഴിഞ്ഞ് ആറ് മാസത്തിനകമോ സമർപ്പിച്ചിരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതായും, എന്നാൽ ഖണ്ഡിക 17(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ അപേക്ഷ സമർപ്പിക്കാതിരിക്കുവാൻ മതിയായ കാരണം ഉണ്ടായിരുന്നു എന്ന് ബോർഡിന് ബോദ്ധ്യമാകുന്നപക്ഷം ആറുമാസത്തിൽ കവിയാതെയുള്ള കാലതാമസം ബോർഡിന് മാപ്പാക്കാവുന്നതാണ് എന്നും വ്യത്യസ്തരീതിയിൽ പറഞ്ഞിരിക്കുന്നതായും സമിതി കണ്ടെത്തി. ആയതിനാൽ, ഖണ്ഡിക 17(4)-ലെ ക്ലിപ്ത നിബന്ധനയിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന “ആറു മാസത്തിൽ കവിയാതെയുള്ള കാലതാമസം” എന്നുള്ളത് "ഒരു വർഷത്തിൽ കവിയാതെയുള്ള കാലതാമസം" എന്ന് തിരുത്തൽ വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 720/2016 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലൂടെ സമിതി ശിപാർശ അനുസരിച്ച് മാറ്റം വരുത്തി ജി.ഒ.പി(നം.) 104//2016/നി.വ. തീയതി 26.11.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. (അനുബന്ധം 4)

(നികുതി വകുപ്പിന്റെ 26.10.2022 തീയതിയിലെ നം.ഇ 3/117/2016/Taxes കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2022-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 19)**

ഖണ്ഡിക 18(1)-ൽ “തൊഴിൽ അവസാനിപ്പിച്ചതോ അല്ലെങ്കിൽ അനാരോഗ്യം കാരണമോ ജോലിയിൽ തുടരാൻ സാധിക്കാത്തതോ" എന്നുള്ളത് “തൊഴിൽ അവസാനിപ്പിച്ചതോ അല്ലെങ്കിൽ അനാരോഗ്യം കാരണം ജോലിയിൽ തുടരാൻ സാധിക്കാത്തതോ" എന്ന് വാക്യഘടനയിൽ മാറ്റം വരുത്തുവാനും ഖണ്ഡിക 21(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ “ഉണ്ടായിയിരുന്നു” എന്നത് “ഉണ്ടായിരുന്നു" എന്ന് തിരുത്തുവാനും സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 610/2016 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലൂടെ സമിതി ശിപാർശ അനുസരിച്ച് മാറ്റം വരുത്തി ജി.ഒ.പി(നം.) 87/2016/നി.വ. തീയതി 27.09.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. (അനുബന്ധം 3)
(നികുതി വകുപ്പിന്റെ 26.10.2022 തീയതിയിലെ നം.ഇ 3/117/2016/Taxes കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2022-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 20)**

ഖണ്ഡിക 21(4)-ൽ "പ്രസവം അഥവാ ഗർഭം അലസൽ ആറ് മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്" എന്ന് പറഞ്ഞിരിക്കുന്നതിനു താഴെ മൂന്നുമാസത്തിൽ കവിയാതെയുള്ള കാലതാമസം ബോർഡിന് മാപ്പാക്കാവുന്നതാണ് എന്നും പറഞ്ഞിരിക്കുന്നു എന്നു കണ്ടെത്തിയ സമിതി ആയതിന് വ്യക്തതവരുത്തി "ആറുമാസത്തിനകം അപേക്ഷ സമർപ്പിക്കുകയും ഒരു വർഷത്തിൽ കവിയാതെയുള്ള കാലതാമസം ബോർഡിന് മാപ്പാക്കാവുന്നതാണെന്നും" എന്ന രീതിയിൽ മാറ്റംവരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 1202/2023 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലൂടെ സമിതി ശിപാർശ പ്രകാരമുള്ള തിരുത്തൽവരുത്തി ജി.ഒ.പി(നം.)152/2023/നി.വ. തീയതി 15.11.2023 പ്രകാരം ഉത്തരവായിട്ടുണ്ട്. (അനുബന്ധം 6)

(നികുതി വകുപ്പിന്റെ 13.12.2023 തീയതിയിലെ നം.ഇ 3/117/2016/Taxes കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2023 -ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 21)**

ഖണ്ഡിക 25(1)-ൽ 'പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന അംഗമോ, പ്രത്യേക പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ ആശ്രിതർക്ക് അഥവാ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല' എന്ന വ്യവസ്ഥ ശരിയല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, 'പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന അംഗമോ പ്രത്യേക പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ ആശ്രിതർക്ക് അഥവാ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്' എന്ന രീതിയിൽ ഖണ്ഡിക 25(1) ഭേദഗതി വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 22)**

നിധിയുടെ ആനുകൂല്യങ്ങൾക്കുവേണ്ടി അപേക്ഷ സമർപ്പിക്കുന്നതിനും തീരുമാനം കൈക്കൊള്ളുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതി ഖണ്ഡിക 22-ൽ "സെക്രട്ടറി വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം താമസംവിനാ

കൈക്കൊള്ളേണ്ടതാണ്" എന്ന വ്യവസ്ഥയ്ക്ക് സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് 45 ദിവസത്തെ സമയപരിധി നിശ്ചയിക്കാമെന്ന് നികുതിവകുപ്പ് സെക്രട്ടറി അറിയിച്ചിരുന്നു. ആയതിനാൽ, പദ്ധതിയിലെ ഖണ്ഡിക 22 അപ്രകാരം ഭേദഗതി വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 23)**

ഫാറം നമ്പർ 14-ൽ തലക്കെട്ടിന് താഴെയുള്ള (ഖണ്ഡിക 25(2) കാണുക) എന്നുള്ളത് (ഖണ്ഡിക 25(3) കാണുക) എന്ന് തിരുത്തൽ വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 24)**

വിവാഹ ധനസഹായത്തിനും പ്രസവാനുകൂല്യത്തിനും അപേക്ഷിക്കേണ്ടത് ഫാറം നമ്പർ 11-ൽ മാത്രമായത് ആശയക്കുഴപ്പം സൃഷ്ടിക്കുമെന്നതിനാൽ ആയതിലേക്കായി പ്രത്യേകം പ്രത്യേകം ഫാറങ്ങൾ വയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 25)**

പ്രസവാനുകൂല്യത്തിനുള്ള അപേക്ഷയിൽ 14-ാം ഇനത്തിൽ കൂടുതലായി രേഖകൾ വേണമെന്നുള്ളതിനാൽ ഖണ്ഡിക 21(2)ൽ പറയുംപ്രകാരമുള്ള രേഖ എന്നതിനുപകരം പ്രത്യേകമായി രേഖകൾ ആവശ്യപ്പെടുന്നതിന് വ്യവസ്ഥ ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 26)**

ഫാറം നമ്പർ 1-ൽ 7-ാമത് ചോദ്യമായി വൈവാഹിക പദവി എന്നത് ചേർക്കുവാനും. കോളം 2-ൽ അവിവാഹിതൻ/വിവാഹിതൻ/അവിവാഹിത/വിവാഹിത/ വിധവ/വിഭാര്യൻ എന്ന് ചേർക്കുവാനും, ഫാറം നമ്പർ 5-ൽ കുറിപ്പ് 1-ൽ "അവസാന വരിസംഖ്യ, ആദ്യ രസീതിന്റെയും" എന്നതിനുപകരം "അവസാനം വരിസംഖ്യ അടച്ച രസീതിന്റെയും" എന്ന് തിരുത്തൽ വരുത്തുവാനും സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 27)**

ഖണ്ഡിക 11(1)-ൽ പറഞ്ഞിരിക്കുന്നതു പ്രകാരം ഫാറം നമ്പർ 1-ന്റെ കുറിപ്പ് 1-ൽ ഹാജരാക്കേണ്ട രേഖകൾക്കൊപ്പം "...... വയസ്സ് എന്നിവ തെളിയിക്കുന്നതിനുള്ള ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, 7 പാസ്പോർട്ട് സൈസ് ഫോട്ടോ, സബ്രജിസ്ട്രാറുടെ ശിപാർശക്കത്ത്, അപേക്ഷാഫീസ് ബന്ധപ്പെട്ട സബ്രജിസ്ട്രാർ ഓഫീസിൽ അടച്ചതിന്റെ രസീത്" എന്നിവ കൂടി ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 28)**

ഫാറം നമ്പർ 11-ലെ 14-ാം നമ്പർ ചോദ്യത്തിൽ പദ്ധതിയുടെ ഖണ്ഡിക 20(2), 21(2) എന്നിവയിൽ പറയും പ്രകാരമുള്ള രേഖകൾ ഹാജരാക്കിയിട്ടുണ്ടോ എന്ന് ചേർത്തിരിക്കുന്നത് ശരിയല്ല എന്ന് സമിതി നിരീക്ഷിച്ചു. അപേക്ഷകർ പദ്ധതി കാണാത്ത സാഹചര്യത്തിൽ ഖണ്ഡിക 20(2), 21(2) എന്നിവയിൽ പറഞ്ഞിരിക്കുന്ന രേഖകൾ

ഏതെല്ലാമെന്ന് അപേക്ഷാഫാറത്തിൽതന്നെ വ്യക്തമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 29)**

ഫാറം നമ്പർ 11 വിവാഹധനസഹായം, പ്രസവാനുകൂല്യം എന്നിവയ്ക്കുള്ള അപേക്ഷയായതിനാൽ അപേക്ഷാഫാറത്തിലെ സത്യപ്രസ്താവനയിൽ "അപേക്ഷകന്റെ ഒപ്പ്" എന്നത് "അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ്" എന്ന് തിരുത്തൽ വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 30)**

ഫാറം നമ്പർ 15-ന് തലക്കെട്ടില്ലാത്തതിനാൽ ആയതിന്റെ തലക്കെട്ട് വായ്പാ കരാർ" എന്ന് നൽകാൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 31)**

ഫാറം നമ്പർ 16-ൽ ഓഫീസ് ഉപയോഗത്തിന് എന്ന ഭാഗത്ത് 'വായ്പ അനുവദിച്ചിരിക്കുന്നു' എന്നു മാത്രമേയുള്ളൂ എന്ന് സമിതി കണ്ടെത്തി. വ്യക്തിഗത വായ്പയായി 5000 രൂപയോ അതിനു താഴെയുള്ള തുകയോ അനുവദിക്കാമെന്നിരിക്കെ മറ്റു ഫാറങ്ങളിൽ ഉള്ളതുപോലെ "അപേക്ഷകന് /അപേക്ഷകയ്ക്ക് ......രൂപ വ്യക്തിഗത വായ്പയായി അനുവദിച്ചിരിക്കുന്നു" എന്നും ഇടതുവശത്ത് സ്ഥലം, തീയതി എന്നിവയും ചേർത്ത് ഫാറം നമ്പർ 16 ഭേദഗതി ചെയ്യാനും ഫാറം നമ്പർ 17-ലെ കുറിപ്പിൽ അപേക്ഷയ്ക്കൊപ്പം ഹാജരാക്കേണ്ട രേഖകളിൽ ഖണ്ഡിക 29(7)-ൽ പറഞ്ഞിരിക്കുന്ന പ്രകാരം ലൊക്കേഷൻ സർട്ടിഫിക്കറ്റുകൂടി ഉൾപ്പെടുത്താനും ഫാറം നമ്പർ 16-ലെ കുറിപ്പിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ഫാറം നമ്പർ 17-ന്റെ കുറിപ്പിൽ വീടുവയ്ക്കുന്നതിന് അനുവദിച്ചിട്ടുള്ള വായ്പത്തുകയും വീട് പുതുക്കി പണിയുന്നതിന് അനുവദിച്ചിട്ടുള്ള വായ്പത്തുകയും അവയുടെ തിരിച്ചടവ് കാലയളവും പ്രത്യേകം പ്രത്യേകം ഉൾപ്പെടുത്തുവാനും സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 32)**

ഫാറം നമ്പർ 17-ന്റെ തലക്കെട്ട് "വീടുവയ്ക്കുന്നതിനോ പുതുക്കി പണിയുന്നതിനോ ഉള്ള അപേക്ഷ" എന്നുള്ളത് "വീട് വയ്ക്കുന്നതിനോ പുതുക്കി പണിയുന്നതിനോ ഉള്ള വായ്പയ്ക്കുള്ള അപേക്ഷ" എന്ന് തിരുത്തൽ വരുത്തുവാനും ഫാറം നമ്പർ 18-ന്റെ കുറിപ്പിലെ അവസാനത്തെ വരിയിൽ 'രജിസ്റ്ററിംഗ് അധികാരസ്ഥാപനത്തിന്റെ' എന്നുള്ളത് 'രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ' എന്നു തിരുത്തൽ വരുത്തുവാനും പദ്ധതിയുടെ വിശദീകരണകുറിപ്പിൽ '2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റ്' എന്നുള്ളത് '2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റ് ' എന്ന് തിരുത്തൽ വരുത്തുവാനും സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 33)**

പട്ടിക I-ൽ [ഖണ്ഡിക 17(3) കാണുക] എന്നും പട്ടിക II-ൽ |ഖണ്ഡിക 18(1) കാണുക] എന്നും പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഫാറങ്ങളിൽ കൊടുത്തിരിക്കുന്ന പ്രകാരം പട്ടിക I-ന്റെയും II-ന്റെയും തലക്കെട്ടായി "2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി" എന്ന് ചേർക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 34)**

ഖണ്ഡിക 29(4)-ൽ സൂചിപ്പിച്ചിരിക്കുന്ന രണ്ടാംഗഡു വായ്പയ്ക്ക് സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകുന്നതിനായി അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിന് പകരം ക്ഷേമനിധി ബോർഡിന്റെ സെക്രട്ടറി നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താനും ഫാറം നമ്പർ 19-ന്റെ കുറിപ്പിൽ അനുവദിക്കുന്ന പരമാവധി വായ്പത്തുക എത്രയെന്നതുകൂടി ഉൾപ്പെടുത്തുവാനും പ്രസ്തുത ഫാറത്തിന്റെ കുറിപ്പിൽ ഹാജരാക്കേണ്ട മേഖകളിൽ ഖണ്ഡിക 33(8)-ൽ പറഞ്ഞിരിക്കുന്ന അംഗത്വ സർട്ടിഫിക്കറ്റ്, വസ്തുവിന്റെ കരം അടച്ച രസീത്, അവസാനം വരിസംഖ്യ അടച്ച രസീത്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവകൂടി ഉൾപ്പെടുത്തുവാനും, അതേ ഫോറത്തിന്റെ കുറിപ്പിൽ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളിൽ 3-ാമത് പറഞ്ഞിരിക്കുന്ന "അപേക്ഷയിൽ പതിക്കുന്ന ഫോട്ടോയ്ക്ക് പുറമേ ....... ചെയ്യേണ്ടതാണ് " എന്നുള്ളത് "അപേക്ഷയിൽ പതിക്കുന്ന ഫോട്ടോയ്ക്ക് പുറമേ അംഗത്തിന്റെയും വിദ്യാർത്ഥിയുടെയും ഓരോ ഫോട്ടോ കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ് " എന്നും ഭേദഗതി വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി (ഖണ്ഡിക 21-34)**

എസ്.ആർ.ഒ. നമ്പർ 720/2016 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലൂടെ സമിതി ശിപാർശ കൂടി ഉൾപ്പെടുത്തി ജി.ഒ.പി(നം.) 104/2016/നി.വ. തീയതി 26.11.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. (അനുബന്ധം 4)

(ഖണ്ഡിക നം. 21-34 എന്നീ ശിപാർശകളിന്മേൽ നികുതി വകുപ്പിന്റെ 26.10.2022 തീയതിയിലെ നം.ഇ 3/117/2016/Taxes കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2022-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 35)**

ആധാരമെഴുത്തുകാരുടെ അംശദായം എത്രയാണെന്നും ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ എത്രയാണെന്നും ആരാഞ്ഞ സമിതിയോട് 100 രൂപയാണ് ആധാരമെഴുത്തുകാരുടെ അംശദായമെന്നും അതിൽ 10 ശതമാനം ഗവൺമെന്റിന്റെ കോൺട്രിബ്യൂഷനാണെന്നും എത്ര വലിയ തുകയ്ക്കുള്ള ആധാരം രജിസ്ട്രേഷനും 50 രൂപയുടെ സ്റ്റാമ്പാണ് വിൽക്കാറുള്ളതെന്നും നികുതിവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. വലിയ തുകയ്ക്കുള്ള ആധാരം രജിസ്ട്രേഷനും 50 രൂപയുടെ സ്റ്റാമ്പാണ് വിൽക്കാറുള്ളതെന്ന് നിരീക്ഷിച്ച സമിതി അതിൽ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണെന്നും വലിയ തുകയ്ക്കുള്ള ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ സ്റ്റാമ്പ് തുക സ്ലാബ് അടിസ്ഥാനത്തിൽ നിശ്ചയിച്ച് വർദ്ധിപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ. നമ്പർ 47/2018 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലൂടെ ജി.ഒ.പി. നമ്പർ 4/2018/നി.വ. തീയതി 22.01.2018 പ്രകാരം ക്ഷേമനിധി അംഗങ്ങളുടെ അംശാദായം 200/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. (അനുബന്ധം 7)

ക്ഷേമനിധി സ്റ്റാമ്പ് പതിക്കേണ്ട എല്ലാ ആധാരങ്ങൾക്കും 50/- രൂപയുടെ സ്റ്റാമ്പാണ് വിൽക്കാറുള്ളത് . വലിയ തുകയുള്ള ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ സ്റ്റാമ്പ് തുക സ്ലാബ് അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുന്നത് പൊതുജനങ്ങൾക്ക് ബാധ്യത വരുമെന്നുള്ളതിനാൽ ഇത് സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിനായി ടി വിഷയം ബഹു. രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ചെയർമാനായിട്ടുള്ള ക്ഷേമനിധി ബോർഡ് യോഗത്തിൽ സമർപ്പിക്കുന്നതാണ്. ക്ഷേമനിധി ബോർഡ് യോഗത്തിന്റെ തീരുമാനം താമസംവിനാ ബഹുമാനപ്പെട്ട സമിതിക്ക് സമർപ്പിക്കുന്നതാണ്.

(നികുതി വകുപ്പിന്റെ 13.12.2023 തീയതിയിലെ നം.ഇ 3/117/2016/Taxes കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2023 -ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 36)**

ഫാറം നമ്പർ 9-ന്റെ തലക്കെട്ടിൽ "സ്ഥിരമായ ശാരീരിക അവശതമൂലം ജോലി ചെയ്യാൻ കഴായാതിരുക്കുകയോ" എന്നത് ".......... ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ" എന്ന് തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 37)**

പെൻഷനെ സംബന്ധിക്കുന്ന ഖണ്ഡിക 23-ൽ അപേക്ഷയോടൊപ്പം ആധാരമെഴുത്ത് ലൈസൻസിന്റെയോ പകർപ്പെഴുത്ത് ലൈസൻസിന്റെയോ സ്റ്റാമ്പ് വെണ്ടർ ലൈസൻസിന്റെയോ അസ്സൽ ഹാജരാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ, പെൻഷനുള്ള അപേക്ഷയായ ഫാറം 12-ൽ 8-ാം ഇനമായി ജോലിയിൽനിന്നും വിരമിച്ച തീയതി എന്നതിന്റെ ബ്രാക്കറ്റിൽ തൊഴിൽ ചെയ്യുന്നതിനുള്ള ലൈസൻസ് ബന്ധപ്പെട്ട മേലധികാരിക്ക് തിരിച്ചേൽപ്പിച്ച തീയതി ചോദിച്ചിരിക്കുന്നു. ലൈസൻസ് തിരിച്ചേൽപ്പിച്ചിട്ടുണ്ടെങ്കിൽ എങ്ങനെയാണ് അപേക്ഷയോടൊപ്പം ലൈസൻസിന്റെ അസ്സൽ ഹാജരാക്കുന്നത് എന്ന് സമിതി ആരായുകയുണ്ടായി. ആയത് തെറ്റാണെന്നും ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നാണ് വേണ്ടതെന്നും നികുതിവകുപ്പ് സെക്രട്ടറി വ്യക്തമാക്കുകയുണ്ടായി. ആയതിനാൽ, ഫാറം 12-ലെ 'ലൈസൻസിന്റെ അസ്സൽ' എന്നതിനുപകരം 'ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്' എന്നാക്കി മാറ്റാൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി (ഖണ്ഡിക 36,37)**

എസ്.ആർ.ഒ. നമ്പർ 720/2016 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലൂടെ സമിതി ശിപാർശ പ്രകാരം ഭേദഗതി വരുത്തി ജി.ഒ.പി(നം.)104/2016/നി.വ. തീയതി 26.11.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. (അനുബന്ധം 4)

(നികുതി വകുപ്പിന്റെ 26.10.2022 തീയതിയിലെ നം.ഇ 3/117/2016/Taxes കത്ത് പ്രകാരം

ലഭ്യമാക്കിയ മറുപടി 20.12.2022-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 38)**

പെൻഷൻ നൽകുന്നതിനുള്ള നടപടിക്രമംകൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി (നികുതി വകുപ്പ്)**

എസ്.ആർ.ഒ. നമ്പർ 294/2013 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ജി.ഒ.പി.നം. 68/13/നി.വ. 09.04.2013 പ്രകാരം ഉത്തരവായിട്ടുള്ള 2013 ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിലെ അദ്ധ്യായം 7-ൽ പെൻഷൻ നൽകുന്നതിനുള്ള നടപടിക്രമം ഉൾപ്പെടുത്തിയിട്ടുണ്ട്.(അനുബന്ധം 8)

(നികുതി വകുപ്പിന്റെ 16.06.2023 തീയതിയിലെ നം.ഇ 3/117/2016/Taxes കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 19.06.2023 -ലെ സമിതി യോഗം അംഗീകരിച്ചു.)

**എസ്.ആർ.ഒ നമ്പർ 435/2013**

**ശിപാർശ (ഖണ്ഡിക 40)**

എസ്.ആർ.ഒ യുടെ വിശദീകരണക്കുറിപ്പിൽ "എന്നാൽ, അതിന്റെ പെതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്" എന്നത് "എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്" എന്ന് തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ വിജ്ഞാപനത്തിന്റെ വിശദീകരണക്കുറിപ്പിൽ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി ശിപാർശ ചെയ്ത തിരുത്തലുകൾ വരുത്തിക്കൊണ്ട് 22.09.2014-ലെ സ.ഉ(പി) 159/2014/നി.വ. (SRO No. 564/2014) പ്രകാരം തിരുത്തൽ വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം 9)

(നികുതി വകുപ്പിന്റെ 01/06/2015 തീയതിയിലെ നം.11636/ഇ 3/2014/നി.വ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30/06/2017-ലെ സമിതി യോഗം അംഗീകരിച്ചു.)

**2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ**

**സ.ഉ.(അച്ചടിച്ചത്) നമ്പർ 01/2008/നിയമം 29-2-2008**

**ശിപാർശ (ഖണ്ഡിക 43)**

ഫാറം 1-ലെ (സി) എന്ന ക്രമനമ്പരിലെ 'ജനനത്തീയതി' എന്നത് 'ജനന തീയതി' എന്ന് മാറ്റം വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 45)**

പേഴ്സണൽ ലോ അനുസരിച്ച് നടക്കുന്ന കൂടുതൽ വിവാഹങ്ങളുടെയും ചുമതല കാർമ്മികത്വം വഹിക്കുന്ന ആളിനുതന്നെയായിരിക്കുമെന്നും പക്ഷേ വിവാഹ രജിസ്ട്രാർ രജിസ്റ്ററിംഗ് അതോറിറ്റിയാണെന്നും സമിതി അനുമാനിക്കുന്നു. ആയതിനാൽ 'വിവാഹ ഓഫീസർ' എന്നുള്ളത് വ്യക്തത വരുത്തി നിർവ്വചനത്തിൽ ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 46)**

ചട്ടം 11(2) പ്രകാരം "തദ്ദേശ രജിസ്ട്രാറിന് വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരു മെമ്മോറാണ്ടം ശരിയായ ഫാറത്തിലോ ആവശ്യമായ ഫീസ് സഹിതമോ അല്ലെങ്കിൽ, എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ, നിരസിക്കാവുന്നതും അതിനുള്ള കാരണം അപ്രകാരം നിരസിച്ച തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ ബന്ധപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതുമാണ്." ആയതിൽ നിരസിച്ച തീയതി മെമ്മോറാണ്ടം തയ്യാറാക്കി നൽകുന്ന വ്യക്തികൾക്ക് അറിയില്ലാത്തതിനാലും അപേക്ഷ നിരസിക്കുന്നതിന് കാലയളവ് വ്യക്തമാക്കിയിട്ടില്ലാത്തതിനാലും ചട്ടം 11 (2) "തദ്ദേശ രജിസ്ട്രാറിന്, വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരു മെമ്മോറാണ്ടം ശരിയായ ഫാറത്തിലോ ആവശ്യമായ ഫീസ് സഹിതമോ അല്ലെങ്കിൽ, എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ നിരസിക്കാവുന്നതും അതിനുള്ള കാരണം മെമ്മോറാണ്ടം നൽകിയ തീയതി മുതൽ 30 ദിവസക്കാലയളവിനുള്ളിൽ ബന്ധപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതുമാണ്" എന്ന് തിരുത്തൽ വരുത്തുന്നതല്ലേ ഉചിതമെന്നും ഇപ്പോൾ നിരസിക്കുന്ന കാലം എത്ര വേണമെങ്കിലും നീട്ടിക്കൊണ്ടുപോകാൻ സാധിക്കുകയില്ലേയെന്നും സമിതി ആരാഞ്ഞതിന് Right to Services Act വന്നതിനുശേഷം അതിന് പ്രസക്തിയുണ്ടെന്നും സമയപരിധി നിശ്ചയിച്ച് ചട്ടം ഭേദഗതി ചെയ്യാമെന്നും നിയമവകുപ്പ് സെക്രട്ടറി ഉറപ്പു നൽകിയിരുന്നു. ആയതിനാൽ, ചട്ടം 11 (2) അപ്രകാരം തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 47)**

ചട്ടം 11(2) പ്രകാരം അപേക്ഷ നിരസിച്ചാൽ വിവാഹത്തിലേർപ്പെട്ട കക്ഷികൾക്ക് തന്റെ ഭാഗം വിശദീകരിക്കുന്നതിനുള്ള അവസരം കൊടുക്കണ്ടേയെന്ന സമിതിയുടെ ചോദ്യത്തിന് opportunity to being heard എന്ന രീതി കൊടുക്കേണ്ടതാണെന്നും പരിശോധിച്ച് ഉചിതമായ മാറ്റം വരുത്താമെന്നും നിയമവകുപ്പ് സെക്രട്ടറി അറിയിച്ചിരുന്നു. ആയതിനാൽ ചട്ടം 11(2) -ൽ അപേക്ഷ നിരസിക്കുന്നതിനുള്ള കാലയളവും അപേക്ഷ നിരസിച്ചാൽ വിവാഹത്തിലേർപ്പെട്ട കക്ഷികൾക്ക് തന്റെ ഭാഗം വിശദീകരിക്കുന്നതിനുള്ള അവസരവും ഉൾപ്പെടുത്തി ചട്ടം ഭേദഗതി വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി [ഖണ്ഡിക(43, 45, 46, 47)]**

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ശിപാർശയിന്മേൽ ഈ വകുപ്പ് 2018 ആഗസ്റ്റ് 14-ാം തീയതിയിൽ സ.ഉ. (അച്ചടിച്ചത്) നം. 11/2018/നിയമം നമ്പരായി കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ 2018 വിജ്ഞാപനം (മലയാളത്തിലും ഇംഗ്ലീഷിലും), 2018 ആഗസ്റ്റ് 16-ാം തീയതിയിലെ അസാധാരണ ഗസറ്റിൽ

2170-ാംനമ്പരായി പ്രസിദ്ധപ്പെടുത്തുകയും കൂടാതെ 2018 ആഗസ്റ്റ് 14-ാം തീയതിയിലെ സ.ഉ. (അച്ചടിച്ചത്) നം. 10/2018/നിയമം നമ്പരായി 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളുടെ തിരുത്തൽ വിജ്ഞാപനം, 2018 ആഗസ്റ്റ് 16-ാംതീയതിയിലെ അസാധാരണ ഗസറ്റിൽ 2169-ാം നമ്പരായി പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. (അനുബന്ധം 10)

(ഖണ്ഡിക 43, 45, 46, 47 എന്നീ ശിപാർശകളിന്മേൽ നിയമ (ഒപ്പീനിയൻ ഇ) വകുപ്പിന്റെ 22/03/2019-ലെ 8138/ഒപ്പീനിയൻ ഇ 2/2014/നിയമം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 17/07/2019-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 48)**

ചട്ടം 11 (3) "ഓരോ മാസവും ലഭിക്കുന്ന മെമ്മോറാണ്ടത്തിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പുകൾ അടുത്തമാസം 10-ാം തീയതിക്കുമുമ്പ് ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് തദ്ദേശ രജിസ്ട്രാർ അയച്ചുകൊടുക്കേണ്ടതാണ്." എന്ന് പറഞ്ഞിരിക്കുന്നതിനാൽ അപ്രകാരം ഓരോ മാസവും ലഭിക്കുന്ന മെമ്മോറാണ്ടത്തിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പുകൾ അടുത്ത മാസം 10-ാം തീയതിക്കുമുമ്പ് ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തണമെന്നും ആയത് സംബന്ധിച്ച നിർദ്ദേശങ്ങൾ/ഉത്തരവുകൾ നൽകിയിട്ടുണ്ടെങ്കിൽ അവയുടെ പകർപ്പുകൾ സമിതിക്ക് ലഭ്യമാക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

ഓരോ മാസവും ലഭിക്കുന്ന വിവാഹ രജിസ്ട്രേഷൻ മെമ്മോറാണ്ടത്തിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പുകൾ അടുത്തമാസം 10-ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് തദ്ദേശ രജിസ്ട്രാർ അയച്ചുകൊടുക്കേണ്ടതാണ്. തദ്ദേശ രജിസ്റ്റാർ സ്വീകരിക്കുന്ന അസ്സൽ മെമ്മോറാണ്ടവും ബന്ധപ്പെട്ട രജിസ്റ്റാർ ജനറലിന് തദ്ദേശ രജിസ്ട്രാർ അയച്ചുകൊടുക്കേണ്ടതാണ്. തദ്ദേശ രജിസ്ട്രാർ സ്വീകരിക്കുന്ന അസ്സൽ മെമ്മോറാണ്ടവും ബന്ധപ്പെട്ട രജിസ്റ്റാർ ജനറലിന് അയച്ചുകൊടുത്ത ഡ്യൂപ്ലിക്കേറ്റ് പകർപ്പുകളും സ്ഥിരം രേഖകളായി ഫയൽ ചെയ്യേണ്ടതാണെന്ന 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 11 (3) പ്രകാരമുള്ള വ്യവസ്ഥയാണ് പ്രസ്തുത ശിപാർശകളിലെ 48-ാമത്തെ പിരിവ് കൊണ്ട് സമിതി ഉദ്ദേശിച്ചിട്ടുള്ളത്.

തദ്ദേശ രജിസ്ട്രാർക്ക്, സ്വമേധയോ കക്ഷികൾ മുഖേനയുള്ള അപേക്ഷയിൻമേലോ, വിവാഹ (പൊതു) രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ്, രൂപത്തിലോ, സാരാംശത്തിലോ തെറ്റാണെന്നോ അഥവാ വ്യാജമായോ കൃത്യമല്ലാതെയോ ഉണ്ടാക്കിയതാണെന്നോ ബോദ്ധ്യപ്പെടുന്ന പക്ഷം (2)-ാം ഉപചട്ടത്തിലെ നിബന്ധനകൾക്കു വിധേയമായി രജിസ്ട്രേഷൻ റദ്ദു ചെയ്യൽ ഉൾപ്പെടെയുള്ള ഉചിതമായ തിരുത്തലുകൾ, അസ്സൽ ഉൾക്കുറിപ്പിന് യാതൊരു മാറ്റവും വരുത്താതെയും അത്തരം തിരുത്തലുകൾക്കുള്ള തെളിവ് വിവാഹ(പൊതു) രജിസ്റ്ററിന്റെ മാർജിനിൽ രേഖപ്പെടുത്തിക്കൊണ്ടും വരുത്താവുന്നതും മാർജിനിലെ ഉൾക്കുറിപ്പിൽ തിരുത്തലിന്റെയോ റദ്ദാക്കലിന്റെയോ തീയതി സഹിതം

രജിസ്ട്രാർ ഒപ്പ് വയ്ക്കേണ്ടതും തിരുത്തലുകളുടെ വിശദവിവരങ്ങൾ ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് അയച്ചു കൊടുക്കേണ്ടതുമാണെന്നാണ് 2008-ലെ കേരള വിവാഹ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 13(1) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്. മേൽ വ്യവസ്ഥയാണ് ടി ശിപാർശകളിലെ 50-ാമത്തെ പിരിവ് കൊണ്ട് സമിതി ഉദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാനത്ത് 1044 പൊതു വിവാഹ രജിസ്ട്രേഷൻ യൂണിറ്റുകൾ ഉണ്ട്. 2008-ലെ കേരള (പൊതു) വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് രേഖകളുടെ സൂക്ഷിക്കൽ ചിട്ടയോടുകൂടിയാണ് നടന്നിട്ടുള്ളതെന്ന് പറയാൻ വയ്യ. എന്നാൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സേവന സോഫ്റ്റ്‌വെയറിന്റെ സഹായത്താൽ രജിസ്ട്രേഷൻ ജോലികൾ ആരംഭിച്ചതോടെ സംസ്ഥാനത്തെ മിക്ക തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റുകളിലും ചിട്ടയോടെയും കൃത്യതയോടെയും സിവിൽ രജിസ്ട്രേഷൻ സംവിധാനം കാര്യക്ഷമമായി പ്രവർത്തനം ആരംഭിച്ചു. കൂടാതെ സർക്കാരിന്റെ 17.11.2012-ലെ 56467/ഐ.ബി./2012/തസ്വഭവ നമ്പർ കത്തിലൂടെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റുകളിലെയും ജനന-മരണ വിവാഹ രജിസ്ട്രേഷൻ മുൻകാല രേഖകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണം നടത്തി സമയബന്ധിതമായി പൊതുജനങ്ങൾക്ക് സേവനം നടത്തുന്നതിന് ടി കത്തിലൂടെ നിർദ്ദേശിച്ചിരുന്നു. തുടർന്നുള്ള വകുപ്പിലെ ജീവനക്കാരുടെയും, ഭരണ സമിതികളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ രജിസ്ട്രേഷൻ ജോലികൾ പേപ്പർ ഫോറ സമ്പ്രദായത്തിൽ നിന്ന് ഇലക്ട്രോണിക്ക് ഫോറ സമ്പ്രദായത്തിലേക്ക് മാറുകയും ചെയ്തതോടെ സംസ്ഥാനത്തെ തദ്ദേശ രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ സമയബന്ധിതമായി നിറവേറ്റിവരുന്നു.

മേൽ വിഷയം സംബന്ധിച്ച് 14 ജില്ലകളിലെ പൊതു വിവാഹ രജിസ്ട്രാർ ജനറൽമാർ സമർപ്പിച്ചിട്ടുള്ള സാക്ഷ്യപത്രങ്ങളുടെ പകർപ്പുകൾ സഹിതം സമിതിക്ക് സമർപ്പിക്കുന്നു. (അനുബന്ധം 11)

(ഖണ്ഡിക 48-ലെ ശിപാർശയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 13/06/2016-ലെ നം.222/ആർ.സി.3/2016/തസ്വഭവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 30/06/2017-ലെ സമിതി യോഗം അംഗീകരിച്ചു.)

**<u>ശിപാർശ (ഖണ്ഡിക 49)</u>**

ചട്ടം 11(3) പ്രകാരം "ഓരോ മാസവും ലഭിക്കുന്ന മെമ്മോറാണ്ടത്തിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പുകൾ അടുത്ത മാസം 10-ാം തീയതിക്കുമുമ്പ് ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്, തദ്ദേശ രജിസ്ട്രാർ അയച്ചുകൊടുക്കേണ്ടതാണ്. തദ്ദേശ രജിസ്ട്രാർ സ്വീകരിക്കുന്ന അസ്സൽ മെമ്മോറാണ്ടവും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിനു അയച്ചുകൊടുത്ത ഡ്യൂപ്ലിക്കേറ്റ് പകർപ്പുകളും സ്ഥിരം രേഖകളായി ഫയൽ ചെയ്യേണ്ടതാണ്" എന്നത് കൂടുതൽ വ്യക്തതവരുത്തി "ഓരോ മാസവും ലഭിക്കുന്ന മെമ്മോറാണ്ടത്തിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പുകൾ അടുത്ത മാസം 10-ാം തീയതിക്കുമുമ്പ് ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്, തദ്ദേശ രജിസ്ട്രാർ അയച്ചുകൊടുക്കേണ്ടതാണ്. തദ്ദേശ രജിസ്ട്രാർ സ്വീകരിക്കുന്ന അസ്സൽ മെമ്മോറാണ്ടവും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിനു അയച്ചുകൊടുത്ത ഡ്യൂപ്ലിക്കേറ്റ്

പകർപ്പുകളും സ്ഥിരം രേഖകളായി യഥാക്രമം തദ്ദേശ രജിസ്ട്രാറുടെ ഓഫീസിലും രജിസ്ട്രാർ ജനറലിന്റെ ഓഫീസിലും ഫയൽ ചെയ്യേണ്ടതാണ്." എന്നാക്കുന്നതല്ലേ ഉചിതമെന്ന് നിയമവകുപ്പ് പരിശോധിച്ച് സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ശിപാർശയിന്മേൽ ഈ വകുപ്പ് 2018 ആഗസ്റ്റ് 14-ാം തീയതിയിൽ സ.ഉ. (അച്ചടിച്ചത്) നം. 11/2018/നിയമം നമ്പരായി കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ 2018 വിജ്ഞാപനം (മലയാളത്തിലും ഇംഗ്ലീഷിലും), 2018 ആഗസ്റ്റ് 16-ാം തീയതിയിലെ അസാധാരണ ഗസറ്റിൽ 2170-ാംനമ്പരായി പ്രസിദ്ധപ്പെടുത്തുകയും കൂടാതെ 2018 ആഗസ്റ്റ് 14-ാം തീയതിയിലെ സ.ഉ. (അച്ചടിച്ചത്) നം. 10/2018/നിയമം നമ്പരായി 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളുടെ തിരുത്തൽ വിജ്ഞാപനം, 2018 ആഗസ്റ്റ് 16-ാംതീയതിയിലെ അസാധാരണ ഗസറ്റിൽ 2169-ാം നമ്പരായി പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. (അനുബന്ധം 10)

(നിയമ (ഒപ്പീനിയൻ ഇ) വകുപ്പിന്റെ 22/03/2019-ലെ 8138/ഒപ്പീനിയൻ ഇ 2/2014/നിയമം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 17/07/2019-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 50)**

ചട്ടം 13(1) പ്രകാരം ഉൾക്കുറിപ്പ് തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്ന സംഗതിയിൽ തിരുത്തൽ വരുത്തിയ ഉൾക്കുറിപ്പ് ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് തദ്ദേശ രജിസ്ട്രാർ അയച്ചുകൊടുക്കുന്നുണ്ടോയെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഓരോ മാസവും ലഭിക്കുന്ന വിവാഹ രജിസ്ട്രേഷൻ മെമ്മോറാണ്ടത്തിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പുകൾ അടുത്തമാസം 10-ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് തദ്ദേശ രജിസ്ട്രാർ അയച്ചുകൊടുക്കേണ്ടതാണ്. തദ്ദേശ രജിസ്റ്റാർ സ്വീകരിക്കുന്ന അസ്സൽ മെമ്മോറാണ്ടവും ബന്ധപ്പെട്ട രജിസ്റ്റാർ ജനറലിന് തദ്ദേശ രജിസ്ട്രാർ അയച്ചുകൊടുക്കേണ്ടതാണ്. തദ്ദേശ രജിസ്ട്രാർ സ്വീകരിക്കുന്ന അസ്സൽ മെമ്മോറാണ്ടവും ബന്ധപ്പെട്ട രജിസ്റ്റാർ ജനറലിന് അയച്ചുകൊടുത്ത ഡ്യൂപ്ലിക്കേറ്റ് പകർപ്പുകളും സ്ഥിരം രേഖകളായി ഫയൽ ചെയ്യേണ്ടതാണെന്ന 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 11 (3) പ്രകാരമുള്ള വ്യവസ്ഥയാണ് പ്രസ്തുത ശിപാർശകളിലെ 48-ാമത്തെ പിരിവ് കൊണ്ട് സമിതി ഉദ്ദേശിച്ചിട്ടുള്ളത്.

തദ്ദേശ രജിസ്ട്രാർക്ക്, സ്വമേധയോ കക്ഷികൾ മുഖേനയുള്ള അപേക്ഷയിൻമേലോ, വിവാഹ (പൊതു) രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ്, രൂപത്തിലോ, സാരാംശത്തിലോ തെറ്റാണെന്നോ അഥവാ വ്യാജമായോ കൃത്യമല്ലാതെയോ ഉണ്ടാക്കിയതാണെന്നോ ബോദ്ധ്യപ്പെടുന്ന പക്ഷം (2)-ാം ഉപചട്ടത്തിലെ നിബന്ധനകൾക്കു വിധേയമായി രജിസ്ട്രേഷൻ റദ്ദു ചെയ്യൽ ഉൾപ്പെടെയുള്ള ഉചിതമായ തിരുത്തലുകൾ, അസ്സൽ ഉൾക്കുറിപ്പിന് യാതൊരു മാറ്റവും വരുത്താതെയും അത്തരം തിരുത്തലുകൾക്കുള്ള തെളിവ്

വിവാഹ(പൊതു) രജിസ്റ്ററിന്റെ മാർജിനിൽ രേഖപ്പെടുത്തിക്കൊണ്ടും വരുത്താവുന്നതും മാർജിനിലെ ഉൾക്കുറിപ്പിൽ തിരുത്തലിന്റെയോ റദ്ദാക്കലിന്റെയോ തീയതി സഹിതം രജിസ്ട്രാർ ഒപ്പു വയ്ക്കേണ്ടതും തിരുത്തലുകളുടെ വിശദവിവരങ്ങൾ ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് അയച്ചു കൊടുക്കേണ്ടതുമാണെന്നാണ് 2008-ലെ കേരള വിവാഹ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 13(1) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്. മേൽ വ്യവസ്ഥയാണ് 50-ാമത്തെ പരിവ് കൊണ്ട് സമിതി ഉദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാനത്ത് 1044 പൊതു വിവാഹ രജിസ്ട്രേഷൻ യൂണിറ്റുകൾ ഉണ്ട്. 2008-ലെ കേരള (പൊതു) വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് രേഖകളുടെ സൂക്ഷിക്കൽ ചിട്ടയോടുകൂടിയാണ് നടന്നിട്ടുള്ളതെന്ന് പറയാൻ വയ്യ. എന്നാൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സേവന സോഫ്റ്റ്‌വെയറിന്റെ സഹായത്താൽ രജിസ്ട്രേഷൻ ജോലികൾ ആരംഭിച്ചതോടെ സംസ്ഥാനത്തെ മിക്ക തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റുകളിലും ചിട്ടയോടെയും കൃത്യതയോടെയും സിവിൽ രജിസ്ട്രേഷൻ സംവിധാനം കാര്യക്ഷമമായി പ്രവർത്തനം ആരംഭിച്ചു. കൂടാതെ സർക്കാരിന്റെ 17.11.2012-ലെ 56467/ഐ.ബി.2012/തസ്വഭവ നമ്പർ കത്തിലൂടെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റുകളിലെയും ജനന-മരണ വിവാഹ രജിസ്ട്രേഷൻ മുൻകാല രേഖകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണം നടത്തി സമയബന്ധിതമായി പൊതുജനങ്ങൾക്ക് സേവനം നടത്തുന്നതിന് ടി കത്തിലൂടെ നിർദ്ദേശിച്ചിരുന്നു. തുടർന്നുള്ള വകുപ്പിലെ ജീവനക്കാരുടെയും, ഭരണ സമിതികളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ രജിസ്ട്രേഷൻ ജോലികൾ പേപ്പർ ഫോറ സമ്പ്രദായത്തിൽ നിന്ന് ഇലക്ട്രോണിക്ക് ഫോറ സമ്പ്രദായത്തിലേക്ക് മാറുകയും ചെയ്തതോടെ സംസ്ഥാനത്തെ തദ്ദേശ രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ സമയബന്ധിതമായി നിറവേറ്റിവരുന്നു.

മേൽ വിഷയം സംബന്ധിച്ച 14 ജില്ലകളിലെ പൊതു വിവാഹ രജിസ്ട്രാർ ജനറൽമാർ സമർപ്പിച്ചിട്ടുള്ള സാക്ഷ്യപത്രങ്ങളുടെ പകർപ്പുകൾ സഹിതം സമിതിക്ക് സമർപ്പിക്കുന്നു. (അനുബന്ധം 11)

(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 13/06/2016-ലെ 222/ആർ.സി.3/2016/തസ്വഭവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 30/06/2017-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 51)**

ഫാറം 1-ലെ കക്ഷികളുടെ പ്രഖ്യാപനത്തിൽ "കക്ഷികളുടെ ഒപ്പ്" എന്നത് "കക്ഷികളുടെ പേരും ഒപ്പും" എന്ന് മാറ്റംവരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 52)**

ഫാറം 1-ൽ "ഓഫീസ് ആവശ്യത്തിന്" എന്ന തലക്കെട്ടിനു ശേഷം "....... തീയതിയിൽ / തപാൽ വഴി/നേരിട്ട് ലഭിച്ചു" എന്നത് " മെമ്മോറാണ്ടം ............തീയതിയിൽ/തപാൽവഴി / നേരിട്ട് ലഭിച്ചു" എന്ന് മാറ്റം വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 53)**

ഫാറം II-ൽ സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സീലുംകൂടി ഉൾപ്പെടുത്താൻ സമിതി

ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 54)**

ഫാറം III-ൽ (ചട്ടം 8 കാണുക) എന്നതിനുപകരം ചട്ടം 8, 11(1) കാണുക എന്നും ഫാറം III-ൽ (എഫ്) ക്രമനമ്പരിൽ "വിവാഹബന്ധം വേർപ്പെടുത്തിയ ആൾ" എന്നത് "വിവാഹബന്ധം വേർപെടുത്തിയ ആൾ" എന്നും തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 55)**

ഫാറം നമ്പർ III-ൽ (എഫ്) ക്രമനമ്പറിനുമുമ്പായി *ചേർക്കുകയും ആയതിനു വിശദീകരണമായി പട്ടികയുടെ ചുവടെ "ബാധകമാകുന്നതിന് (√) അടയാളം ഇടേണ്ടതാണ് " എന്നു കൂടി ചേർക്കുന്നതല്ലേ ഉചിതമെന്ന് സമിതി ആരാഞ്ഞതിന് വിവാഹിതൻ/അവിവാഹിതൻ/ വിവാഹബന്ധം വേർപെടുത്തിയ ആൾ എന്ന് എഴുതുന്നതാണ് ഉചിതമെന്നും പരിശോധിച്ച് മറുപടി നൽകാമെന്നും നിയമവകുപ്പ് സെക്രട്ടറി അറിയിച്ചിരുന്നു. ആയതിനാൽ ഫാറം നമ്പർ III-ൽ (എഫ്) ക്രമനമ്പറിനുമുമ്പായി സൂചിപ്പിച്ചിരിക്കുന്ന തിരുത്തലുകൾ പരിശോധിച്ച് ഉചിതമായ മാറ്റം ഭേദഗതി വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി (ഖണ്ഡിക 51-55)**

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ശിപാർശയിന്മേൽ ഈ വകുപ്പ് 2018 ആഗസ്റ്റ് 14-ാം തീയതിയിൽ സ.ഉ. (അച്ചടിച്ചത്) നം. 11/2018/നിയമം നമ്പരായി കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ 2018 വിജ്ഞാപനം (മലയാളത്തിലും ഇംഗ്ലീഷിലും), 2018 ആഗസ്റ്റ് 16-ാം തീയതിയിലെ അസാധാരണ ഗസറ്റിൽ 2170-ാംനമ്പരായി പ്രസിദ്ധപ്പെടുത്തുകയും കൂടാതെ 2018 ആഗസ്റ്റ് 14-ാം തീയതിയിലെ സ.ഉ. (അച്ചടിച്ചത്) നം. 10/2018/നിയമം നമ്പരായി 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളുടെ തിരുത്തൽ വിജ്ഞാപനം, 2018 ആഗസ്റ്റ് 16-ാംതീയതിയിലെ അസാധാരണ ഗസറ്റിൽ 2169-ാം നമ്പരായി പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. (അനുബന്ധം 10)

(ഖണ്ഡിക 51 മുതൽ 55 വരെയുള്ള ശിപാർശകളിന്മേൽ നിയമ (ഒപ്പീനിയൻ ഇ) വകുപ്പിന്റെ 22/03/2019-ലെ നം.8138/ഒപ്പീനിയൻ ഇ 2/2014/നിയമം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 17/07/2019-ലെ സമിതി യോഗം അംഗീകരിച്ചു)

**ശിപാർശ (ഖണ്ഡിക 56)**

രജിസ്ട്രേഷൻ വകുപ്പിൽ നിന്നും 2012 ഡിസംബർ 14-ാം തീയതി ഇറക്കിയ വിജ്ഞാപനത്തിൽ "സേവനാവകാശ നിയമം അനുസരിച്ച് രജിസ്ട്രേഷൻ വകുപ്പിൽ സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളും കാലപരിധിയും" എന്ന തലക്കെട്ടിൽ "വിവാഹ സാക്ഷ്യപത്രം" സേവനങ്ങളുടെ കൂടെ

കൊടുത്തിട്ടില്ലാത്തതിന് വിശദീകരണം നൽകാൻ രജിസ്ട്രേഷൻ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

1872-ലെ പഴയ സ്പെഷ്യൽ മാര്യേജ് ആക്ട് സെക്ഷൻ 13-ൽ വിവാഹ സാക്ഷ്യപത്രം നിശ്ചിത ഫീസടയ്ക്കുന്ന മുറയ്ക്ക് കക്ഷികൾക്ക് വിവാഹ രജിസ്ട്രാർ നൽകണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്ട് സെക്ഷൻ 13-ലും ആയത് വിവരിക്കുന്നുണ്ട്. എന്നാൽ വിവാഹ സാക്ഷ്യപത്രം നല്കുക എന്നത് ഒരു പ്രത്യേക സേവനമായി കണക്കാക്കാതെ വിവാഹ രജിസ്ട്രേഷൻ എന്ന സേവനത്തിൽ വിവാഹ സാക്ഷ്യപത്രവും ഉൾപ്പെടെയാണ് സേവനം നൽകുന്നത് എന്ന് വിവക്ഷിച്ചിരിക്കുന്നതു കൊണ്ടാണ് "വിവാഹ സാക്ഷ്യപത്രം" സേവനങ്ങളുടെ കൂടെ പ്രത്യേകമായി ഉൾപ്പെടുത്താതിരുന്നത്.

(നികുതി വകുപ്പിന്റെ 15/05/2015 തീയതിയിൽ നം.2199/ഇ 3/2015/നി.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 30/06/2017-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 57)**

ചട്ടം 7-ന്റെ തലക്കെട്ട് "അധികാരിത" എന്നത് "അധികാരപരിധി" എന്ന് മാറ്റം വരുത്തേണ്ടതല്ലേയെന്ന് സമിതി ആരാഞ്ഞതിന് ആക്ടിന്റെ ഒറിജിനൽ ഇംഗ്ലീഷിലാണെന്നും അതിന്റെ തർജ്ജമയായിട്ടാണ് മലയാളം ഇറക്കിയിട്ടുള്ളതെന്നും ഇംഗ്ലീഷിൽ ജൂറിസ്ഡിക്ഷൻ എന്ന് പറഞ്ഞിരിക്കുന്നത് ശരിയാണെന്നും അതുകൊണ്ട് തിരുത്തൽ വിജ്ഞാപനമായി പ്രസിദ്ധീകരിച്ചാൽ മതിയാകുമെന്നും നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചിരുന്നു. ആയതിനാൽ, ചട്ടം 7-ന്റെ തലക്കെട്ട് "അധികാരിത" എന്നത് “അധികാരപരിധി" എന്ന് മാറ്റംവരുത്താനും ചട്ടങ്ങളിൽ വിശദീകരണക്കുറിപ്പുകൂടി ഉൾപ്പെടുത്താനും സമിതി ശിപാർശ ചെയ്യുന്നു.

**2009-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ**

**സ.ഉ. (അച്ചടിച്ചത്) നമ്പർ 16/2009/നിയമം തീയതി 25-06-2009**

**ശിപാർശ (ഖണ്ഡിക 58)**

ചട്ടം 4 ഫാറം 1-ലെ 3-ാം ഉൾക്കുറിപ്പിനു താഴെ, "ചട്ടം 4 (സി) (എഫ്) ഇനത്തിനെതിരെയുള്ള *ചിഹ്നം വിട്ടുകളയേണ്ടതാണ് " എന്നതും "ചട്ടം (4) (ii) പട്ടികയ്ക്ക് താഴെ ബാധകമാക്കുന്നതിന് (√) അടയാളം ഇടേണ്ടതാണ് എന്ന വാക്കുകളും ചിഹ്നവും ബ്രാക്കറ്റുകളും വിട്ടുകളയേണ്ടതാണ്." എന്നതും ഫാറം 1-ൽ അത്യാവശ്യമായ ഒരു ഘടകമായതിനാൽ ഈ ഭേദഗതി ഒന്നുകൂടി പരിശോധിക്കാൻ സമിതി ആവശ്യപ്പെട്ടതിന് ഭേദഗതി പരിശോധിച്ചശേഷം അറിയിക്കാമെന്ന് നിയമവകുപ്പ് സെക്രട്ടറി അറിയിച്ചിരുന്നു. ആയതിനാൽ, ഫാറം 1-ലുള്ള ഭേദഗതി പരിശോധിച്ച് ഉചിതമായ മാറ്റം വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

## 2010-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ

## സ.ഉ. (അച്ചടിച്ചത്) നമ്പർ 2/2010/നിയമം തീയതി 25-02-2010

### ശിപാർശ (ഖണ്ഡിക 60)

9-ാം ചട്ടത്തിലെ ഭേദഗതിയിൽ (IV) (3)-ന ശേഷം 2-ാമത്തെ ക്ലിപ്തനിബന്ധനയിൽ "ഭാര്യാ ഭർത്താക്കന്മാരിലൊരാൾ മരണപ്പെട്ടുപോയിട്ടുള്ള സംഗതിയിൽ ജീവിച്ചിരിക്കുന്നയാൾ വിവാഹത്തിന് സാക്ഷ്യം വഹിച്ച രണ്ടാളുടെ ഒപ്പുസഹിതം ഒരു മെമ്മോറാണ്ടം, വിവാഹം നടന്നുവെന്ന് തെളിയിക്കുന്നതിനുള്ള മതിയായ രേഖകൾ സഹിതം തദ്ദേശ രജിസ്ട്രാർ മുമ്പാകെ ഹാജരാക്കുന്നപക്ഷം അദ്ദേഹം വിവാഹം രജിസ്റ്റർ ചെയ്തു നൽകേണ്ടതാണ് " എന്നതിൽ "ഭാര്യാഭർത്താക്കന്മാരിലൊരാൾ മരണപ്പെട്ടുപോയിട്ടുള്ള സംഗതിയിൽ ജീവിച്ചിരിക്കുന്നയാൾ വിവാഹത്തിന് സാക്ഷ്യം വഹിച്ച രണ്ടാളുടെ ഒപ്പുസഹിതം ഒരു മെമ്മോറാണ്ടം (ഡ്യൂപ്ലിക്കേറ്റ് സഹിതം തയ്യാറാക്കേണ്ടതും), വിവാഹം നടന്നുവെന്ന് തെളിയിക്കുന്നതിനുള്ള മതിയായ രേഖകൾ സഹിതം തദ്ദേശ രജിസ്ട്രാർ മുമ്പാകെ ഹാജരാക്കുന്നപക്ഷം അദ്ദേഹം വിവാഹം രജിസ്റ്റർ ചെയ്തു നൽകേണ്ടതാണ് " എന്ന് മാറ്റംവരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 61)

ചട്ടം 11(1)-നുള്ള ഭേദഗതിയിൽ മെമ്മോറാണ്ടവും രജിസ്റ്റർ ചെയ്യുന്നതിനുള്ള നിശ്ചിത ഫീസും ലഭിക്കുന്നതിന്മേൽ മെമ്മോറാണ്ടം സമർപ്പിച്ച തീയതി മുതൽ ഒരാഴ്ച കാലയളവിനുള്ളിൽ വിവാഹം രജിസ്റ്റർ ചെയ്യേണ്ടതും അല്ലെങ്കിൽ അപ്രകാരം വിവാഹം രജിസ്റ്റർ ചെയ്യത്തക്കതല്ലായെന്ന് കാണുന്നപക്ഷം ആയത് III-ാം നമ്പർ ഫാറത്തിലുള്ള വിവാഹ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും വിവാഹം രജിസ്റ്റർ ചെയ്യാതിരുന്നതിനുള്ള കാരണം വിവാഹത്തിൽ ഏർപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതുമാണ്." ആയതിൽ എത്ര ദിവസത്തിനകം അറിയിച്ചിരിക്കണം എന്ന ഒരു സമയപരിധി കൂടി നിശ്ചയിച്ച് ചട്ടം 11(1) ഭേദഗതി വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

## 2012-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ

## സ.ഉ. (അച്ചടിച്ചത്) നമ്പർ 13/2012/നിയമം തീയതി 14-09-2012

### ശിപാർശ (ഖണ്ഡിക 64)

2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിൽ ചട്ടം 1, ഉപചട്ടം (2) ആയി "ഈ ചട്ടങ്ങൾക്ക് കേരള സംസ്ഥാനത്തൊട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ് " എന്നുൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2012-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങളിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിജ്ഞാപനത്തിൽ ചട്ടം 1(2) ആയി മുകളിൽ പറഞ്ഞവകൂടി ഉൾപ്പെടുത്താനും നിലവിലുള്ള ചട്ടം 1(2) എന്നത് പുനഃക്രമീകരിച്ച് ചട്ടം 1(3) എന്നാക്കാനും സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 65)

ഫാറം IV- ൽ ചട്ടം 11(1) കാണുക എന്നത് ചട്ടം 11(1), 14 എന്നിവ കാണുക എന്ന് ഭേദഗതി വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി (ഖണ്ഡിക 57, 58, 60, 61, 64, 65)**

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ശിപാർശയിന്മേൽ ഈ വകുപ്പ് 2018 ആഗസ്റ്റ് 14-ാം തീയതിയിൽ സ.ഉ. (അച്ചടിച്ചത്) നം. 11/2018/നിയമം നമ്പരായി കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ 2018 വിജ്ഞാപനം (മലയാളത്തിലും ഇംഗ്ലീഷിലും), 2018 ആഗസ്റ്റ് 16-ാം തീയതിയിലെ അസാധാരണ ഗസറ്റിൽ 2170-ാംനമ്പരായി പ്രസിദ്ധപ്പെടുത്തുകയും കൂടാതെ 2018 ആഗസ്റ്റ് 14-ാം തീയതിയിലെ സ.ഉ. (അച്ചടിച്ചത്) നം. 10/2018/നിയമം നമ്പരായി 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളുടെ തിരുത്തൽ വിജ്ഞാപനം, 2018 ആഗസ്റ്റ് 16-ാംതീയതിയിലെ അസാധാരണ ഗസറ്റിൽ 2169-ാം നമ്പരായി പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. (അനുബന്ധം 10)

(ഖണ്ഡിക 57, 58, 60, 61, 64, 65 എന്നീ ശിപാർശകളിന്മേൽ നിയമ (ഒപ്പീനിയൻ ഇ) വകുപ്പിന്റെ 22/03/2019-ലെ നം.8138/ഒപ്പീനിയൻ ഇ 2/2014/നിയമം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 17/07/2019-ലെ സമിതി യോഗം അംഗീകരിച്ചു)

## The Kerala Government Land Assignment Rules, 1964

## S.R.O No. 59/2009

**ശിപാർശ (ഖണ്ഡിക 67)**

The Committee noticed that in the preamble of the S.R.O. the name of the Act is wrongly mentioned as 'The Kerala Land Assignment Act, 1960', instead of 'The Kerala Government Land Assignment Act, 1960'. The Committee has time and again mentioned in various reports that the name of Act should invariably be mentioned correctly in the S.R.Os. Hence the Committee recommends to rectify this error by issuing an erratum notification in this regard.

**സ്വീകരിച്ച നടപടി**

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ 20-ാമത് റിപ്പോർട്ടിലെ ശിപാർശയിൽ G.O(P)59/09/RD തീയതി 24.01.2009-ൽ Kerala Government Land Assignment Act 1960 എന്നതിനു പകരം Kerala Land Assignment Act 1960 എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തി വിജ്ഞാപനം പുറപ്പെടുവിക്കണമെന്നതാണ് സമിതിയുടെ ശിപാർശ. ഭൂമി പതിച്ചുനൽകുന്നതിനുള്ള വരുമാന പരിധി നിശ്ചയിച്ചു കൊണ്ട് Kerala Land Assignment Rules 1964-ൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ചിട്ടുള്ളതാണ് പ്രസ്തുത വിജ്ഞാപനം. ഇതിൽ നിശ്ചയിച്ച പരിധി ഉയർത്തി 28.10.2014 ൽ G.O(P)No.450/14/RD (SRO No.655/14)ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഭേദഗതി വിജ്ഞാപനത്തിൽ Kerala Government Land Assignment Rules, 1964 എന്നു തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഇനിയൊരു ഭേദഗതിയുടെ ആവശ്യം നിലനിൽക്കുന്നില്ല. മേൽ കാരണങ്ങൾ മുൻനിർത്തി

ഈ ശിപാർശയിൻമേലുള്ള തുടർനടപടി അവസാനിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു. (അനുബന്ധം 12)

(റവന്യൂ വകുപ്പിന്റെ 20/12/2019 തീയതിയിൽ REV-P1/306/2019-REV നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 12/02/21 -ലെ സമിതി യോഗം അംഗീകരിച്ചു.)

**എസ് .ആർ .ഒ നമ്പർ 17/2009**

**ശിപാർശ (ഖണ്ഡിക 69)**

In the schedule of the S.R.O., the Committee noticed that the members representing under each item as mentioned in 6A (3) of the rules have not mentioned separately under each head namely Member representing Parliament, Member of the Legislative Assembly representing the Municipality/Corporation, Member representing political parties having representation in Kerala Legislative Assembly, Chairman of the Municipal Council and the Mayor of the Corporation and the Councillors of the wards in which the land is situated, Member belonging to Scheduled Caste/Scheduled Tribe, Tahsildar of the concerned Taluk, Special Tahsildar of the Taluk and the Revenue Divisional Officer/the District Collector. The Committee recommends that, in future, while issuing notifications constituting Land Assignment Committees, Member representing each item in 6A (3) of the rules should be mentioned under separate headings.

**സ്വീകരിച്ച നടപടി**

ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ടവയായതിനാൽ ഭേദഗതി വരുത്താൻ നിർവ്വാഹമില്ലെന്നും ഇവയിലുള്ള നടപടികൾ അവസാനിപ്പിക്കണമെന്നും അപേക്ഷിക്കുന്നു.

(റവന്യൂ വകുപ്പിന്റെ 20/12/2019 തീയതിയിൽ REV-P1/306/2019-REV നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 12/02/21 -ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 70)**

While scrutinizing the S.R.O., the Committee noticed that as per 3(1) of 6A of the rules, representation from all the political parties who have representatives in the Legislative Assembly have not been given representation in the Land Assignment Committee. Out of 13 political parties who have representatives in the Kerala Legislative Assembly, only 8 members were included in the Land Assignment Committee. Hence the Committee recommends that steps shall be taken to ensure that Members representing each of the political parties who have representatives in the Kerala Legislative Assembly be given due representation in Land Assignment Committee in future.

**സ്വീകരിച്ച നടപടി**

ബഹു.കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികളെ ഭൂമി പതിവ് കമ്മിറ്റികളിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടികൾ

സ്വീകരിക്കണമെന്നാണ് ബഹു. സമിതി ആവശ്യപ്പെട്ടിട്ടുള്ളത്. നിലവിൽ, കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികളെ ഭൂമി പതിവ് കമ്മിറ്റികളിൽ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിക്കുന്നത്.

(റവന്യൂ വകുപ്പിന്റെ 20/12/2019 തീയതിയിൽ REV-P1/306/2019-REV നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 12/02/21 -ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 71)**

It is stated in sub-rule (11) of 6A of the Rules that, the Committee shall meet as and when required, but not later than 3 months from the previous meeting. The Committee enquired whether meetings are held within 3 months as stipulated in the rule. But the officers from the Revenue Department had not been able to give a satisfactory reply and assured that the statement regarding the details will be furnished before the Committee after enquiry. The Committee wants the Government to take steps to ensure that the meetings of the Land Assignment Committees are held as stipulated in Rule 6A (11). The Committee also needs to be furnished with the statement regarding the directions issued to the District Collectors in this regard.

**സ്വീകരിച്ച നടപടി**

ഖണ്ഡിക 70,71 എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന്, ലാൻഡ് റവന്യൂ കമ്മീഷണർ, എല്ലാ ജില്ലാ കളക്ടർമാർക്കും, നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം 13)

(റവന്യൂ വകുപ്പിന്റെ 30/06/2023 തീയതിയിൽ REV-P1/306/2019-REV നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 03/07/23 -ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 72)**

As per Rule 13, the land to be assigned shall be surveyed and the boundaries demarcated. The assignee shall be liable to remit survey and demarcation charges at the rates prescribed by Government from time to time. The Committee wants the Government to furnish with the details regarding the survey and demarcation charges prescribed by the Government during the last three years. The Committee also recommends that the Government should take necessary steps to refix the rates from time to time.

**സ്വീകരിച്ച നടപടി**

31.03.2018 വരെ സർവ്വേ ചാർജ്ജ് ഒരു സബ് ഡിവിഷന് 225/- രൂപ ആയിരുന്നത്, 17.03.2018-ലെ സ.ഉ(അച്ചടി)നം.44/2018/ധന. പ്രകാരം നികുതിയേതര വരുമാനം-സേവന നിരക്കുകൾ 51% വർദ്ധിപ്പിക്കാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, 01.04.2018 മുതൽ സർവ്വെ ചാർജ്ജ് 240/ രൂപയായി

ഉയർത്തിയിട്ടുണ്ടായിരുന്നു. തുടർന്ന് 08.03.2019 ലെ സ.ഉ (അച്ചടി) നം.28/2019/ധന നമ്പർ സർക്കാർ ഉത്തരവു പ്രകാരം സേവന നിരക്കുകൾ 5% വർദ്ധിപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 01.04.2019 മുതൽ 255/- രൂപ ആയി സർവ്വെ ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുള്ളതാണ്. നിലവിൽ സർവ്വെ ചാർജ്ജ് ഒരു സബ്ഡിവിഷന് 255/ രൂപയാകുന്നു. കോവിഡ് പശ്ചാത്തലത്തിൽ 2020-ൽ നികുതിയേതര ഇനങ്ങളുടെ ചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ലാത്തതുമാണ് (17.03.2018-ലെ സ.ഉ(അച്ചടി)നം.44/2018/ധന, 08.03.2019-ലെ സ.ഉ (അച്ചടി) നം.28/2019/ധന എന്നിവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുള്ളതാണ്)

ഇപ്രകാരം, കാലാകാലങ്ങളിൽ മിതമായ നിരക്കിൽ സർവ്വെ ചാർജ്ജ് വർദ്ധിപ്പിക്കുന്ന വിഷയം, സർക്കാർ പരിശോധിച്ചു വരുന്നതാണ്. (അനുബന്ധം. 14)

(റവന്യൂ വകുപ്പിന്റെ 30/06/2023 തീയതിയിൽ REV-P1/306/2019-REV നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 03/07/23 -ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 73)**

The Committee noticed that as per 6A 3(vi), Special Tahsildar for assignment of the Taluk which included the Muncipal area is not included in the Land Assignment Committee for the Kalpetta Muncipality. The Committee wants to know whether a Special Tahsildar for assignment had been posted in the Kalpetta Muncipality at the time of issuing the S.R.O

**എസ് .ആർ .ഒ നമ്പർ 18/2009**

**ശിപാർശ (ഖണ്ഡിക 75)**

The Committee observed that even though Shri M. P. Veerendrakumar, Member of Parliament ceased to be a Member of Parliament and new member sworn in his place, new S.R.O. has not been issued replacing the newly elected member. The Committee is of the opinion that if a member ceases to hold a place, he should invariably be replaced by the new member and S.R.O. be issued accordingly in future.

**ശിപാർശ (ഖണ്ഡിക 76)**

The Committee also noticed that in Sl. No. 11 of item V of Schedule A and in Sl. No. 4 of item V of Schedule B, full address of the Member has not been incorporated in the S.R.O. The Committee recommends that in future the full address of the members representing political parties shall be included in the S.R.Os.

**ശിപാർശ (ഖണ്ഡിക 77)**

The Committee also observed that in the explanatory note of the S.R.O., the word 'Taluk Land Assignment Committee' has been wrongly mentioned as 'Taluk Assignment Committee'. The Committee wants to rectify the mistake by issuing an erratum notification and urges the Government to pay more attentions to avoid such mistakes while issuing S.R.Os.

**സ്വീകരിച്ച നടപടി (ഖണ്ഡിക 73,75,76,77)**

ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ടവയായതിനാൽ ഭേദഗതി വരുത്താൻ നിർവാഹമില്ലെന്നും ഇവയിലുള്ള നടപടികൾ അവസാനിപ്പിക്കണമെന്നും അപേക്ഷിക്കുന്നു.

(ഖണ്ഡിക 73, 75, 76, 77 വരെയുള്ള ശിപാർശകളിന്മേൽ റവന്യൂ വകുപ്പിന്റെ 20/12/2019 തീയതിയിൽ REV-P1/306/2019-REV നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 12/02/21 -ലെ സമിതി യോഗം അംഗീകരിച്ചു.)

**എസ് .ആർ .ഒ നമ്പർ 283/2007**

**ശിപാർശ (ഖണ്ഡിക 79)**

The Committee observed that the explanatory note of this S.R.O. lacks clarity. It is mentioned in the explanatory note that the rates of the fee for registration and licensing etc., of fishing vessels were not revised after 1980. But the next sentence reads as follows:; "Now, Government after a period of 5 years, have decided to revise the rates prescribed in the year 2001." The Committee asked the Department how a rate can be prescribed in 2001 if the existing rates were not revised since 1980. The Department, then clarified that the rates were revised in 2001 vide S.R.O. No. 1146/2001. The Committee takes strong exception to the lackadaisical attitude on the part of the officials while drafting the statutory instruments and recommends that the explanatory note should contain the necessary details. The Committee reiterates its earlier recommendation that S.R.O. be drafted with due diligence and utmost care and urges Government to issue instructions in this regard.

**സ്വീകരിച്ച നടപടി**

സർക്കാർ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുമ്പോൾ സമിതി നിർദ്ദേശിച്ച പ്രകാരം വിശദീകരണക്കുറിപ്പിൽ ആവശ്യമായ വിശദാംശങ്ങൾ ഉൾക്കൊള്ളിക്കുന്നതാണ്.

(മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ 16/11/2015-ലെ 12419/ബി 3/15/മതുവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 23/12/2015 -ലെ സമിതി യോഗം അംഗീകരിച്ചു)

**ശിപാർശ (ഖണ്ഡിക 80)**

As per the Rules, the Table regarding fees and security deposit comes under 'rule 5(2)' which is given as 'rule 5' in the S.R.O. The Committee urges the Government to pay more attention while issuing S.R.Os in future and suggests to be specific while mentioning the rules which need amendment. The Committee recommends to correct the above mistake by issuing an erratum notification.

**സ്വീകരിച്ച നടപടി**

22.08.15 ലെ സ.ഉ(അച്ചടി) 46/15/മതുവ നമ്പർ ഉത്തരവ് (എസ്.ആർ.ഒ. നം.555/2015) പ്രകാരം സമിതിയുടെ ശിപാർശയനുസരിച്ച് എസ്.ആർ.ഒ. നം.283/2007 ൽ മാറ്റം വരുത്തി തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം

ചെയ്യുന്നു.) (അനുബന്ധം 15)

(മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ 16/11/2015-ലെ 12419/ബി 3/15/മതുവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 23/12/2015 -ലെ സമിതി യോഗം അംഗീകരിച്ചു)

**എസ്.ആർ.ഒ നമ്പർ 517/2007**

**ശിപാർശ (ഖണ്ഡിക 82)**

Explanatory part of the S.R.O. cites clause (d) of sub-section (1) of section 4 of the Kerala Marine Fishing Regulation Act, 1980 as the enabling provision. The Committee noticed that “clause(d)” is omitted in the operative part of the S.R.O. The Committee is of the opinion that the enabling provision has to be so specific in the operative part. The Committee urges the Government to specify the enabling provision correctly both in the operative and explanatory part of the S.R.Os in future.

**സ്വീകരിച്ച നടപടി**

സമിതി നിർദ്ദേശിച്ചപ്രകാരം ഭാവിയിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുമ്പോൾ വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതാണ്.

(മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ 16/11/2015-ലെ 12419/ബി 3/15/മതുവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 23/12/2015 -ലെ സമിതി യോഗം അംഗീകരിച്ചു)

**ശിപാർശ (ഖണ്ഡിക 83)**

The Committee noticed that while clause(c) of sub-section(2) of section 4 of Act reads “the need to maintain law and order in the sea”, the word ‘sea’ in the Act is substituted with the word ‘offshore’ in the S.R.O. The Committee asked clarification for using the word offshore without defining it either in the rules or in the Act. The department explained that offshore meant distance up to 22 nautical miles and the word defined in the Act specifies a distance of up to 12 nautical miles as territorial waters and after the verdict of the Supreme Court the words offshore and sea are being used in S.R.Os and department gave assurance to the Committee that in future, while issuing the S.R.O. the matter will be taken into consideration. The Committee opines that while using the word 'offshore', it shall be referred in the S.R.O. after giving proper definition.

**ശിപാർശ (ഖണ്ഡിക 84)**

The Committee also observed that the explanatory note of the S.R.O. is drafted carelessly. The usual practice of summing up the explanatory part is like “Government, after considering all the aspects relating the matter,..........”. But In the S.R.O., after the summing up paragraph of the explanatory part, another objective of the notification is explained. The Committee deprecates the manner in which the explanatory part is drafted and urges Government to take utmost care in future while issuing statutory notification.

**സ്വീകരിച്ച നടപടി (ഖണ്ഡിക 83, 84)**

മേലിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും മുമ്പുണ്ടായ തെറ്റ് മാപ്പാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

(ഖണ്ഡിക 83, 84 എന്നീ ശിപാർശകളിന്മേൽ മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ 16/11/2015-ലെ 12419/ബി 3/15/മതുവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 23/12/2015 -ലെ സമിതി യോഗം അംഗീകരിച്ചു)

**SRO Nos: 227/2008, 726/2010, 1139/2010**

**ശിപാർശ (ഖണ്ഡിക 86)**

The Committee observes that the word "Kattuvalli" is wrongly spelt as "Kattuvally" and "Workers ' " is given as Workers in the name of the Act and Board mentioned in these S.R.Os. The Committee takes strong exception to repetition of such mistakes in statutory notifications. Therefore the Committee suggests to avoid these types of mistakes in future.

**സ്വീകരിച്ച നടപടി**

മേലിൽ ഇത്തരം പിശകുകൾ ആവർത്തിക്കുകയില്ല.

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 21/04/2021-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 10/09/21-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**ശിപാർശ (ഖണ്ഡിക 87)**

The Committee notices that present Act, Scheme and Rules are published in Malayalam but S.R.O. is published in English. Hence the Committee recommends that all S.R.Os published in English should be published in Malayalam also.

**സ്വീകരിച്ച നടപടി**

നിലവിൽ വിജ്ഞാപനങ്ങൾ മലയാളത്തിലും കൂടി പ്രസിദ്ധീകരിക്കുന്നുണ്ട്.

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 21/04/2021-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 10/09/21-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**ശിപാർശ (ഖണ്ഡിക 88)**

In S.R.O. No. 1139/2010, the Committee noticed that no Chairman is seen appointed during the period from 29.09.2010 to 05.12.2010. Since former Chairman resigned on 29.09.2010. The Committee also observed that he was reappointed as Chairman through this S.R.O. after a gap of more than 2 months and the post was vacant for that period. The Committee criticises the way of handling such matters and opines that it is not proper to leave the post vacant without valid reason and recommends to handle such situations properly, in future.

**സ്വീകരിച്ച നടപടി**

ഭാവിയിൽ ഇത്തരത്തിൽ വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 21/04/2021-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 10/09/21-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

**SRO No:1100/2009**

**ശിപാർശ (ഖണ്ഡിക 91)**

The Committee finds that only 7 Directors were appointed as per this S.R.O. Hence the Committee recommends that all 15 Directors should be included in the Board and one-third representation given to each group.

**സ്വീകരിച്ച നടപടി**

മേലിൽ ഡയറക്ടർ ബോർഡ് നിയമനങ്ങൾ നടത്തുമ്പോൾ ശ്രദ്ധിക്കുന്നതാണ്.

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 21/04/2021-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 10/09/21-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**ശിപാർശ (ഖണ്ഡിക 92)**

As per sub-section (5) of section 6 of the Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund act, the Government shall publish the names of the Chairman and Directors of the Board in the Gazette. The Committee finds that name of the Director under item No. 2 and 3 of the heading III is not given in this S.R.O. Therefore the Committee recommends the Labour Department to publish the names of Directors and Chairman of the Board in the Gazette and reason for replacement of Directors need be mentioned in the explanatory note. The Committee suggests that the explanatory note should invariably contain all the relevant details so as to make it self-contained.

**സ്വീകരിച്ച നടപടി**

ഭാവിയിൽ ഇത്തരത്തിൽ വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 21/04/2021-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 10/09/21-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**ശിപാർശ (ഖണ്ഡിക 93)**

The Committee recommends correcting the words "Kattuvally" and "Januaray"mentioned in the S.R.O as "Kattuvalli"and "January".

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 445/2022 മുഖേന തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.(അനുബന്ധം. 16)

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 12/05/2022-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 20/12/22-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**SRO No: 580/2011**

**ശിപാർശ (ഖണ്ഡിക 95)**

The Committee notices that this S.R.O. is issued in exercise of the powers conferred by sub-section (4) of section 6 of the Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund Act, 1998. Section 6(4) of the Act provides for the appointment of Chairman and Section 6(3) provides for the appointment of Directors. Hence the Committee recommends to correct "in exercise of ..... sub-section (4) of section 6 of the the Kerala Bamboo....1998" as "in exercise of ..... sub-sections (3) and (4) of section 6 of the Kerala Bamboo...1998".

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 446/2022 മുഖേന തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം. 17)

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 12/05/2022-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 20/12/22-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**ശിപാർശ (ഖണ്ഡിക 96)**

The Committee points out that the name of Board and Act mentioned in the preamble and explanatory part of S.R.O 580/2011 is incorrect. Hence the Committee recommends to correct the name of the Act and Board as "The Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund Act" and "The Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund Board" respectively.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 446/2022 മുഖേന തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം. 17)

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 12/05/2022-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 20/12/22-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**The Kerala Beedi And Cigar Workers' Welfare Board**

**S.R.O. Nos: 123/2008, 770/2010, 946/2009, 706/2010, 1186/2010, 735/2011**

**ശിപാർശ (ഖണ്ഡിക 98)**

The Committee points out that the name of Board and Act mentioned in the preamble and explanatory part is incorrect. The Committee has time and again mentioned in its various reports that the name of the Act and the Board should be mentioned correctly. The Committee criticises the careless manner on the part of officials while drafting statutory instruments. Hence the Committee recommends to correct the name of the Act and Board as "The Kerala Beedi and Cigar Workers'

Welfare Fund Act" and "The Kerala Beedi and Cigar Workers' Welfare Fund Board" respectively. The Committee takes strong exception to repetition of such mistakes in Statutory notifications and also recommends that the Government take steps to avoid such instances in future".

**സ്വീകരിച്ച നടപടി**

459/2022 (അനുബന്ധം. 18), 448/2022 (അനുബന്ധം. 19), 450/2022 (അനുബന്ധം. 20), 451/2022 (അനുബന്ധം. 21), 453/2022 (അനുബന്ധം. 22), 454/2022 (അനുബന്ധം. 23) എന്നീ എസ്.ആർ.ഒ.കൾ മുഖേന തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 12/05/2022-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 20/12/22-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**ശിപാർശ (ഖണ്ഡിക 99)**

In S.R.O. Nos. 123/2008, 706/2010, 1186/2010, 735/2011 The Committee observed that all S.R.Os. are issued in exercise of the powers conferred by Section 7 of the Kerala Beedi and Cigar Workers' Welfare Fund Act 1995. Appointment of directors is dealt with Section 7(3) and Section 7 deals with the Constitution of the Board. Even though section 7 contains the sub-section dealing with appointment of directors, the Committee is of the opinion that it is not a good practice to mention the section vaguely. Hence the Committee recommends that the section of the Act mentioning the appointment of directors to be specific and urges the Government to view the matter seriously.

**സ്വീകരിച്ച നടപടി**

ഭാവിയിൽ ഇത്തരത്തിൽ വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.
(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 21/04/2021-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 10/09/21-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**S.R.O. No: 946/2009**

**ശിപാർശ (ഖണ്ഡിക 100)**

The Committee recommends that the word 'act' written in the 1st line of page No.4 may be corrected as 'Act'.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 450/2022 മുഖേന തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം. 20)
(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 12/05/2022-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 20/12/22-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**ശിപാർശ (ഖണ്ഡിക 101)**

According to 7(5) of the Kerala Beedi and Cigar Workers' Welfare Fund Act, 1995, the Government shall publish in the Gazette the names of the Chairman and Directors of the Board. The Committee notices that only designation is given in Serial No. 4 under the heading Members Representing the Government in the Schedule. Hence, the Committee recommends the Labour Department to publish the names of Directors and Chairman of the Board in the Gazette and also to mention reason for replacement of Directors in the explanatory note. The Committee suggests that the explanatory note should invariably contain all the relevant details so as to make the same self-contained.

**സ്വീകരിച്ച നടപടി**

ഭാവിയിൽ ഇത്തരത്തിൽ വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 21/04/2021-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 10/09/21-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**ശിപാർശ (ഖണ്ഡിക 102)**

In S.R.O. No. 1186/2010 , The Committee recommends that the word 'respresenting' may be corrected as 'representing'.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 453/2022 മുഖേന തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം. 22)

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 12/05/2022-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 20/12/22-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**S.R.O. No: 769/2008**

**ശിപാർശ (ഖണ്ഡിക 104)**

The Committee notices that in the 1st para of S.R.O.it is stated that "in exercise of the powers conferred by sub-section (1) of section 3 of the Kerala Beedi and Cigar Workers' Welfare Fund Act, 1995, the Government of Kerala ............". Actually formation of scheme is stated in sub-section (1) of Section 3 of the Kerala Beedi and Cigar Workers' Welfare Fund Act and amendment of the scheme is mentioned in sub-section (1) of section 6. Hence the Committee recommends that "in exercise of the powers conferred by sub- section (1) of section 3 of the Kerala Beedi and Cigar Workers' Welfare Fund Act, 1995, the Government of Kerala........" may be corrected as "in exercise of the powers conferred by Sub-section (1) of section 6 of the Kerala Beedi and Cigar Workers' Welfare Fund Act, 1995, the Government of Kerala......."

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 455/2022 മുഖേന തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം. 24)

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 12/05/2022-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 20/12/22-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**ശിപാർശ (ഖണ്ഡിക 105)**

The Committee also recommends to correct the word 'parmanent' as 'permanent' in the S.R.O 769/2008.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 455/2022 മുഖേന തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം. 24)

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 12/05/2022-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 20/12/22-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**SRO No: 1172/2008, 372/2009, 148/2010**

**ശിപാർശ (ഖണ്ഡിക 107)**

The Committee recommends that the word 'Workers' written in the Amendment of the Scheme and in the explanatory note may be corrected as ""Workers ' ".

**സ്വീകരിച്ച നടപടി**

456/2022 (അനുബന്ധം. 25), 457/2022 (അനുബന്ധം. 26) എന്നീ എസ്.ആർ.ഒ.കൾ മുഖേന തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 12/05/2022-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 20/12/22-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**ശിപാർശ (ഖണ്ഡിക 108)**

In S.R.O. No. 1172/2008, the Committee finds that the proviso part of the amendment of the scheme lacks a Comma after the word application which is necessary. Hence the Committee wants to correct "Provided that the Board may, on application restore his membership if he pays ....." as "Provided that the Board may, on application, restore his membership if he pays......".

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 456/2022 മുഖേന തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം. 25)

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 12/05/2022-ലെ ഡി1/17/2021/തൊഴിൽ നമ്പർ

കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 20/12/22-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**ശിപാർശ (ഖണ്ഡിക 109)**

In S.R.O. No. 148/2010, the Committee notices that amendment of the Scheme contains only one proviso. So the Committee recommends to correct "after the existing provisos, the following proviso shall be added" as " after the existing proviso, the following proviso shall be added".

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ നമ്പർ 458/2022 മുഖേന തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം. 27)

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 12/05/2022-ലെ ഡി1/17/2021/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 20/12/22-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**SRO NO: 278/2011**

**ശിപാർശ (ഖണ്ഡിക 111)**

The Committee observes that the conditions for enquiry on applications for issue of certificate have been laid down in Rule 6. But in rule 7(2) pertaining to the Register to be maintained by the Registrar that includes the name of Trade Unions certified and recommended for recognition by the employee in Form C, it is wrongly stated that the Registrar has to satisfy on the enquiry of the application held under rule 5. The committee notices that rule 5 deals with the procedure for submitting the application for certificate for recognition of Trade Union to the Registrar and does not pertain to the conditions of enquiry on application.

**ശിപാർശ (ഖണ്ഡിക 112)**

Therefore, the Committee suggests to correct the relevant portion of Rule 7(2), "the Registrar is satisfied on the enquiry of the application held under rule 5" as "the Registrar is satisfied on the enquiry of the application held under rule 6".

**ശിപാർശ (ഖണ്ഡിക 113)**

The Committee recommends to correct the notation "Rs" in item No. 8 of form A as " ₹ ".

**ശിപാർശ (ഖണ്ഡിക 114)**

Section 4 of the rule deals with the Powers of the Registrar. The Committee notices that in Form B, a notice to be issued to the Trade Union or Unions/Employer directing to submit necessary documents for inspection/ verification by the Registrar before granting certificate for recognition to Trade Union, it is wrongly stated that "an enquiry envisaged under Section 4 of the Act". But the enquiry referred in this context is envisaged under section 5 of the Act and not under section 4 of the Act. Hence the

Committee recommends to correct "an enquiry envisaged under section 4 read with sub-rule (1) of rule 6" as "an enquiry envisaged under section 5 read with sub-rule (1) of rule 6" in Form B. The Committee also recommends to correct the words "appellate authority" mentioned in part I of the instructions in Form E, i.e.. the Appeal Memorandum as "Appellate Authority".

**ശിപാർശ (ഖണ്ഡിക 115)**

The Committee recommends to correct "Sole bargaining agent/ Principal bargaining agent/constituent of the Joint bargaining council" mentioned in para No. 1 for 'Form F' as "sole bargaining agent/principal bargaining agent/constituent of the joint bargaining council".

**സ്വീകരിച്ച നടപടി(ഖണ്ഡിക 111-115)**

Corrected as per notification no. G.O.(P) No. 121/2015/LBR dated 03.09.2015. (അനുബന്ധം. 28)

(ഖണ്ഡിക 111 മുതൽ 115 വരെയുള്ള ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും വകുപ്പിന്റെ 21/11/2015-ലെ 8641 /ഇ 3/2014/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 30/06/2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു )

**ശിപാർശ (ഖണ്ഡിക 116)**

The Committee enquired whether any recognised Trade Union submit such returns to the Registrar on such dates and in such manner as prescribed in section 11 of the Act. The Labour Commissioner replied that the functions based on the act has been started recently, just before six months and almost six institutions have conducted referendums so far. The Committee requires to be furnished with statement regarding the annual returns submitted to the Registrar as per Section 11 of the Act and Rule 39 of Kerala Recognition of Trade Union Rules.

**സ്വീകരിച്ച നടപടി**

The statement regarding the annual returns submitted to the Registrar as per Section 11 of the Act and Rule 39 of Kerala Recognition Trade Union Rules is enclosed as annexure. (അനുബന്ധം. 29)

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 04/03/2016-ലെ 8641 /ഇ 3/2014/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 30/06/2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു)

**ശിപാർശ (ഖണ്ഡിക 118)**

Section 17 of the rule states that a Trade Union can present a nomination after submitting application for recognition remitting ₹1000 under the head of account maintained for this purpose. But there is no other provision in the act to reject the nomination of a Trade Union which has not submitted application for recognition and

remitted fee of ₹1000. So the Competant Authority has to face many difficulties in implementing this rule properly. Hence the Committee recommends to include a clause in the rule, which clarifies that while scrutinising nominations, it must be ascertained whether the Trade Union has submitted application for recognition and remitted an amount of ₹1000 based on rule 17.

**സ്വീകരിച്ച നടപടി**

The clause has been included as per notification No. Go(P) No.121/2015/LBR dated 03.09.2015 (അനുബന്ധം. 28)

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 21/11/2015-ലെ 8641 /ഇ 3/2014/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 30/06/2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു)

**ശിപാർശ (ഖണ്ഡിക 119)**

The Committee enquired the Labour Department about the percentage of votes to be secured by a Trade Union to get recognition. The Labour Commissioner replied that a Trade Union in Industrial Establishment has to secure 10% votes and a Trade Union in a class of Industry has to secure 15% votes for getting recognition. The Committee directs the Labour Department to submit a proposal before the Government, pointing out the above difficulties in implementing the provisions in the above said Rules and Act, also make suggestions to rectify the mistakes occurred while compiling the Rules and Act.

**സ്വീകരിച്ച നടപടി**

As per section 5(5) of the Kerala Recognition of Trade Unions Act, 2010, for getting recognition, a trade union in an Industrial establishment has to secure not less than 15% of the votes and a trade union in a class of Industry has to secure not less than 10% of the vote. Hence the Labour Commissioner has not furnished any proposal before Government.

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 21/11/2015-ലെ 8641 /ഇ 3/2014/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 30/06/2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

**S.R.O. No: 197/2012**

**ശിപാർശ (ഖണ്ഡിക 121)**

The Committee recommends to correct the word "appellate authority" mentioned wherever in the S.R.O. and its explanatory note as "Appellate Authority".

**സ്വീകരിച്ച നടപടി**

Corrected as per notification No. G.O (P) No. 122/2015/LBR dated 03.09.2015. (അനുബന്ധം. 30)

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ 21/11/2015-ലെ 8641 /ഇ 3/2014/തൊഴിൽ നമ്പർ

കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 30/06/2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു)

## S.R.O. No: 340/2008

### ശിപാർശ (ഖണ്ഡിക 122)

2007-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധതൊഴിലാളികളുടെയും ക്ഷേമ സെസ്സ് ആക്ടിലെ 5-ാംവകുപ്പ് പ്രകാരം അസസ്സിംഗ് ഓഫീസർമാരെ നിയമിച്ചുകൊണ്ടുള്ളതാണ് പ്രസ്തുത എസ്.ആർ.ഒ. എസ്.ആർ.ഒ.യുടെ വിശദീകരണക്കുറിപ്പ് ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിക്കുവാൻ ഉണ്ടായ കാരണമെന്തെന്ന് സമിതി നിയമ വകുപ്പ് ഉദ്യോഗസ്ഥരോട് ആരായുകയുണ്ടായി. വിശദീകരണക്കുറിപ്പോടു കൂടിയാണ് പ്രസ്തുത എസ്.ആർ .ഒ നിയമ വകുപ്പിൽ നിന്നും ഭരണ വകുപ്പിലേക്ക് നല്കിയതെന്നും എന്നാൽ പ്രസിദ്ധീകരിച്ചപ്പോൾ വിശദീകരണക്കുറിപ്പില്ലാതെ പോയെന്നും വിശദീകരണക്കുറിപ്പ് കൂടി ചേർക്കേണ്ടതാണെന്നും നിയമ വകുപ്പ് ഉദ്യോഗസ്ഥർ മറുപടി നൽകുകയുണ്ടായി. വിശദീകരണക്കുറിപ്പ് ഉൾപ്പെടുത്താതിരുന്നതിനുള്ള കാരണം വ്യക്തമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി പല അവസരങ്ങളിലും ഈ കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇത് വളരെ ഗൗരവപൂർവ്വംതന്നെ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്നും ഭാവിയിൽ എസ്.ആർ.ഒ. പ്രസിദ്ധീകരിക്കുമ്പോൾ വിശദീകരണക്കുറിപ്പ് ഉൾപ്പെടുത്തുന്നതിൽ വീഴ്ച വരാതെ ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് ഏകദേശം 7 വർഷങ്ങൾ കഴിഞ്ഞതിനാൽ ഈ അപാകത ഉണ്ടായതിനുള്ള കാരണം വ്യകതമല്ല. ഭാവിയിൽ എസ്.ആർ.ഒ. പ്രസിദ്ധീകരിക്കുമ്പോൾ വിശദീകരണക്കുറിപ്പ് ഉൾപ്പെടുത്തുന്നതിൽ വീഴ്ച വരാതെ ശ്രദ്ധിക്കുമെന്നും മുമ്പുണ്ടായ തെറ്റ് മാപ്പാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

(മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ 16/11/2015-ലെ 12419/ബി 3/15/മതുവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 23/12/2015 -ലെ സമിതി യോഗം അംഗീകരിച്ചു)

## S.R.O. No: 968/2008

### ശിപാർശ (ഖണ്ഡിക 124)

എസ്.ആർ.ഒ.യിലെ ചട്ടം 1-ലും ചട്ടം 2-ലും 2008-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് (ഭേദഗതി) ചട്ടങ്ങൾ' എന്നത് '2008-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമസെസ്സ് (ഭേദഗതി) ചട്ടങ്ങൾ' എന്ന് തിരുത്തൽ വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2008-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് (ഭേദഗതി) ചട്ടങ്ങൾ എന്നത് തന്നെയാണ് ശരിയായ പ്രയോഗം.

എന്തെന്നാൽ ഒറിജിനൽ റൂൾസിന്റെ പേര്, "2007 ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ചട്ടങ്ങൾ എന്നായതിനാൽ 2007-ലെ ആക്ടിലും 2007-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ആക്ട് എന്നാണ് ഉപയോഗിച്ചിരിക്കുന്നത്, "ക്ഷേമസെസ്സ് എന്നല്ല" ആയതിനാൽ കമ്മിറ്റി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രസ്തുത ഭേദഗതി ആവശ്യമുള്ളതായി കാണുന്നില്ല.

(മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ 16/11/2015-ലെ 12419/ബി 3/15/മതുവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 23/12/2015 -ലെ സമിതി യോഗം അംഗീകരിച്ചു)

**<u>ശിപാർശ (ഖണ്ഡിക 125)</u>**

എസ്.ആർ.ഒ.-യിലെ ഫാറം നമ്പർ 1. എ-യിലും ഫാറം നമ്പർ 1 ബി-യിലും സ്ഥലം/ജില്ലാ ഓഫീസ് എന്നിവ ഉൾപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

22.08.2015 ലെ സ.ഉ (അച്ചടി) 47/15/മതുവ. നമ്പർ ഉത്തരവ് (എസ്.ആർ.ഒ. നം. 556/2015) പ്രകാരം സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മാറ്റം വരുത്തി തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) (അനുബന്ധം. 31)

(മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ 16/11/2015-ലെ 12419/ബി 3/15/മതുവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 23/12/2015 -ലെ സമിതി യോഗം അംഗീകരിച്ചു)

എം. എം. മണി,

തിരുവനന്തപുരം,
2024

ചെയർമാൻ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2015 മാർച്ച് 6<br>6th March 2015<br>1190 കുംഭം 22<br>22nd Kumbham 1190<br>1936 ഫാൽഗുനം 15<br>15th Phalguna 1936 | നമ്പർ<br>No. 483 |

## കേരള സർക്കാർ

നികുതി (ഇ) വകുപ്പ്

### തിരുത്തൽ വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 30/2015/നി.വ. *തിരുവനന്തപുരം, 2015 മാർച്ച് 6 / 1190 കുംഭം 22.*

**എസ്. ആർ. ഒ. നമ്പർ 111/2015.**—2013 ഏപ്രിൽ 9-ാം തീയതിയിലെ ജി. ഒ. (പി) 67/2013/നിവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും, 2013 ഏപ്രിൽ 10-ാം തീയതിയിലെ 1039-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 293/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ചട്ടങ്ങളിൽ,—

(എ) പീഠികയിൽ, ആദ്യവരിയിൽ, "2013-ലെ" എന്നത് "2012-ലെ" എന്ന് വായിക്കേണ്ടതാണ്;

(ബി) 2-ാം ചട്ടത്തിൽ, (1)-ാം ഉപചട്ടത്തിലെ (ബി) ഖണ്ഡത്തിൽ "ആയിരക്കുന്നതാണ്" എന്നത് "ആയിരിക്കുന്നതാണ്" എന്ന് വായിക്കേണ്ടതാണ്.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.
33/864/2015/S-21.

വിജ്ഞാപനത്തിനോടൊപ്പം ചേർത്തിട്ടുള്ള വിശദീകരണക്കുറിപ്പിൽ രണ്ടാം ഖണ്ഡികയിലെ ആദ്യവരിയിൽ "2013-ലെ" എന്നത് "2012-ലെ" എന്ന് വായിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ഡബ്ല്യു. ആർ. റെഡ്ഡി,
*പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 ഏപ്രിൽ 9-ാം തീയതിയിലെ ജി. ഒ. (പി) 67/2013/നിവ. നമ്പർ ഉത്തരവിൻകീഴിൽ പുറപ്പെടുവിച്ചതും, 2013 ഏപ്രിൽ 10-ാം തീയതിയിലെ 1039-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 293/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ പീഠികയിലെ ആദ്യവരിയിലും വിജ്ഞാപനത്തിനോടൊപ്പം ചേർത്തിട്ടുള്ള വിശദീകരണക്കുറിപ്പിന്റെ രണ്ടാം ഖണ്ഡികയിലെ ആദ്യവരിയിലും "2012-ലെ" എന്നത് "2013-ലെ" എന്നും 2-ാം ചട്ടത്തിലെ (1)-ാം ഉപചട്ടത്തിന്റെ (ബി) ഖണ്ഡത്തിൽ "ആയിരിക്കുന്നതാണ്" എന്നത് "ആയിരക്കുന്നതാണ്" എന്നും തെറ്റായി രേഖപ്പെടുത്തുകയുണ്ടായി. കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14)-യുടെ, 12-11-2013-ന് ചേർന്ന യോഗത്തിന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം ഇത് സംബന്ധിച്ച് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4 / Vol. IV | തിരുവനന്തപുരം, തിങ്കൾ / Thiruvananthapuram, Monday | 2015 ഡിസംബർ 7 / 7th December 2015 / 1191 വൃശ്ചികം 21 / 21st Vrischikam 1191 / 1937 അഗ്രഹായനം 16 / 16th Agrahayana 1937 | നമ്പർ / No. 2737 |

## കേരള സർക്കാർ

നികുതി (ഇ) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 216/2015/നി.വ. *തിരുവനന്തപുരം, 2015 ഡിസംബർ 5 / 1191 വൃശ്ചികം 19.*

**എസ്. ആർ. ഒ. നമ്പർ 832/2015.**—2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013-ലെ 7) 29-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2013 ഏപ്രിൽ 9-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 67/2013/നി.വ. പ്രകാരം പുറപ്പെടുവിച്ചതും 2013 ഏപ്രിൽ 10-ാം തീയതിയിലെ 1039-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 293/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/4616/2015/S-18.

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2015-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.— 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ചട്ടങ്ങളിൽ, 7-ാം ചട്ടത്തിൽ "സബ് രജിസ്ട്രാർമാർ ആവശ്യാനുസരണം രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിൽ നിന്നും സ്റ്റാമ്പ് കൈപ്പറ്റേണ്ടതാണ്" എന്ന വാക്കുകൾക്കുശേഷം "രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിൽ നിന്നും കൈപ്പറ്റുന്ന ക്ഷേമനിധി സ്റ്റാമ്പിന്റെ സൂക്ഷിപ്പ്, വിതരണം, വിൽപ്പന തുകയുടെ കണക്ക്, അതിന്റെ നിക്ഷേപം എന്നിവ സംബന്ധിച്ച് ഒരു രജിസ്റ്റർ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും വച്ചുപോരേണ്ടതാണ്." എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ഡബ്ല്യു. ആർ. റെഡ്ഡി,
*പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 ഏപ്രിൽ 9-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 67/2013/നി. വ. ഉത്തരവിൻ കീഴിൽ പുറപ്പെടുവിച്ചതും 2013 ഏപ്രിൽ 10-ാം തീയതിയിലെ 1039-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 293/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ചട്ടങ്ങൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. നിയതമായ രൂപത്തിലും മൂല്യത്തിലുമുള്ള ക്ഷേമനിധി സ്റ്റാമ്പുകളുടെ കണക്കുകൾ സൂക്ഷിക്കാൻ പ്രത്യേക സംവിധാനം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല എന്നും ആയതിനാൽ അവ സംബന്ധിച്ച് ഒരു പ്രത്യേക രജിസ്റ്റർകൂടി സൂക്ഷിക്കുവാൻ സബ് രജിസ്ട്രാർമാർക്ക് വേണ്ട നിർദ്ദേശം നൽകുന്നതിനാവശ്യമായ വ്യവസ്ഥ കൂടി ചട്ടങ്ങളിൽ ചേർക്കണമെന്നും കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14)-യുടെ 20-ാം റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശ പ്രകാരം മേൽപ്പറഞ്ഞ ചട്ടങ്ങളിൽ അനുയോജ്യമായ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

©
ള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2016 സെപ്റ്റംബർ 27<br>27th September 2016<br>1192 കന്നി 11<br>11th Kanni 1192<br>1938 ആശ്വിനം 5<br>5th Aswina 1938 | നമ്പർ<br>No. 1680 |

## കേരള സർക്കാർ

### നികുതി (ഇ) വകുപ്പ്

### തിരുത്തൽ വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 87/2016/നി.വ. *തിരുവനന്തപുരം, 2016 സെപ്റ്റംബർ 27*
*1192 കന്നി 11.*

എസ്. ആർ. ഒ. നമ്പർ 610/2016.—2013 ഏപ്രിൽ 9-ാം തീയതിയിലെ സ.ഉ.(പി) നമ്പർ 68/2013/നി.വ. എന്ന നമ്പരായി പുറപ്പെടുവിച്ചതും 2013 ഏപ്രിൽ 10-ാം തീയതിയിലെ 1040-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 294/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തിൽ,—

1. 3-ാം ഖണ്ഡികയിലെ (IX)-ാം ഇനത്തിൽ "വർഷിക" എന്നത് "വാർഷിക" എന്ന് വായിക്കേണ്ടതാണ്;
2. 6-ാം ഖണ്ഡികയിലെ (3)-ാം ഉപഖണ്ഡികയിൽ "അയിയന്തിര യോഗത്തിന്" എന്നത് "അടിയന്തിര യോഗത്തിന്" എന്ന് വായിക്കേണ്ടതാണ്;

33/3168/2016/S-2.

3. 11-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിൽ "അപേ [illegible]" എന്നത് "അപേക്ഷ" എന്ന് വായിക്കേണ്ടതാണ്;

4. 16-ാം ഖണ്ഡികയിലെ (2)-ാം ഉപഖണ്ഡികയിൽ "ബഡ്ജറ്റൽ" എന്നത് "ബഡ്ജറ്റിൽ" എന്ന് വായിക്കേണ്ടതാണ്;

5. 18-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിൽ "അനാരോഗ്യം കാരണമോ" എന്നത് "അനാരോഗ്യം കാരണം" എന്ന് വായിക്കേണ്ടതാണ്;

6. 21-ാം ഖണ്ഡിക (4)-ാം ഉപഖണ്ഡികയിലെ ക്ലിപ്ത നിബന്ധനയിൽ "ഉണ്ടായിയിരുന്നു" എന്നത് "ഉണ്ടായിരുന്നു" എന്ന് വായിക്കേണ്ടതാണ്;

7. വിശദീകരണ കുറിപ്പിന്റെ (2)-ാം ഖണ്ഡികയിലെ "2013-ലെ" എന്നത് "2012-ലെ" എന്ന് വായിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി. മാര പാണ്ഡ്യൻ,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2011-2014) ഇരുപതാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം 2013 ഏപ്രിൽ 9-ാം തീയതിയിലെ സ.ഉ.(പി) നമ്പർ 68/2013/നി.വ എന്ന സർക്കാർ ഉത്തരവിൻ കീഴിൽ പുറപ്പെടുവിച്ചതും 2013 ഏപ്രിൽ 10-ാം തീയതിയിലെ 1040-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 294/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തിൽ വന്നുചേർന്ന പിശകുകൾ തിരുത്താൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ തിരുത്തൽ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.

അനുബന്ധം 4 668.

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2016 നവംബർ 26<br>26th November 2016<br>1192 വൃശ്ചികം 11<br>11th Vrischikam 1192<br>1938 അഗ്രഹായനം 5<br>5th Agrahayana 1938 | നമ്പർ<br>No. 2062 |

## കേരള സർക്കാർ

### നികുതി (ഇ) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 104/2016/നി.വ. തിരുവനന്തപുരം, 2016 നവംബർ 26
1192 വൃശ്ചികം 11.

എസ്. ആർ. ഒ. നമ്പർ 720/2016.—2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013-ലെ 7) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2013 ഏപ്രിൽ 9-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 68/2013/നി.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2013 ഏപ്രിൽ 10-ാം തീയതിയിലെ 1040-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 294/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത് :—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.

33/3891/2016/S-28.

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2016-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ,—

(1) 9-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിൽ, "ലക്ഷ്യങ്ങൾക്കു വേണ്ടി" എന്ന വാക്കിന് പകരം "ആവശ്യങ്ങൾക്കായി" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(2) 11-ാം ഖണ്ഡികയിൽ,—

(എ) (1)-ാം ഉപഖണ്ഡികയിലെ,—

(i) "രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, മേൽവിലാസം, ജനനത്തീയതി, വയസ്സ്" എന്ന വാക്കുകൾക്ക് പകരം "ഏഴ് പാസ്പോർട്ട് സൈസ് ഫോട്ടോ, മേൽവിലാസം, ജനനത്തീയതി, വയസ്സ്, വിദ്യാഭ്യാസ യോഗ്യത" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "ആധാരമെഴുത്തുകാർ, പകർപ്പെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരുടെ രംഗത്ത് പ്രവർത്തിക്കുന്ന അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറിയുടെ ശിപാർശ കത്ത്" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ബി) (3)-ാം ഉപഖണ്ഡികയിലെ "അംഗത്വ സാക്ഷ്യപത്രത്തിനൊപ്പം" എന്ന വാക്കുകൾക്ക് പകരം "അംഗത്വ സർട്ടിഫിക്കറ്റിനൊപ്പം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (4)-ാം ഉപഖണ്ഡികയിലെ "ബന്ധപ്പെട്ട പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ" എന്ന വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട പേജിന്റെ ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) (5)-ാം ഉപഖണ്ഡികയുടെ അവസാനം താഴെപ്പറയുന്ന വാചകം ചേർക്കേണ്ടതാണ്, അതായത് :—

"അംഗത്വത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ 45 ദിവസത്തിനകം ബോർഡ് തീരുമാനമെടുക്കേണ്ടതാണ്."

(ഇ) (6)-ാം ഉപഖണ്ഡികയിലെ "അംഗത്വ സാക്ഷ്യപത്രത്തിന്റെയും" എന്ന വാക്കുകൾക്ക് പകരം "അംഗത്വ സർട്ടിഫിക്കറ്റിന്റെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(എഫ്) (7)-ാം ഉപഖണ്ഡികയിലെ "അംഗത്വ സാക്ഷ്യപത്രമോ" എന്ന വാക്കുകൾക്ക് പകരം "അംഗത്വ സർട്ടിഫിക്കറ്റോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(3) 13-ാം ഖണ്ഡികയിലെ "ഓരോ മാസവും ശേഖരിച്ച റിപ്പോർട്ട്" എന്ന വാക്കുകൾക്ക് പകരം "ഓരോ മാസവും ശേഖരിച്ച അംശദായം സംബന്ധിച്ച റിപ്പോർട്ട്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(4) 14-ാം ഖണ്ഡിക (3)-ാം ഉപഖണ്ഡികയിൽ "തീരുമാനം അപ്പീൽ അപേക്ഷകനെ അറിയിക്കേണ്ടതുമാണ്" എന്ന വാക്കുകൾക്ക് പകരം "തീരുമാനം ആറുമാസത്തിനകം അപ്പീൽ അപേക്ഷകനെ അറിയിക്കേണ്ടതുമാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(5) 17-ാം ഖണ്ഡികയിൽ,—

(എ) (4)-ാം ഉപഖണ്ഡികയിൽ ക്ലിപ്ത നിബന്ധനയിൽ "ആറുമാസത്തിൽ കവിയാതെയുള്ള കാലതാമസം" എന്ന വാക്കുകൾക്ക് പകരം "ഒരു വർഷത്തിൽ കവിയാതെയുള്ള കാലതാമസം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (6)-ാം ഉപഖണ്ഡികയിൽ "അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെ ശിപാർശയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(6) 18-ാം ഖണ്ഡിക (3)-ാം ഉപഖണ്ഡികയിലെ "അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(7) 20-ാം ഖണ്ഡിക (2)-ാം ഉപഖണ്ഡികയിലെ "അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(8) 21-ാം ഖണ്ഡികയിൽ,—

(എ) (1)-ാം ഉപഖണ്ഡികയിലെ "പ്രസവാനുകൂല്യത്തിനുള്ള അപേക്ഷാ ഫാറം നമ്പർ 11-ൽ ആയിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "പ്രസവാനുകൂല്യത്തിനുള്ള അപേക്ഷാഫാറം നമ്പർ 11 എ-യിൽ ആയിരിക്കേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപഖണ്ഡികയിലെ "ബന്ധപ്പെട്ട അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറിയുടെയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(9) 22-ാം ഖണ്ഡികയിലെ "താമസംവിന" എന്ന വാക്കിന് പകരം "45 ദിവസങ്ങൾക്കകം" എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്;

(10) 23-ാം ഖണ്ഡികയിൽ, (1)-ാം ഉപഖണ്ഡികയിൽ,—

(എ) "അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ബി) "അസ്സൽ" എന്ന വാക്കുകൾക്ക് പകരം "സാക്ഷ്യപ്പെടുത്തിയ പകർപ്പ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(11) 24-ാം ഖണ്ഡിക (2)-ാം ഉപഖണ്ഡികയിലെ "അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(12) 25-ാം ഖണ്ഡികയിൽ,—

(എ) (1)-ാം ഉപഖണ്ഡികയിൽ "അർഹത ഉണ്ടായിരിക്കുന്നതല്ല" എന്ന വാക്കുകൾക്ക് പകരം "അർഹത ഉണ്ടായിരിക്കുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (3)-ാം ഉപഖണ്ഡികയിലെ "അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറിയുടെയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(13) 28-ാം ഖണ്ഡിക (3)-ാം ഉപഖണ്ഡികയിലെ "അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(14) 29-ാം ഖണ്ഡികയിൽ,—

(എ) (4)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:—

"രണ്ടാം ഗഡു വായ്പ അനുവദിക്കുന്നതിനായി ക്ഷേമനിധി ബോർഡിന്റെ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ സ്ഥലം സന്ദർശിച്ച് നൽകുന്ന റിപ്പോർട്ട് അപേക്ഷകൻ ഹാജരാക്കേണ്ടതുമാണ്";

(ബി) (7)-ാം ഉപഖണ്ഡികയിലെ "അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(15) 30-ാം ഖണ്ഡിക (3)-ാം ഉപഖണ്ഡികയിലെ "അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(16) 31-ാം ഖണ്ഡിക (4)-ാം ഉപഖണ്ഡികയിലെ "അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(17) 32-ാം ഖണ്ഡിക (10)-ാം ഉപഖണ്ഡികയിലെ "അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(18) 33-ാം ഖണ്ഡിക (8)-ാം ഉപഖണ്ഡികയിലെ "അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(19) ഫാറങ്ങളുടെ ഭേദഗതി.—

(എ) ഫാറം നമ്പർ 1-ന് പകരം താഴെപ്പറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത് :—

"ഫാറം നമ്പർ 1

## അംഗത്വത്തിനുള്ള അപേക്ഷ

2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 11 (1) കാണുക]

| | | |
|---|---|---|
| 1. അപേക്ഷകന്റെ പേര് | : | പാസ്പോർട്ട് സൈസ് ഫോട്ടോ |
| (എ) സ്ഥിരമായ മേൽവിലാസം | : | |
| (ബി) നിലവിലുള്ള മേൽവിലാസം (ഫോൺ നമ്പർ സഹിതം) | : | |
| (സി) ആധാർ കാർഡ് നമ്പർ (ഉണ്ടെങ്കിൽ) | : | (ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്) |
| 2. ജോലിയുടെ സ്വഭാവം | : | ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ |
| 3. വിദ്യാഭ്യാസ യോഗ്യത | : | |
| 4. അച്ഛന്റെ/ഭർത്താവിന്റെ പേര് | : | |
| 5. സ്ത്രീ/പുരുഷൻ | : | |
| 6. ജനന തീയതിയും വയസ്സും | : | |
| 7. വൈവാഹിക പദവി | : | അവിവാഹിതൻ/അവിവാഹിത/വിവാഹിതൻ/വിവാഹിത/വിധവ/വിഭാര്യൻ |
| 8. വിവാഹിതനാണെങ്കിൽ പങ്കാളിയുടെ വിശദവിവരം | : | |
| (എ) പങ്കാളിയുടെ പേര് | : | |
| (ബി) വയസ്സും ജനനത്തീയതിയും | : | |
| (സി) തൊഴിൽ | : | |
| 9. ലൈസൻസിന്റെ നമ്പരും തീയതിയും | : | |
| 10. തിരിച്ചറിയൽ അടയാളം | : | |
| 11. ഏത് സബ് രജിസ്ട്രാർ ഓഫീസിന്റെ പരിധിയിലാണ് ജോലി ചെയ്യുന്നത് | : | |
| 12. നോമിനേഷൻ ഫാറം ഉണ്ട്/ഇല്ല | : | |
| 13. എത്ര വർഷമായി ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ ജോലി ചെയ്യുന്നു | : | |

## സത്യപ്രസ്താവന

പേര്.......................................................................(വിലാസം)..........................................
.................................................................................................................................

എന്ന ഞാൻ മുകളിൽ നൽകിയിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്നും ഞാൻ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നില്ലെന്നും എനിക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നില്ലായെന്നും മറ്റ് പദ്ധതികളിലോ ക്ഷേമനിധികളിലോ അംഗമല്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : അപേക്ഷകന്റെ ഒപ്പ് :
തീയതി : പേര് :

---

കുറിപ്പ് :—1. മേൽവിലാസം, ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, വയസ്സ് എന്നിവ തെളിയിക്കുന്നതിനുള്ള ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രേഖകളുടെ പകർപ്പ്, 7 പാസ്പോർട്ട് സൈസ് ഫോട്ടോ, സബ് രജിസ്ട്രാറുടെ ശിപാർശ കത്ത്, അപേക്ഷാഫീസ് ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ അടച്ചതിന്റെ രസീത് എന്നിവ അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

2. ശരിയായി പൂരിപ്പിച്ച് രണ്ട് സെറ്റ് അപേക്ഷഫോറം വയ്ക്കേണ്ടതാണ്. ഒരു കോപ്പി രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ഓഫീസിലും സൂക്ഷിക്കേണ്ടതാണ്.

---

### ഓഫീസ് ഉപയോഗത്തിന്

അംഗത്വ നമ്പർ.......................................................................

രജിസ്റ്റർ ചെയ്ത അധികാരിയുടെ പേര്........................

സ്ഥലം : ഒപ്പ് :

തീയതി : ഉദ്യോഗപ്പേര്."

(ബി) ഫാറം നമ്പർ 5–ന് പകരം താഴെപ്പറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത് :—

"ഫാറം നമ്പർ 5

## നോമിനേഷൻ ഫാറം

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 12 (1) കാണുക]

എന്റെ കാലശേഷം നിധിയിൽനിന്നും എന്റെ പേരിലുള്ള ആനുകൂല്യങ്ങളും അർഹതപ്പെട്ട തുകയും കൈപ്പറ്റുന്നതിന് താഴെപ്പറയുന്ന എന്റെ ആശ്രിതനെ/ആശ്രിതരെ ഞാൻ ഇതിനാൽ നാമനിർദ്ദേശം ചെയ്യുന്നു.

| ക്രമ നമ്പർ | നോമിനിയുടെ പേരും മേൽവിലാസവും | വയസ്സും ജനന തീയതിയും | അപേക്ഷകനു മായുള്ള ബന്ധം |
|---|---|---|---|
| (1) | (2) | (3) | (4) |
| | | | |

സ്ഥലം :
തീയതി :

അപേക്ഷകന്റെ ഒപ്പും പേരും
അംഗത്വ നമ്പരും മേൽവിലാസവും

സാക്ഷികളുടെ ഒപ്പ്, പേര്,
മേൽവിലാസം 1. ..............................
..............................
2. ..............................
..............................

നോമിനേഷൻ അംഗീകരിച്ചു.

(ഒപ്പ്)
രജിസ്റ്ററിംഗ് അധികാരസ്ഥാനം.

സ്ഥലം :
തീയതി :

കുറിപ്പ്:—1. നോമിനേഷൻ പുതുക്കുന്നവർ അംഗത്വ ഉത്തരവിന്റെയും, ലൈസൻസിന്റെയും, അവസാന വരിസംഖ്യ അടച്ച രസീതിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

2. ശരിയായി പൂരിപ്പിച്ച 2 സെറ്റ് അപേക്ഷാഫോറം സമർപ്പിക്കേണ്ടതാണ്. ഒരു കോപ്പി രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ഓഫീസിലും ഒരു കോപ്പി സെക്രട്ടറിയുടെ ഓഫീസിലും സൂക്ഷിക്കേണ്ടതാണ്."

(സി) ഫാറം നമ്പർ 9-ന് പകരം താഴെപ്പറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത് :—

"ഫാറം നമ്പർ 9

## ..........................................ജോലിചെയ്യാൻ കഴിയാതിരിക്കുകയോ ക്ഷേമനിധിയിൽ അംഗത്വം അവസാനിപ്പിക്കുകയോ ചെയ്യുന്ന അംഗങ്ങൾക്ക് അംശദായ തുക തിരിച്ചുകിട്ടുന്നതിനുള്ള അപേക്ഷ

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 18 (3) കാണുക]

അംഗത്തിന്റെ ഫോട്ടോ

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

1. അംഗത്തിന്റെ പേര് :
2. അംഗത്വ നമ്പർ :
3. മേൽവിലാസം
   - (1) വീട്ടുപേര് :
   - (2) വീട്ടുനമ്പർ :
   - (3) പ്രദേശം/വില്ലേജ് :
   - (4) പോസ്റ്റ് :
   - (5) താലൂക്ക് :
   - (6) പിൻ കോഡ് :
   - (7) ഫോൺ നമ്പർ :
   - (8) ആധാർ കാർഡ് നമ്പർ (ഉണ്ടെങ്കിൽ) :
4. ജനന തീയതിയും പൂർത്തിയായ വയസ്സും :
5. അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് :
6. ക്ഷേമനിധി അംഗമായ തീയതിയും അംഗത്വം പ്രാബല്യത്തിൽ വന്ന മാസവും :
7. (എ) ക്ഷേമനിധിയിൽ അവസാനമായി വരിസംഖ്യ അടച്ച തീയതിയും രസീത് നമ്പരും :

   (ബി) ക്ഷേമനിധിയിൽ ആകെ മാസവരി സംഖ്യ അടച്ച കാലയളവ് :

8. ജോലിയിൽ നിന്നും വിരമിച്ച തീയതി (തൊഴിൽ ചെയ്യുന്നതിനുള്ള ലൈസൻസ് ബന്ധപ്പെട്ട മേലധികാരിക്ക് തിരിച്ചേൽപ്പിച്ച തീയതി) :

9. (എ) ആധാരമെഴുത്ത്, പകർപ്പെഴുത്ത്, സ്റ്റാമ്പ് വെണ്ടർ എന്നീ ജോലി ചെയ്യുന്നതിന് ഏതെങ്കിലും ലൈസൻസ് തിരിച്ചേൽപ്പിക്കാനുണ്ടോ? : ഉണ്ട്/ഇല്ല

(ബി) ഉണ്ടെങ്കിൽ വിശദവിവരം :

10. ആകെ പൂർത്തിയാക്കിയ അംഗത്വ കാലയളവ് :

11. അവശത തുടങ്ങിയ തീയതി :

12. അവശതയുടെ സ്വഭാവം :

13. അവശത തെളിയിക്കുന്നതിന് ഹാജരാക്കിയ രേഖകൾ :

(1)

(2)

14. അർഹതപ്പെട്ട വിരമിക്കൽ തുക :

---

### സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ ഒപ്പ് :

തീയതി : പേര് :

സബ് രജിസ്ട്രാർ നൽകേണ്ട സാക്ഷ്യപത്രവും ശിപാർശയും

.............................................................................-ാം നമ്പർ ക്ഷേമനിധി അംഗമായ................................................................................. (അംഗത്തിന്റെ പേര്).........................തീയതി ജോലി ചെയ്യുന്നതിനുള്ള ലൈസൻസ് (ആധാരമെഴുത്ത്/ പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ) തിരിച്ചേൽപ്പിച്ചിട്ടുണ്ട്. ടിയാന് എന്റെ അറിവിൽ നിലവിൽ ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ ജോലി ചെയ്യുന്നതിനുള്ള മറ്റ് ലൈസൻസുകൾ നിലവിലില്ല. ടിയാൻ...............................-ാം തീയതി മുതൽ.................... തീയതി വരെ അംഗത്വ വരിസംഖ്യ കൃത്യമായി അടച്ചിട്ടുണ്ട്.

ശിപാർശ:—.................................................................

ഒപ്പ് :

സ്ഥലം : പേര് :

തീയതി : ഓഫീസിന്റെ പേര് :

(ഓഫീസ് സീൽ)

---

രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ശിപാർശ

ശിപാർശ:—.........................................................................................

..........................................................................................................

ഒപ്പ് :

സ്ഥലം : പേര് :

തീയതി : ഓഫീസിന്റെ പേര് :

(ഓഫീസ് സീൽ)

---

ഓഫീസ് ഉപയോഗത്തിന്

..............................തീയതി മുതൽ...................................രൂപ വീതം പ്രതിമാസം പെൻഷൻ അനുവദിച്ചിരിക്കുന്നു/അപേക്ഷ താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ചിരിക്കുന്നു.

(ഒപ്പ്)

സെക്രട്ടറി,

ക്ഷേമനിധി.

---

കുറിപ്പ്:—സബ് രജിസ്ട്രാർ, രജിസ്റ്ററിംഗ് അധികാരസ്ഥാനം എന്നിവരുടെ ശിപാർശ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.";

(ഡി) ഫാറം നമ്പർ 11-ന് പകരം താഴെപ്പറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത് :—

"ഫാറം നമ്പർ 11

## വിവാഹ ധനസഹായത്തിനുള്ള അപേക്ഷ

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 20 (1) കാണുക]

| അംഗത്തിന്റെ ഫോട്ടോ |
|---|

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

1. അംഗത്തിന്റെ പേര് :
2. സ്ഥിരമായ മേൽവിലാസം :
3. നിലവിലുള്ള മേൽവിലാസം (ഫോൺ നമ്പർ ഉൾപ്പെടെ) :
4. അംഗത്വ നമ്പർ :
5. ജനനത്തീയതി, വയസ്സ് :
6. ലൈസൻസിന്റെ നമ്പരും തീയതിയും :
7. അംഗത്വം ലഭിച്ച തീയതി :
8. വിരമിക്കൽ തീയതി :
9. അച്ഛന്റെ/ഭർത്താവിന്റെ പേര് :
10. അംഗത്തിന്റെ മാസ വരുമാനം :
11. വൈവാഹിക പദവി :
12. ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ ജോലിയിൽ ഏർപ്പെട്ട തീയതി :
13. ജോലിക്കുള്ള ലൈസൻസ് ഏതിനൊക്കെ ഉണ്ട് : ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ
14. വിവാഹം നടക്കുന്നതിന്/നടന്നതിന് പദ്ധതി ഖണ്ഡിക 20(2)-ൽ പറയും പ്രകാരമുള്ള രേഖകൾ ഹാജരാക്കിയിട്ടുണ്ടോ (*കുറിപ്പ് കാണുക) :

15. മുമ്പ് ഈ പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ടോ ? :

(എ) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം :

(ബി) ആനുകൂല്യം ലഭിച്ച തീയതിയും ഉത്തരവ് നമ്പരും :

(ബാധകമല്ലാത്തത് വെട്ടിക്കളയുക)

## സത്യപ്രസ്താവന

.............................................................(പേര്)........................................................

...........................................................................................................................

...........................................................................................................................(മേൽവിലാസം) എന്ന ഞാൻ, മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ് :

തീയതി : പേര് :

കുറിപ്പ്:—ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അവസാനം വരിസംഖ്യ അടച്ച രസീത്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും ശിപാർശ കത്ത്, അംഗത്വ സാക്ഷ്യപത്രം എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. വിവാഹം നിശ്ചയിച്ചു എന്നോ അഥവാ വിവാഹം നടന്നു എന്നോ തെളിയിക്കുന്നതിനായി അപേക്ഷകൻ താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, പ്രസിഡന്റ്, ചെയർമാൻ, മേയർ ബന്ധപ്പെട്ട എം. എൽ. എ., ഒരു ഗസറ്റഡ് ഓഫീസർ, വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് അധികാരമുള്ള സമുദായ സംഘടനകളുടെ അധികാരികൾ എന്നിവരിൽ ആരെങ്കിലും നൽകുന്ന സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

## ഓഫീസ് ഉപയോഗത്തിന്

...................................................................................................... രൂപ വിവാഹ ധനസഹായമായി അനുവദിച്ചിരിക്കുന്നു.

(ഒപ്പ്)

സെക്രട്ടറി,

ക്ഷേമനിധി.";

(ഇ) അപ്രകാരം ചേർത്ത ഫാറം നമ്പർ 11-ന് ശേഷം താഴെപ്പറയുന്ന ഫാറങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

"ഫാറം നമ്പർ 11എ

## പ്രസവാനുകൂല്യത്തിനുള്ള അപേക്ഷ

2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 21 (1) കാണുക]

അംഗത്തിന്റെ ഫോട്ടോ

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

1. അംഗത്തിന്റെ പേര് :
2. സ്ഥിരമായ മേൽവിലാസം :
3. നിലവിലുള്ള മേൽവിലാസം (ഫോൺ നമ്പർ ഉൾപ്പെടെ) :
4. അംഗത്വ നമ്പർ :
5. ജനനത്തീയതി, വയസ്സ് :
6. ലൈസൻസിന്റെ നമ്പരും തീയതിയും :
7. അംഗത്വം ലഭിച്ച തീയതി :
8. വിരമിക്കൽ തീയതി :
9. അച്ഛന്റെ/ഭർത്താവിന്റെ പേര് :
10. അംഗത്തിന്റെ മാസ വരുമാനം :
11. വൈവാഹിക പദവി :
12. ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ ജോലിയിൽ ഏർപ്പെട്ട തീയതി :
13. ജോലിക്കുള്ള ലൈസൻസ് ഏതിനൊക്കെ ഉണ്ട് : ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ
14. പ്രസവാനുകൂല്യത്തിന് ക്ഷേമനിധി പദ്ധതി ഖണ്ഡിക 21(2)-ൽ പറയും പ്രകാരമുള്ള രേഖകൾ ഹാജരാക്കിയിട്ടുണ്ടോ (*കുറിപ്പ് കാണുക) :

15. മുമ്പ് ഈ പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ടോ ? * :

(എ) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം :

(ബി) ആനുകൂല്യം ലഭിച്ച തീയതിയും ഉത്തരവ് നമ്പരും :

(ബാധകമല്ലാത്തത് വെട്ടിക്കളയുക)

സത്യപ്രസ്താവന

..............................................................(പേര്)..............................................................

........................................................................................................................................

..................................................................................................(മേൽവിലാസം)

എന്ന ഞാൻ, മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : അപേക്ഷകയുടെ ഒപ്പ് :

തീയതി : പേര് :

കുറിപ്പ്:—ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അവസാനം വരിസംഖ്യ അടച്ച രസീത്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും ശിപാർശ കത്ത്, അംഗത്വ സാക്ഷ്യപത്രം എന്നിവയും, ജനന/മരണ രജിസ്ട്രാർ നൽകുന്ന കുട്ടിയുടെ ജനന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അഥവാ ഗർഭം സ്വാഭാവികമായി അലസിയത് കാണിക്കുന്ന സർക്കാർ അംഗീകൃത മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

ഓഫീസ് ഉപയോഗത്തിന്

.............................................................................. രൂപ പ്രസവാനുകൂല്യമായി അനുവദിച്ചിരിക്കുന്നു.

(ഒപ്പ്)

സെക്രട്ടറി,

ക്ഷേമനിധി.";

ഫാറം നമ്പർ 12

## പെൻഷനുള്ള അപേക്ഷ

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 23 (1) കാണുക]

| അംഗത്തിന്റെ ഫോട്ടോ |
|---|

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

1. അംഗത്തിന്റെ പേര് :
2. അംഗത്വ നമ്പർ :
3. മേൽവിലാസം
   (1) വീട്ടു പേര് :
   (2) വീട്ടു നമ്പർ :
   (3) പ്രദേശം/വില്ലേജ് :
   (4) പോസ്റ്റ് :
   (5) താലൂക്ക് :
   (6) പിൻ കോഡ് :
   (7) ഫോൺ നമ്പർ :
   (8) ആധാർ കാർഡ് നമ്പർ (ഉണ്ടെങ്കിൽ) :
4. ജനനത്തീയതിയും പൂർത്തിയായ വയസ്സും :
5. അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് :
6. ക്ഷേമനിധി അംഗമായ തീയതിയും അംഗത്വം പ്രാബല്യത്തിൽ വന്ന മാസവും :
7. (എ) ക്ഷേമനിധിയിൽ അവസാനമായി വരിസംഖ്യ അടച്ച തീയതിയും രസീത് നമ്പരും :
   (ബി) ക്ഷേമനിധിയിൽ ആകെ മാസവരി സംഖ്യ അടച്ച കാലയളവ് :
8. ജോലിയിൽ നിന്നും വിരമിച്ച തീയതി (തൊഴിൽ ചെയ്യുന്നതിനുള്ള ലൈസൻസ് ബന്ധപ്പെട്ട മേലധികാരിക്ക് തിരിച്ചേൽപ്പിച്ച തീയതി) :

9. (എ) ആധാരമെഴുത്ത്, പകർപ്പെഴുത്ത്, സ്റ്റാമ്പ് വെണ്ടർ എന്നീ ജോലി ചെയ്യുന്നതിന് ഏതെങ്കിലും ലൈസൻസ് തിരിച്ചേൽപ്പിക്കാനുണ്ടോ? : ഉണ്ട്/ഇല്ല

(ബി) ഉണ്ടെങ്കിൽ വിശദവിവരം

10. ഇപ്പോൾ സർക്കാരിൽ നിന്നോ മറ്റേതെങ്കിലും ബോർഡിൽ നിന്നോ അപേക്ഷകന് പെൻഷൻ ലഭിക്കുന്നുണ്ടോ?

11. ആകെ പൂർത്തിയാക്കിയ അംഗത്വ കാലയളവ്

12. അർഹതപ്പെട്ട പെൻഷൻ തുക

---

സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം :
തീയതി :

അപേക്ഷകന്റെ ഒപ്പ് :
പേര് :

---

കുറിപ്പ്:—സബ് രജിസ്ട്രാർ, രജിസ്റ്ററിംഗ് അധികാരസ്ഥാനം എന്നിവരുടെ ശിപാർശ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്

---

സബ് രജിസ്ട്രാർ നൽകേണ്ട സാക്ഷ്യപത്രവും ശിപാർശയും

..........................................................-ാം നമ്പർ ക്ഷേമനിധി അംഗമായ ..........................................................................................(അംഗത്തിന്റെ പേര്)...........................തീയതി ജോലി ചെയ്യുന്നതിനുള്ള ലൈസൻസ് (ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ) തിരിച്ചേൽപ്പിച്ചിട്ടുണ്ട്. ടിയാന് എന്റെ അറിവിൽ നിലവിൽ ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ ജോലി ചെയ്യുന്നതിനുള്ള മറ്റ് ലൈസൻസുകൾ നിലവിലില്ല. ടിയാൻ .......................-ാം തീയതി മുതൽ ..................... തീയതി വരെ അംഗത്വ വരിസംഖ്യ കൃത്യമായി അടച്ചിട്ടുണ്ട്. ശിപാർശ.........................

ഒപ്പ് :

സ്ഥലം :
തീയതി :

പേര് :
ഓഫീസിന്റെ പേര് :

(ഓഫീസ് സീൽ)

33/3891/2016/S-28.

രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ശിപാർശ

ശിപാർശ:—..............................................................................................................

..............................................................................................................

ഒപ്പ് :

പേര് :

സ്ഥലം : ഓഫീസിന്റെ പേര്:

തീയതി :

(ഓഫീസ് സീൽ)

---

ഓഫീസ് ഉപയോഗത്തിന്

..............................തീയതി മുതൽ..............................രൂപ വീതം പ്രതിമാസം പെൻഷൻ അനുവദിച്ചിരിക്കുന്നു/അപേക്ഷ താഴെപ്പറയുന്ന കാരണങ്ങളാൽ നിരസിച്ചിരിക്കുന്നു.

(ഒപ്പ്)

സെക്രട്ടറി,

ക്ഷേമനിധി.";

(എഫ്) ഫാറം നമ്പർ 14-ന് പകരം താഴെപ്പറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത് :—

"ഫാറം നമ്പർ 14

## കുടുംബ പെൻഷനുള്ള അപേക്ഷ

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 25 (3) കാണുക]

അംഗത്തിന്റെ ഫോട്ടോ

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

1. അപേക്ഷകന്റെ പേര് :
2. അംഗവുമായുള്ള ബന്ധം :
3. ജനന തീയതിയും പൂർത്തിയായ വയസ്സും :
4. മേൽവിലാസം
   (1) വീട്ടുപേര് :
   (2) വീട്ടുനമ്പർ :
   (3) പ്രദേശം/വില്ലേജ് :
   (4) പോസ്റ്റ് :
   (5) താലൂക്ക് :
   (6) പിൻ കോഡ് :
   (7) ഫോൺ നമ്പർ :
   (8) ആധാർ കാർഡ് നമ്പർ (ഉണ്ടെങ്കിൽ) :
5. ഇപ്പോൾ സർക്കാരിൽ നിന്നോ മറ്റേതെങ്കിലും ബോർഡിൽ നിന്നോ അപേക്ഷകന്/അപേക്ഷകയ്ക്ക് പെൻഷൻ ലഭിക്കുന്നുണ്ടോ? : ഉണ്ട്/ഇല്ല
6. ക്ഷേമനിധി അംഗത്തിന്റെ പേര് :
7. അംഗത്വ നമ്പർ :
8. ക്ഷേമനിധി അംഗമായ തീയതിയും അംഗത്വം പ്രാബല്യത്തിൽ വന്ന മാസവും :
9. (എ) ക്ഷേമനിധിയിൽ അവസാനമായി മാസ വരിസംഖ്യ അടച്ച തീയതിയും രസീത് നമ്പരും :
   (ബി) ക്ഷേമനിധിയിൽ ആകെ മാസവരി സംഖ്യ അടച്ച കാലയളവ് :

10. അംഗം മരണമടഞ്ഞ തീയതി :
11. മറ്റ് അവകാശികളുടെ പേരും അവർക്ക് അംഗവുമായുള്ള ബന്ധവും :
12. അപേക്ഷകൻ മൈനറാണെങ്കിൽ രക്ഷിതാവിന്റെ പേരും വിലാസവും :
13. അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം :
14. പെൻഷന് അവകാശപ്പെട്ട വിഭാഗത്തിൽ ഒന്നിൽ കൂടുതൽ പേരുകൾ ഉണ്ടെങ്കിൽ അപേക്ഷകന് പെൻഷൻ നൽകുന്നതിന് മറ്റ് അവകാശികളുടെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടോ?
15. (എ) അപേക്ഷകൻ/അപേക്ഷക വികലാംഗനോ (50%), ബുദ്ധിമാന്ദ്യമോ ഉള്ള ആളാണോ :
(ബി) ആണെങ്കിൽ, രക്ഷാകർത്താവിന്റെ പേര്, വിലാസം, മറ്റ് ബന്ധപ്പെട്ട വിവരങ്ങൾ :

### സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ ഒപ്പ് :
തീയതി : പേര് :

കുറിപ്പ്:—അപേക്ഷകൻ പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ അപേക്ഷയിൽ രക്ഷാകർത്താവ് ഒപ്പിട്ടിരിക്കേണ്ടതാണ്.

### സബ് രജിസ്ട്രാറുടെ സാക്ഷ്യപത്രവും ശിപാർശയും

............................-ാം നമ്പർ ക്ഷേമനിധി അംഗമായിരുന്ന പരേതനായ ...............................................................ക്ഷേമനിധി വരിസംഖ്യ............................... തീയതി മുതൽ ...............................-ാം തീയതി വരെ മുടക്കംകൂടാതെ അടച്ചിട്ടുണ്ട്.

ഒപ്പ് :

സ്ഥലം : പേര് :
തീയതി : ഓഫീസിന്റെ പേര് :

(ഓഫീസ് സീൽ)

രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ശിപാർശ

ശിപാർശ ..........................................................................................................................

..........................................................................................................................

ഒപ്പ് :

പേര് :

സ്ഥലം .........................

ഓഫീസിന്റെ പേര് :

തീയതി .........................

(ഓഫീസ് സീൽ)

---

ഓഫീസ് ഉപയോഗത്തിന്

.............................തീയതി മുതൽ.................................രൂപ വീതം പ്രതിമാസം പെൻഷൻ അനുവദിച്ചിരിക്കുന്നു/അപേക്ഷ താഴെപ്പറയുന്ന കാരണങ്ങളാൽ നിരസിച്ചിരിക്കുന്നു.

(ഒപ്പ്)

സെക്രട്ടറി,

ക്ഷേമനിധി.";

(ജി) അപ്രകാരം ചേർത്ത ഫാറം നമ്പർ 14-ന് ശേഷം താഴെപ്പറയുന്ന ഫാറങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

"ഫാറം നമ്പർ 15

## വായ്പ കരാർ

[ഖണ്ഡിക 27 കാണുക]

(മതിയായ തുകയ്ക്കുള്ള മുദ്രപ്പത്രത്തിൽ തയ്യാറാക്കേണ്ടത്)

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

..........................................-ാം വർഷം..........................................മാസം..........................................-ാം തീയതി, കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡിന്റെ സെക്രട്ടറിയുടെ പേർക്ക് പ്രസ്തുത പദ്ധതിയിലെ അംഗം..........................................സംസ്ഥാനം..........................................
ജില്ല..........................................താലൂക്ക്..........................................വില്ലേജിൽ..........................................
..........................................വീട്ടിൽ..........................................-ടെ മകൻ/മകൾ
ശ്രീ./ശ്രീമതി..........................................എഴുതിക്കൊടുത്ത നഷ്ടോത്തരവാദ കരാർ.

കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിൽ നിന്നും..........................-ാംവർഷം..........................മാസം..........................-ാം തീയതി..........................................രൂപ (അക്ഷരത്തിൽ..........................................) വായ്പയായി ഞാൻ.......................... തീയതി കൈപ്പറ്റിയിരിക്കുന്നു. ടി വായ്പ തുകയായ ..........................രൂപയും..........................% നിരക്കിൽ പലിശയുംകൂടി..........................പ്രതിമാസ തവണകളായി തിരിച്ച് അടയ്ക്കുന്നതിന് ഞാൻ ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

യഥാസമയം ടി തുക പലിശ സഹിതം തിരിച്ചടയ്ക്കുവാൻ വീഴ്ച വരുത്തുകയോ, അപേക്ഷയിൽ പ്രതിപാദിച്ചിരുന്ന ആവശ്യത്തിനല്ലാതെ ഇതര ആവശ്യങ്ങൾക്കായി വായ്പ തുക വിനിയോഗിക്കുകയോ, ക്ഷേമനിധിയിലേക്ക് പ്രസ്തുത തുക മറ്റ് കാരണങ്ങളാൽ തിരിച്ചുപിടിക്കേണ്ടതായ സാഹചര്യത്തിലോ ചുവടെ പറയുന്ന ഉപാധികൾ ഞാൻ ഇതിനാൽ അംഗീകരിക്കുന്നു.

മുതലിനത്തിലോ, പലിശ, പിഴപ്പലിശ ഇനത്തിലോ ഞാൻ ക്ഷേമനിധിക്ക് കടപ്പെട്ടിരിക്കുന്ന തുക ക്ഷേമനിധി ബോർഡ് ആവശ്യപ്പെടുമ്പോൾ തന്നെ നൽകിക്കൊള്ളാം, അല്ലാത്ത പക്ഷം ടി തുക എന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നും ഈടാക്കുന്നതിന് ഞാൻ ഇതിനാൽ സമ്മതിച്ചിരിക്കുന്നു. താഴെപ്പറയുന്ന സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ഇന്നേ ദിവസം ഞാൻ ഇതിൽ ഒപ്പുവച്ചിരിക്കുന്നു :

ഒപ്പ് :

സ്ഥലം :

തീയതി :

പേര് :

വിലാസം :

സാക്ഷികൾ

ഒപ്പ്, പേര്, വിലാസം: 1. ..........................................................................

2. ..........................................................................

ഫാറം നമ്പർ 16

## വ്യക്തിഗത വായ്പയ്ക്കുള്ള അപേക്ഷ

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 28 (3) കാണുക]

1. അംഗത്തിന്റെ പേര് :
2. സ്ഥിരമായ മേൽവിലാസം :
3. നിലവിലുള്ള മേൽവിലാസം :

അംഗത്തിന്റെ ഫോട്ടോ

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

4. അംഗത്വ നമ്പർ :
5. ജനനത്തീയതിയും, വയസ്സും :
6. ലൈസൻസിന്റെ നമ്പരും, തീയതിയും :
7. അച്ഛന്റെ/ഭർത്താവിന്റെ പേര് :
8. വിരമിക്കൽ തീയതി :
9. വൈവാഹിക പദവി : വിവാഹിതൻ/വിവാഹിത/അവിവാഹിതൻ/അവിവാഹിത/വിധവ/വിഭാര്യൻ
10. വായ്പയുടെ ആവശ്യം :
11. ആവശ്യപ്പെടുന്ന തുക (500-ന്റെ ഗുണിതങ്ങളിൽ) :
12. അംഗത്തിന്റെ മാസവരുമാനം :

സ്ഥലം : ഒപ്പ് :

തീയതി : പേര് :

## സത്യപ്രസ്താവന

പേര്.......................................................................വിലാസം...........................................

.......................................................................................................................

എന്ന ഞാൻ മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു. ഈ വായ്പ സംബന്ധിച്ച് ഞാൻ എന്തെങ്കിലും കുടിശ്ശിക വരുത്തുന്ന പക്ഷം എനിക്ക് ലഭിക്കാനുള്ള ആനുകൂല്യത്തിൽ നിന്നും ആയത് കുറവു ചെയ്യുന്നതിന് എനിക്ക് പൂർണ്ണസമ്മതമാണെന്നും ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം :                                        ഒപ്പ് :
തീയതി :                                        പേര് :

---

കുറിപ്പുകൾ:—

1. ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അവസാനം വരിസംഖ്യ അടച്ച രസീത്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും ശിപാർശ, അംഗത്വ സാക്ഷ്യപത്രം എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
2. ക്ഷേമനിധിയുടെ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുകയുടെ ലഭ്യത അനുസരിച്ചായിരിക്കും വായ്പ അനുവദിക്കുന്നത്.
3. അപേക്ഷ സെക്രട്ടറിക്ക് ലഭിക്കുന്ന തീയതി വച്ചായിരിക്കും മുൻഗണനാക്രമം നിശ്ചയിക്കുന്നത്.
4. വായ്പ 10 മാസത്തവണകളായി തിരിച്ചടയ്ക്കേണ്ടതാണ്.
5. വായ്പയുടെ വാർഷികപലിശ 9% ആയിരിക്കും. വായ്പ തിരിച്ചടയ്ക്കാൻ മുടക്കംവരുത്തിയാൽ മുടക്കംവരുത്തുന്ന തവണകൾക്ക് 18% പലിശ ഈടാക്കുന്നതാണ്.
6. വായ്പ തുക 5000 രൂപ വരെ അനുവദിക്കുന്നതാണ് (500-ന്റെ ഗുണിതങ്ങളായിട്ടായിരിക്കും അനുവദിക്കുന്നത്).

---

## സബ് രജിസ്ട്രാറുടെ ശിപാർശ

ശിപാർശ.......................................................................................................

.......................................................................................................................

സ്ഥലം :                                        ഒപ്പ് :
തീയതി :                                        പേര് :
ഓഫീസിന്റെ പേര് :

(ഓഫീസ് സീൽ)

ഓഫീസ് ഉപയോഗത്തിന്

അപേക്ഷകന്/അപേക്ഷകയ്ക്ക്................................രൂപ വ്യക്തിഗത വായ്പയായി അനുവദിച്ചിരിക്കുന്നു.

(ഒപ്പ്)

സ്ഥലം : സെക്രട്ടറി,

തീയതി : ക്ഷേമനിധി.

33/3891/2016/S-28.

ഫാറം നമ്പർ 17

## വീട് വയ്ക്കുന്നതിനോ പുതുക്കിപ്പണിയുന്നതിനോ ഉള്ള വായ്പയ്ക്കുള്ള അപേക്ഷ

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 29(7), 30(3) എന്നിവ കാണുക]

അംഗത്തിന്റെ ഫോട്ടോ

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

1. അംഗത്തിന്റെ പേര് :
2. നിലവിലുള്ള മേൽവിലാസം :
3. സ്ഥിരമായ മേൽവിലാസം :
4. ഫോൺ നമ്പർ :
5. അംഗത്വ നമ്പർ :
6. അച്ഛന്റെ/ഭർത്താവിന്റെ പേര് :
7. വൈവാഹിക പദവി : വിവാഹിതൻ/വിവാഹിത/അവിവാഹിതൻ/അവിവാഹിത/വിധവ/വിഭാര്യൻ
8. ക്ഷേമനിധിയിൽ അംഗമായ തീയതി :
9. അംഗത്വത്തിൽ നിന്നും വിരമിക്കുന്ന തീയതി :
10. വയസ്സും, ജനനത്തീയതിയും :
11. ആദായനികുതി വകുപ്പ് നൽകുന്ന പാൻകാർഡിന്റെ നമ്പർ :
12. വാർഷിക വരുമാനം :
13. ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ ജോലിയിൽ ഏർപ്പെട്ട തീയതി :
14. വായ്പയുടെ ആവശ്യം :

15. അംഗത്തിന്റെ വസ്തുവകകളുടെ പൂർണ്ണ വിവരം

(എ) ആധാരത്തിന്റെ നമ്പർ :

(ബി) സർവ്വേ നമ്പർ :

(സി) ഈ വസ്തുവിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ന്യായവില :

(ഡി) മറ്റ് വിശദ വിവരങ്ങൾ :

(ഇ) നിലവിൽ അംഗത്തിനുള്ള ബാദ്ധ്യതകളുടെ വിശദവിവരം :

16. വീട് വയ്ക്കുന്നതിന്/വീട് പുതുക്കി പണിയുന്നതിന് ഉദ്ദേശിക്കുന്ന വസ്തുവിന്റെ വിശദവിവരം

(എ) ആധാരത്തിന്റെ നമ്പർ :

(ബി) സർവ്വേ നമ്പർ :

(സി) ഈ വസ്തുവിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ന്യായവില :

(ഡി) വില്ലേജ്, താലൂക്ക്, ജില്ല :

(ഇ) വസ്തുവിന്റെ വിസ്തീർണ്ണം :

17. വീട് വയ്ക്കുന്നതിന്/പുതുക്കി പണിയുന്നതിന് ഉള്ള എസ്റ്റിമേറ്റ് തുക :

18. അപേക്ഷിക്കുന്ന വായ്പാ തുക :

19. തിരിച്ചടയ്ക്കാൻ ഉദ്ദേശിക്കുന്ന കാലാവധി :

**താഴെപ്പറയുന്ന രേഖകൾ കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്**

1. ആദായനികുതിവകുപ്പ് നൽകുന്ന പാൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (നിലവിൽ റിട്ടേൺസ് ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ അവസാന വർഷത്തെ പകർപ്പ്).

2. വസ്തുവിന്റെ 20 വർഷത്തെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ്.

3. വസ്തുവിന്റെ കരംതീർത്ത രസീത്.

4. സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും ശിപാർശ, അവസാനം വരിസംഖ്യ അടച്ച രസീത്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അംഗത്വ സാക്ഷ്യപത്രം.

5. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്നും ലഭിച്ച അനുമതിയുടെയും എസ്റ്റിമേറ്റിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

6. ലൊക്കേഷൻ സർട്ടിഫിക്കറ്റ്.

---

**ഓഫീസ് ഉപയോഗത്തിന്**

.........അപേക്ഷകന്/അപേക്ഷകയ്ക്ക്.................................................................രൂപ വായ്പയായി അനുവദിച്ചിരിക്കുന്നു.

(ഒപ്പ്)

സെക്രട്ടറി,

ക്ഷേമനിധി.

**സത്യപ്രസ്താവന**

പേര്.......................................................................വിലാസം.......................................
..........................................................................................................................

എന്ന ഞാൻ മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്നും ഈ വായ്പ സംബന്ധമായി ക്ഷേമനിധി ബോർഡിന് എന്തെങ്കിലും തുക പിരിഞ്ഞുകിട്ടാൻ ഉണ്ടെങ്കിൽ എനിക്ക് ക്ഷേമനിധിയിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യത്തിൽ നിന്നോ എന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നോ ഈടാക്കുന്നതിന് എനിക്ക് പൂർണ്ണസമ്മതമാണെന്നും ഇതിനാൽ ബോധിപ്പിച്ചു കൊള്ളുന്നു.

സ്ഥലം :

ഒപ്പ് :

തീയതി :

പേര് :

കുറിപ്പ്:—

1. വസ്തുവിന്റെ പ്രമാണം ക്ഷേമനിധിയുടെ പേരിൽ പണയപ്പെടുത്തേണ്ടതും പ്രമാണം ക്ഷേമനിധി സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്.
2. വായ്പയ്ക്ക് 9% വാർഷിക പലിശ ഈടാക്കുന്നതായിരിക്കും.
3. വീട് പണിതതിന്റെ/വീട് പുതുക്കി പണിഞ്ഞതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും ഹാജരാക്കാത്തപക്ഷം മുൻകാല പ്രാബല്യത്തോടുകൂടി വായ്പയ്ക്ക് 18% പലിശ ഈടാക്കുന്നതാണ്.
4. മുടക്കം വരുത്തുന്ന തവണകൾക്ക് 18% പലിശ ഈടാക്കുന്നതായിരിക്കും.
5. ക്ഷേമനിധിയുടെ ബജറ്റ് വിഹിതത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുകയുടെ ലഭ്യത അനുസരിച്ച് മാത്രമേ വായ്പ അനുവദിക്കുകയുള്ളു.
6. അപേക്ഷ സെക്രട്ടറിക്ക് ലഭിക്കുന്ന തീയതിയുടെയും അപേക്ഷകൻ ക്ഷേമനിധി അംഗത്വം പൂർത്തിയാക്കിയ വർഷത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും മുൻഗണനാക്രമം തീരുമാനിക്കുന്നത്.
7. വായ്പ രണ്ട് ഘട്ടമായിട്ടായിരിക്കും അനുവദിക്കുന്നത്. ഒന്നാംഘട്ടം വായ്പ അനുവദിച്ച് കോൺക്രീറ്റ്/മേൽക്കൂരയുടെ പണി പൂർത്തീകരിച്ച ശേഷം രണ്ടാംഘട്ട വായ്പ അനുവദിക്കുന്നതാണ്. ആവശ്യമെന്ന് കണ്ടാൽ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തുന്നതാണ്.
8. വീട് നിർമ്മിക്കുന്നതിന് അംഗത്തിന്റെ പ്രതിമാസ വരുമാനത്തിന്റെ മുപ്പത് ഇരട്ടി അല്ലെങ്കിൽ രണ്ടരലക്ഷം രൂപ അല്ലെങ്കിൽ എസ്റ്റിമേറ്റിന്റെ എൺപത് ശതമാനം ഇവയിൽ ഏതാണോ കുറവ് ആ തുക വായ്പയായി അനുവദിക്കുന്നതാണ്. വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള പരമാവധി കാലാവധി 60 മാസം ആയിരിക്കും.
9. വീട് പുതുക്കിപ്പണിയുന്നതിന് അംഗത്തിന്റെ മാസവരുമാനത്തിന്റെ പത്തിരട്ടി അല്ലെങ്കിൽ അറുപതിനായിരം രൂപ അല്ലെങ്കിൽ എസ്റ്റിമേറ്റിന്റെ എൺപത് ശതമാനം ഇവയിൽ ഏതാണോ കുറവ് ആ തുക വായ്പയായി അനുവദിക്കുന്നതാണ്. വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള പരമാവധി കാലാവധി 40 മാസം ആയിരിക്കും.

ഫാറം നമ്പർ 18

## വസ്തുവോ, വീടോടുകൂടിയ വസ്തുവോ വാങ്ങുന്നതിനുള്ള അപേക്ഷ

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 31(4), 33(10) എന്നിവ കാണുക]

അംഗത്തിന്റെ ഫോട്ടോ

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

1. അംഗത്തിന്റെ പേര് :
2. സ്ഥിരമായ മേൽവിലാസം :
3. നിലവിലുള്ള മേൽവിലാസം :
4. അംഗത്വ നമ്പർ :
5. അംഗത്വം ലഭിച്ച തീയതി :
6. അംഗത്വത്തിൽ നിന്നും വിരമിക്കുന്ന തീയതി :
7. ബാങ്ക് അക്കൗണ്ട് :
8. പാൻ നമ്പർ :
9. അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് :
10. ജനനത്തീയതിയും വയസ്സും :
11. വൈവാഹിക പദവി : വിവാഹിതൻ/വിവാഹിത/അവിവാഹിതൻ/അവിവാഹിത/വിധവ/വിഭാര്യൻ
12. ലൈസൻസിന്റെ നമ്പരും തീയതിയും :
13. തിരിച്ചറിയൽ അടയാളങ്ങൾ :

    (i)

    (ii)

കുറിപ്പ്:— 1. വസ്തുവിന്റെ പ്രമാണം ക്ഷേമനിധിയുടെ പേരിൽ പണയപ്പെടുത്തേണ്ടതും പ്രമാണം ക്ഷേമനിധി സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്.

2. വായ്പയ്ക്ക് 9% വാർഷിക പലിശ ഈടാക്കുന്നതായിരിക്കും.

3. മുടക്കംവരുത്തുന്ന തവണകൾക്ക് 18% പലിശ ഈടാക്കുന്നതായിരിക്കും.

4. ക്ഷേമനിധിയുടെ ബജറ്റ് വിഹിതത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുകയുടെ ലഭ്യത അനുസരിച്ച് മാത്രമേ വായ്പ അനുവദിക്കുകയുള്ളൂ.

5. അപേക്ഷ സെക്രട്ടറിക്ക് ലഭിക്കുന്ന തീയതിയുടെയും അപേക്ഷകൻ ക്ഷേമനിധി അംഗത്വം പൂർത്തിയാക്കിയ വർഷത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും മുൻഗണനാക്രമം തീരുമാനിക്കുന്നത്.

6. ആവശ്യമെന്ന് കണ്ടാൽ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ സ്ഥലം നേരിൽ സന്ദർശിക്കുന്നതാണ്.

താഴെപ്പറയുന്ന രേഖകൾ കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ് :

1. ആദായനികുതി വകുപ്പ് നൽകുന്ന പാൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (നിലവിൽ റിട്ടേൺസ് ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ അവസാന വർഷത്തെ പകർപ്പ്)
2. വസ്തുവിന്റെ 20 വർഷത്തെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ്
3. വസ്തുവിന്റെ കരംതീർത്ത രസീത്
4. സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും ശിപാർശ.
5. അവസാന വരിസംഖ്യ അടച്ച രസീത്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ അംഗത്വ സാക്ഷ്യപത്രം, ശിപാർശക്കത്തും റിപ്പോർട്ടും.

---

**ഓഫീസ് ഉപയോഗത്തിന്**

അപേക്ഷകന്/അപേക്ഷകയ്ക്ക്................................................................രൂപ വായ്പയായി അനുവദിച്ചിരിക്കുന്നു.

(ഒപ്പ്)

സെക്രട്ടറി,
ക്ഷേമനിധി.

14. ഏത് സബ് രജിസ്ട്രാർ ഓഫീസിന്റെ പരിധിയിലാണ് ജോലി ചെയ്യുന്നത് :

15. വായ്പയുടെ ആവശ്യം :

16. വാങ്ങാൻ ഉദ്ദേശിക്കുന്ന വസ്തുവിന്റെ/ വീടോടുകൂടിയ വസ്തുവിന്റെ പൂർണ്ണവിവരം :

(എ) ആധാര നമ്പർ :

(ബി) സർവ്വേ നമ്പർ :

(സി) വസ്തുവിന്റെ വിസ്തീർണ്ണം :

(ഡി) ഈ വസ്തുവിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ന്യായവില :

(ഇ) വീട്ടുനമ്പർ, വിസ്തീർണ്ണം :

17. അപേക്ഷിക്കുന്ന വായ്പാ തുക :

18. അംഗത്തിന്റെ മാസവരുമാനം :

19. തിരിച്ചടയ്ക്കാൻ ഉദ്ദേശിക്കുന്ന കാലാവധി :

സത്യപ്രസ്താവന

പേര്.......................................................................വിലാസം...........................................

.................................................................................................................................................

എന്ന ഞാൻ, മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്നും ഞാൻ ഈ വായ്പ സംബന്ധമായി ക്ഷേമനിധി ബോർഡിന് എന്തെങ്കിലും തുക പിരിഞ്ഞുകിട്ടാൻ ഉണ്ടെങ്കിൽ എനിക്ക് ക്ഷേമനിധിയിൽനിന്നും ലഭിക്കേണ്ട ആനുകൂല്യത്തിൽനിന്നോ എന്റെ സ്ഥാവരജംഗമ വസ്തുക്കളിൽനിന്നോ ഈടാക്കുന്നതിന് എനിക്ക് പൂർണ്ണസമ്മതമാണെന്നും ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : ഒപ്പ് :

തീയതി : പേര് :

ഫാറം നമ്പർ 19

# വിദ്യാഭ്യാസ വായ്പയ്ക്കുള്ള അപേക്ഷ

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 33(8) കാണുക]

അംഗത്തിന്റെ ഫോട്ടോ

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

1. അംഗത്തിന്റെ പേര് :
2. അംഗത്വ നമ്പർ :
3. സ്ഥിരമായ മേൽവിലാസം :
4. നിലവിലുള്ള മേൽവിലാസം :
5. ക്ഷേമനിധിയിലെ അംഗമായ തീയതി :
6. ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ ജോലിയിൽ ഏർപ്പെട്ട തീയതി :
7. ഫോൺ നമ്പർ :
8. പാൻ നമ്പർ :
9. അംഗത്തിന്റെ മക്കളുടെ വിവരം :
10. അംഗത്തിന്റെ മാസവരുമാനം :
11. വിദ്യാർത്ഥിയെ സംബന്ധിച്ച വിവരം
   (i) പേര് :
   (ii) ജനനത്തീയതി :
   (iii) വിദ്യാഭ്യാസ യോഗ്യത :
   (iv) പഠിക്കുന്ന കോഴ്സിന്റെ വിശദവിവരങ്ങൾ :

വിദ്യാർത്ഥിയുടെ ഫോട്ടോ

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

33/3891/2016/S-28.

(v) പഠിക്കുന്ന സ്ഥാപനത്തിന്റെ മേൽവിലാസം :

(vi) കോഴ്സിന്റെ കാലാവധി :

(vii) കോഴ്സ് തുടങ്ങുന്ന/തുടങ്ങിയ തീയതി :

(viii) ഈ കോഴ്സ് കഴിഞ്ഞ ശേഷം കുട്ടിക്ക് കിട്ടുമെന്ന് പ്രതീക്ഷിക്കുന്ന മാസവരുമാനം :

(ix) വിദ്യാഭ്യാസ ആവശ്യത്തിലേക്കായി മറ്റ് വായ്പകൾ എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം :

(x) ഓരോ വർഷവും/സെമസ്റ്ററിലും ആവശ്യമായിവരുന്ന തുകയുടെ വിശദവിവരങ്ങൾ :

12. അപേക്ഷിക്കുന്ന വായ്പയുടെ വിശദവിവരങ്ങൾ

(എ) കോഴ്സിന് ആവശ്യമായ മൊത്തം തുക :

(ബി) അപേക്ഷിക്കുന്ന വായ്പ തുക (ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്ന് ലഭിച്ച രേഖയുടെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്.) :

13. ഈ വായ്പയ്ക്കായി ഈട് നൽകാൻ ഉദ്ദേശിക്കുന്ന വസ്തുവകകളുടെ വിശദവിവരങ്ങൾ

(എ) സർവ്വേ നമ്പർ :

(ബി) ആധാര നമ്പർ :

(സി) ഉടമയുടെ പേരും മേൽവിലാസവും :

(ഡി) ഈ വസ്തുവിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ന്യായവില :

14. വായ്പ തിരിച്ചടയ്ക്കാൻ ഉദ്ദേശിക്കുന്ന വ്യവസ്ഥ

(എ) വായ്പ അനുവദിക്കുന്നതിന്റെ പിറ്റേ മാസം മുതൽ എല്ലാ മാസവും പലിശ കൃത്യമായി അടയ്ക്കുകയും അവസാന തുക ലഭിച്ചതിന്റെ തൊട്ടടുത്ത മാസം മുതൽ 50 മാസം കൊണ്ട് മുതലും പലിശയും ഉൾപ്പെടെ അടച്ചുതീർക്കുന്നതാണ് :

(ബി) വായ്പ അനുവദിക്കുന്നതിന്റെ പിറ്റേമാസം മുതൽ എല്ലാ മാസവും പലിശ അടയ്ക്കുകയും ആദ്യ വായ്പ അനുവദിച്ച് 5 വർഷം കഴിയുമ്പോൾ/കോഴ്സ് പൂർത്തിയാക്കി 6 മാസത്തിനകം ഏതാണ് കുറവ് ആ തീയതി മുതൽ മുതലും പലിശയും ചേർത്ത് 60 മാസതവണകളായി തിരിച്ചടയ്ക്കുന്നതാണ് :

## സത്യപ്രസ്താവന

വിദ്യാർത്ഥിയുടെ പേര്.............................................വിലാസം..............................................
.....................................................................................................................അംഗത്തിന്റെ പേര്
.................................................................മേൽവിലാസം,......................................................
എന്ന ഞങ്ങൾ മുകളിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്നും ഞങ്ങൾ ഈ ആവശ്യത്തിനായി മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടില്ലായെന്നും ബോധിപ്പിച്ച് കൊള്ളുന്നു. വായ്പയുമായി ബന്ധപ്പെട്ട് ക്ഷേമനിധി അടവ് കുടിശ്ശിക വരികയാണെങ്കിൽ ഞങ്ങളുടെ സ്ഥാവരജംഗമ വസ്തുക്കളിൽനിന്നോ തൊഴിൽ ചെയ്യുന്ന സ്ഥാപനത്തിന്റെ ക്ഷേമനിധിയിൽ നിന്നോ നേരിട്ടോ/കോടതി മുഖേനയോ ഈടാക്കുന്നതിന് ഞങ്ങൾക്ക് പരിപൂർണ്ണ സമ്മതമാണ്.

| | |
|---|---|
| വിദ്യാർത്ഥിയുടെ ഒപ്പ് : | അംഗത്തിന്റെ ഒപ്പ് : |
| പേര് : | പേര് : |
| മേൽവിലാസം : | മേൽവിലാസം : |

## സബ് രജിസ്ട്രാറുടെ ശിപാർശ

ശിപാർശ...........................................................................................................

...........................................................................................................

സ്ഥലം : ഒപ്പ് :

തീയതി : പേര് :

(ഓഫീസ് സീൽ) ഓഫീസിന്റെ പേര് :

---

## രജിസ്റ്ററിംഗ് അധികാരസ്ഥാപനത്തിന്റെ ശിപാർശ

ശിപാർശ...........................................................................................................

...........................................................................................................

സ്ഥലം : ഒപ്പ് :

തീയതി : പേര് :

(ഓഫീസ് സീൽ) ഓഫീസിന്റെ പേര് :

---

കുറിപ്പ്:— 1. ക്ഷേമനിധിയുടെ ബജറ്റിൽ വിദ്യാഭ്യാസ വായ്പയ്ക്കായി വകകൊള്ളിച്ചിരിക്കുന്ന തുകയുടെ ലഭ്യത അനുസരിച്ചായിരിക്കും വായ്പകൾ അനുവദിക്കുന്നത്.

2. അപേക്ഷ ജില്ലാ രജിസ്ട്രാർ മുഖാന്തിരം സെക്രട്ടറിക്ക് ലഭിക്കുന്ന തീയതിയായിരിക്കും അപേക്ഷയുടെ മുൻഗണനയ്ക്കായി പരിഗണിക്കുന്നത്.

3. അപേക്ഷകൻ ശരിയായ രീതിയിൽ വായ്പ വിനിയോഗിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടാൽ അപേക്ഷ അനുവദിച്ച തീയതി മുതൽ 18% പലിശ ഈടാക്കുന്നതായിരിക്കും.

4. പഠിക്കുന്ന കോഴ്സിന് ആവശ്യമായ തുകയോ അല്ലെങ്കിൽ മൂന്നു ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അത് പരമാവധി വായ്പ തുകയായി അനുവദിക്കാവുന്നതാണ്.

താഴെപ്പറയുന്ന രേഖകൾ കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ് :

1. S. S. L. C. മുതൽ പഠിക്കാൻ ഉദ്ദേശിക്കുന്ന കോഴ്സ് വരെയുള്ള സർട്ടിഫിക്കറ്റിന്റെ/ മാർക്ക് ലിസ്റ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. കോഴ്സിന് പ്രവേശനം കിട്ടിയതിന്റെ സാക്ഷ്യപ്പെടുത്തിയ രേഖ.
3. അപേക്ഷയിൽ പതിക്കുന്ന ഫോട്ടോയ്ക്ക് പുറമേ അംഗത്തിന്റെയും വിദ്യാർത്ഥിയുടെയും ഓരോ ഫോട്ടോ ഉള്ളടക്കം ചെയ്യേണ്ടതാണ്.
4. ആദായ നികുതി വകുപ്പ് നൽകുന്ന പാൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി (നിലവിൽ റിട്ടേൺസ് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ അവസാന വർഷത്തെ കോപ്പി).
5. സബ് രജിസ്ട്രാറുടെയും, ജില്ലാ രജിസ്ട്രാറുടെയും ശിപാർശ.
6. അംഗത്വ സർട്ടിഫിക്കറ്റ്, വസ്തുവിന്റെ കരം അടച്ച രസീത്, അവസാന വരിസംഖ്യ അടച്ച രസീത്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

---

ഓഫീസ് ഉപയോഗത്തിന്

1. അനുവദിക്കുന്ന വായ്പാ തുക :
2. വായ്പ അനുവദിക്കുന്ന തീയതികൾ :
3. വായ്പ തിരിച്ചടച്ച് തുടങ്ങേണ്ട തീയതി :

(ഒപ്പ്)

സെക്രട്ടറി,

ക്ഷേമനിധി.";

3. പട്ടികയുടെ ഭേദഗതി.—

(1) പട്ടിക I-ൽ താഴെപ്പറയുന്ന ശീർഷകം ചേർക്കേണ്ടതാണ്, അതായത്:—

'2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമപദ്ധതി',

(2) പട്ടിക II-ൽ താഴെപ്പറയുന്ന ശീർഷകം ചേർക്കേണ്ടതാണ്, അതായത്:—

"2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമപദ്ധതി".

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി. മാരപാണ്ഡ്യൻ,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 ഏപ്രിൽ 9-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 68/2013/നി.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2013 ഏപ്രിൽ 10-ാം തീയതിയിലെ 1040-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 294/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14) യുടെ 20-ാമത് റിപ്പോർട്ടിലെ ശിപാർശകൾ അനുസരിച്ച് പ്രസ്തുത ക്ഷേമനിധി പദ്ധതിയിൽ ചില ഭേദഗതികൾ വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/4073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2019 നവംബർ 06<br>06th November 2019<br>1195 തുലാം 20<br>20th Thulam 1195<br>1941 കാർത്തികം 15<br>15th Karthika 1941 | നമ്പർ<br>No. 2466 |

കേരള സർക്കാർ

നികുതി (ഇ) വകുപ്പ്

വിജ്ഞാപനം

ജി.ഒ.(പി)നമ്പർ 166/2019/നി.വ. തിരുവനന്തപുരം, 2019 നവംബർ 5

1195, തുലാം 19.

എസ്. ആർ. ഒ. നമ്പർ 818/2019

2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013-ലെ 7) 3-ാം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ 2013 ഏപ്രിൽ 9-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 68/2013/നി.വ. ഉത്തരവ് പ്രകാര പുറപ്പെടുവിച്ചതും, 2013 ഏപ്രിൽ 10-ാം തീയതിയിലെ 1040-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 294/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത് :-

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ പദ്ധതിക്ക് 2019-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ,—

17-ാം ഖണ്ഡികയിലെ (2)-ാം ഉപഖണ്ഡികയ്ക്കു പകരം താഴെപ്പറയുന്ന ഉപഖണ്ഡികകൾ ചേർക്കേണ്ടതാണ്, അതായത്:-

"(2) ക്യാൻസർ, ഹൃദ്രോഗം (ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, ഓപ്പൺ ഹാർട്ട് ശസ്ത്രക്രിയ എന്നിവയ്ക്ക്), ക്ഷയം, മാനസികരോഗം, കുഷ്ഠം, വാതം, ഗർഭാശയരോഗം, ശസ്ത്രക്രിയ വഴി ഗർഭാശയം നീക്കം ചെയ്യൽ, അപകടം മൂലം അംഗവൈകല്യം സംഭവിക്കൽ, തലച്ചോർ, കരൾ എന്നിവയുടെ ശസ്ത്രക്രിയകൾ, വൃക്കകൾ, ഹൃദയം, കരൾ എന്നിവയുടെ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ, ഡയാലിസിസ്, പെരിറ്റോണിയൽ ഡയാലിസിസ്, വൃക്ക മാറ്റിവയ്ക്കലിന് ശേഷമുള്ള തുടർ ചികിത്സ, ഹീമോഫീലിയ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്ന എന്നിവയുടെ ഗുരുതര ക്ഷതങ്ങൾ എന്നീ രോഗങ്ങളാലും ദുരിതമനുഭവിക്കുന്നവർക്ക് ചികിത്സാധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2 എ) സ്വാഭാവികമല്ലാത്ത പ്രസവം.- വനിതകളായ ക്ഷേമനിധി അംഗങ്ങൾക്ക്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

620



സ്വാഭാവികമല്ലാത്ത പ്രസവത്തിന് (സിസേറിയൻ) ക്ഷേമനിധിയിൽ നിന്നും ചികിത്സാ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**മനോജ് ജോഷി,**

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 ഏപ്രിൽ 9-ാം തീയതിയിലെ ജി.ഒ. (പി) നം.68/2013/നി.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും, 2013 ഏപ്രിൽ 10-ാം തീയതിയിലെ 1040-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 294/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14)-യുടെ 20-ാമത് റിപ്പോർട്ടിലെ ശിപാർശകൾ അനുസരിച്ച് പ്രസ്തുത ക്ഷേമനിധി പദ്ധതിയിൽ ചില ഭേദഗതികൾ 2016 നവംബർ 26-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 104/2016/നി.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2016 നവംബർ 26-ാം തീയതിയിലെ 2062-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 720/2016 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ സർക്കാർ ഭേദഗതികൾ വരുത്തിയിരുന്നു. കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14)-യുടെ 20-ാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വീണ്ടും ചില ഭേദഗതികൾ പ്രസ്തുത പദ്ധതിയിൽ വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുബന്ധം 6

©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2023 നവംബർ 15<br>15th November 2023<br>1199 തുലാം 29<br>29th Thulam 1199<br>1945 കാർത്തികം 24<br>24th Karthika 1945 | നമ്പർ<br>No. 3673 |

കേരള സർക്കാർ

**നികുതി (ഇ) വകുപ്പ്**

വിജ്ഞാപനം

ജി.ഒ.(പി) നമ്പർ. 152/2023/നി.വ. തിരുവനന്തപുരം, *2023 നവംബർ 15*

1199 തുലാം29.

**എസ്. ആർ. ഒ. നമ്പർ 1202/2023**

2012 ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013-ലെ 7) 3, 8 എന്നീ വകുപ്പുകൾ പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2013 ഏപ്രിൽ 9-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 68/2013/നി.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും, 2013 ഏപ്രിൽ 10-ാം തീയതിയിലെ 1040-ാം നമ്പർ

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 ഏപ്രിൽ 9-ാം തീയതിയിലെ ജി.ഒ. (പി) നം.68/2013/നി.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും, 2013 ഏപ്രിൽ 10-ാം തീയതിയിലെ 1040-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 294/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം രൂപീകരിച്ച 2013 ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ സബോർഡിനേറ്റ് ലജിസ്ലേഷൻ സമിതി (2011-14)-ലെ 20-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരമുള്ള ഭേദഗതികൾ വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.11.15 07:45:10 +05:30

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 ഏപ്രിൽ 9-ാം തീയതിയിലെ ജി.ഒ. (പി) നം.68/2013/നി.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും, 2013 ഏപ്രിൽ 10-ാം തീയതിയിലെ 1040-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 294/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം രൂപീകരിച്ച 2013 ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ സബോർഡിനേറ്റ് ലജിസ്ലേഷൻ സമിതി (2011-14)-ലെ 20-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരമുള്ള ഭേദഗതികൾ വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.11.15 07:45:10 +05:30

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7 Vol. VII | തിരുവനന്തപുരം, ബുധൻ Thiruvananthapuram, Wednesday | 2018 ജനുവരി 24 24th January 2018 1193 മകരം 10 10th Makaram 1193 1939 മാഘം 4 4th Magha 1939 | നമ്പർ No. 154 |


## കേരള സർക്കാർ

നികുതി (ഇ) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 4/2018/നി.വ. തിരുവനന്തപുരം, 2018 ജനുവരി 22 / 1193 മകരം 8.

എസ്. ആർ. ഒ. നമ്പർ 47/2018.—2012-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013-ലെ 7) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ

33/258/2018/S-12.

തുക കണക്കിലെടുത്ത്, പ്രസ്തുത ആക്റ്റിന്റെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ "നൂറ് രൂപ" എന്ന അംശദായ നിരക്ക് "ഇരുനൂറ് രൂപ" അംശദായ നിരക്കായി കേരള സർക്കാർ ഇതിനാൽ പരിഷ്കരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

മിൻഹാജ് ആലം,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

ഭേദഗതി ചെയ്യപ്പെട്ട 2013 ഏപ്രിൽ 9-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 68/2013/നി.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും, 2013 ഏപ്രിൽ 10-ാം തീയതിയിലെ 1040-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 294/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം [എസ്.ആർ.ഒ. 752/2017-ാം നമ്പർ വിജ്ഞാപനമായി 2017 നവംബർ 20-ാം തീയതിയിലെ 2551-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 2017 നവംബർ 18-ാം തീയതിയിലെ ജി. ഒ. (പി) 172/2017/ നി.വ. നമ്പർ ഉത്തരവ് പ്രകാരം] ക്ഷേമനിധി പദ്ധതിയിലെ വിവിധ ആനുകൂല്യങ്ങൾ 2017 ജൂലായ് 1-ാം തീയതി മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധിയുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും ക്ഷേമനിധി ബോർഡിന്റെ ശുപാർശകൾ അനുസരിച്ചും ക്ഷേമനിധി ബോർഡിൽ നിന്നും അംഗങ്ങൾക്ക് വിതരണം ചെയ്യുന്ന വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതിന് ആനുപാതികമായി 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ അംഗമായിത്തീരാൻ അർഹതയുള്ള ഓരോ ആധാരമെഴുത്തുകാരനും പകർപ്പെഴുത്തുകാരനും സ്റ്റാമ്പ് വെണ്ടറും ക്ഷേമനിധിയിലേക്ക് അംശദായമായി ഓരോ മാസവും നൽകേണ്ട തുക നൂറ് രൂപയിൽ നിന്നും ഇരുന്നൂറ് രൂപയായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. കെ.എൽ/ടി.വി(എൻ)/634/2012-14
KL/TV(N)/634/2012-14

©
Government of Kerala
കേരള സർക്കാർ
2013

# KERALA GAZETTE
# കേരള ഗസററ്

## EXTRAORDINARY
## അസാധാരണം

PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. II / വാല്യം 2 | Thiruvananthapuram, Wednesday / തിരുവനന്തപുരം, ബുധൻ | 10th April 2013 / 2013 ഏപ്രിൽ 10 / 20th Chaithra 1935 / 1935 ചൈത്രം 20 | No. / നമ്പർ 1040 |

## കേരള സർക്കാർ

നികുതി (ഇ) വകുപ്പ്

### വിജ്ഞാപനം

*തിരുവനന്തപുരം, 2013 ഏപ്രിൽ 9.*

ജി. ഒ. (പി) നമ്പർ 68/2013/നി.വ.

എസ്. ആർ. ഒ. നമ്പർ 294/2013.—2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013-ലെ 7) 3-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെപ്പറയുന്ന പദ്ധതി ഇതിനാൽ ആവിഷ്ക്കരിക്കുന്നു, അതായത് :—

അദ്ധ്യായം ഒന്ന്

**പദ്ധതി**

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി എന്ന പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

-/1726/2013/DTP.

4. <u>സെക്രട്ടറിയുടെ അധികാരങ്ങളും ചുമതലകളും</u>.—സെക്രട്ടറിക്ക് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ബോർഡിലെ ഉദ്യോഗസ്ഥൻമാരുടെയും അംഗങ്ങളുടെയും മേൽനോട്ടവും നിയന്ത്രണവും;

(ii) ബോർഡിനുവേണ്ടിയും ബോർഡിനെതിരെയുമുള്ള കേസുകളുടെ നടത്തിപ്പ്;

(iii) അതാത് സമയം ബോർഡ് അധികാരപ്പെടുത്തുന്ന സാമ്പത്തിക പരിധിക്ക് വിധേയമായി ബോർഡിന്റെ ഭരണത്തിന് ആവശ്യമായ സാധനസാമഗ്രികളും സേവനങ്ങളും ലഭ്യമാക്കുന്നതിന് ആവശ്യമായ ചെലവുകൾക്ക് തന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അനുമതി നൽകൽ;

(iv) ബോർഡ് അധികാരപ്പെടുത്തുന്ന മുറയ്ക്ക്, മുകളിൽപ്പറഞ്ഞ അധികാരങ്ങൾക്ക് പുറമേ മറ്റ് ഭരണപരവും സാമ്പത്തികപരവുമായ അധികാരങ്ങൾ നിർവ്വഹിക്കൽ.

5. <u>ബോർഡിന്റെ ആസ്ഥാനം</u>.—ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്ത് ആയിരിക്കുന്നതാണ്.

6. <u>ബോർഡ് യോഗത്തിന്റെ അറിയിപ്പും കാര്യവിവര പട്ടികയും</u>.—(1) ബോർഡ് അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

(2) ബോർഡ് യോഗത്തിനുള്ള തീയതിയും സമയവും സ്ഥലവും ചെയർമാന്റെ അനുമതിയോടെ നിശ്ചയിച്ച് സെക്രട്ടറി യോഗം വിളിച്ച് കൂട്ടേണ്ടതാണ്.

(3) ബോർഡ് യോഗം ചേരേണ്ട തീയതിക്ക് പതിനഞ്ചു ദിവസങ്ങൾക്കു മുൻപ് യോഗത്തിന്റെ നോട്ടീസും കാര്യവിവര പട്ടികയും ഓരോ ബോർഡ് അംഗത്തിനും രജിസ്ട്രേർഡ് തപാൽ വഴിയോ ഫാക്സ്/ഇ-മെയിൽ മുഖേനയോ അല്ലെങ്കിൽ പ്രത്യേക ദൂതൻ വഴിയോ അയയ്ക്കേണ്ടതും, നോട്ടീസിൽ യോഗ തീയതി, സമയം, സ്ഥലം എന്നിവ വ്യക്തമായി കാണിച്ചിരിക്കേണ്ടതുമാണ് :

എന്നാൽ, അടിയന്തിര യോഗത്തിന് സമയപരിധി ബാധകമായിരിക്കുന്നതല്ല.

7. <u>യോഗ നടപടിക്കുറിപ്പ് തയ്യാറാക്കൽ</u>.—(1) യോഗനടപടിക്കുറിപ്പുകൾ ഇതിനായുള്ള നടപടിക്കുറിപ്പ് പുസ്തകത്തിൽ സെക്രട്ടറി രേഖപ്പെടുത്തേണ്ടതും, യോഗം നടന്ന് പതിനഞ്ച് ദിവസങ്ങൾക്കകം ചെയർമാൻ അംഗീകരിച്ച നടപടിക്കുറിപ്പിന്റെ പകർപ്പ് എല്ലാ ബോർഡ് അംഗങ്ങൾക്കും അയച്ചുകൊടുക്കേണ്ടതുമാണ്.

(2) യോഗനടപടിക്കുറിപ്പിൽ എന്തെങ്കിലും മാറ്റം വരുത്തുകയാണെങ്കിൽ അവ അടുത്ത യോഗത്തിൽ അങ്ങനെ തിരുത്തി സ്ഥിരീകരിച്ച് ചെയർമാൻ ഒപ്പ് വയ്ക്കേണ്ടതാണ്.

8. സമിതികളുടെ രൂപീകരണം.—(1) ബോർഡിന്, യുക്തമെന്ന് തോന്നുന്നപക്ഷം, വാർഷിക ബഡ്ജറ്റ്, വാർഷിക ഭരണ റിപ്പോർട്ട്, ആഡിറ്റ് റിപ്പോർട്ട്, പദ്ധതി പരിഷ്ക്കരണം, പുതിയ ക്ഷേമപരിപാടികളുടെ ആവിഷ്ക്കരണം എന്നിവയോ ബോർഡ് പരാമർശിക്കുന്ന മറ്റേതെങ്കിലും കാര്യമോ പരിഗണിക്കുന്നതിലേക്കായി ആവശ്യാനുസരണം ഉപസമിതികൾ രൂപീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപഖണ്ഡികപ്രകാരം രൂപീകരിക്കുന്ന ഒരു ഉപസമിതിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ചെയർമാൻ ;

(ബി) സെക്രട്ടറി ഉൾപ്പെടെ രണ്ട് ഔദ്യോഗിക അംഗങ്ങൾ ;

(സി) രണ്ട് അനൗദ്യോഗിക അംഗങ്ങൾ.

(3) ചെയർമാൻ ഉപസമിതികളുടെയും ചെയർമാൻ ആയിരിക്കുന്നതാണ്.

(4) ഉപസമിതിയുടെ യോഗങ്ങളിൽ കുറഞ്ഞത് മൂന്ന് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതും, അതിൽ സർക്കാരിനെ പ്രതിനിധീകരിക്കുന്ന രണ്ട് അംഗങ്ങളെങ്കിലും ഹാജരില്ലാതെ യാതൊരു കാര്യപരിപാടികളും നടത്താൻ പാടില്ലാത്തതുമാകുന്നു.

(5) ഉപസമിതികളുടെ പരമാവധി ഔദ്യോഗിക കാലാവധി ആറുമാസമായിരിക്കുന്നതാണ് :

എന്നാൽ, അത്യാവശ്യമാണെന്ന് ബോർഡ് കാണുന്നപക്ഷം, ഉപസമിതിയുടെ കാലാവധി അത്യാവശ്യമായ കാലയളവിലേക്ക് ബോർഡിന് ദീർഘിപ്പിക്കാവുന്നതാണ് :

എന്നുമാത്രമല്ല, ഏതൊരു ഉപസമിതിയുടെയും കാലാവധി ബോർഡിന്റെ ഔദ്യോഗിക കാലാവധി കഴിയുന്നതോടെ അവസാനിക്കുന്നതാണ്.

## അദ്ധ്യായം മൂന്ന്

## നിധിയുടെ ഭരണം

9. നിധി കൈകാര്യം ചെയ്യൽ.—(1) ബോർഡിന്റെ നിർദ്ദേശപ്രകാരം സെക്രട്ടറി നിധി കൈകാര്യം ചെയ്യേണ്ടതാണ്. ആക്റ്റിലും പദ്ധതിയിലും ചട്ടങ്ങളിലും പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾക്കുവേണ്ടി മാത്രം നിധി വിനിയോഗിക്കേണ്ടതാണ്.

(2) നിധി സംബന്ധിച്ചുള്ള ഇടപാടുകൾ നടത്തുന്നതിനായി സെക്രട്ടറി ബോർഡിന്റെ അനുമതിയോടെ ദേശസാൽകൃത ബാങ്കിലോ ഷെഡ്യൂൾഡ് ബാങ്കിലോ സഹകരണ ബാങ്കിലോ സംസ്ഥാന ട്രഷറിയിലോ, സേവിംഗ്സ് ബാങ്ക് അല്ലെങ്കിൽ കറണ്ട് അക്കൗണ്ട് തുറക്കേണ്ടതാണ്.

(3) 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയുടെ കണക്കിലുണ്ടായിരുന്ന എല്ലാ തുകകളും ഈ ആക്റ്റിൻകീഴിൽ രൂപീകരിക്കുന്ന നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും അതിൽ വരവു വയ്ക്കുന്നതുമാണ്.

10. നിധിയിലെ പണം നിക്ഷേപിക്കൽ.—സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും ബോർഡ് തീരുമാനത്തിന് വിധേയമായും നിധിയിലെ പണം നിക്ഷേപിക്കേണ്ടതാണ്.

## അദ്ധ്യായം നാല്

## നിധിയിലെ അംഗത്വവും അംഗത്വ സർട്ടിഫിക്കറ്റ് നൽകലും

11. നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷയും അംഗത്വ സർട്ടിഫിക്കറ്റ് നൽകലും.—(1) നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷാ ഫാറം നമ്പർ 1-ൽ ആയിരിക്കേണ്ടതാണ്. അപേക്ഷകൻ അപേക്ഷയുടെ രണ്ട് പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്. ശരിയായി പൂരിപ്പിച്ച്, അപേക്ഷകൻ ഒപ്പിട്ട അപേക്ഷ, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, മേൽവിലാസം, ജനനത്തീയതി, വയസ്സ് എന്നിവ തെളിയിക്കുന്നതിനാവശ്യമായ, ഒരു ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ രേഖകൾ, ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ ലൈസൻസിന്റെ പകർപ്പ്, ശരിയായ രീതിയിൽ പൂരിപ്പിച്ച നോമിനേഷൻ ഫാറം, ആധാരമെഴുത്തുകാർ, പകർപ്പെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരുടെ രംഗത്ത് പ്രവർത്തിക്കുന്ന ഒരു അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറിയുടെ ശിപാർശ കത്ത്, ഏത് സബ് രജിസ്ട്രാർ ഓഫീസിന്റെ പരിധിയിലാണോ പ്രവർത്തിക്കുന്നത് ആ സബ് രജിസ്ട്രാറുടെ ശിപാർശ കത്ത് എന്നിവ സഹിതം ബന്ധപ്പെട്ട രജിസ്റ്ററിംഗ് അധികാരസ്ഥാനം മുമ്പാകെ സമർപ്പിക്കേണ്ടതും രജിസ്റ്ററിംഗ് അധികാരസ്ഥാനം ആയത് പരിശോധിച്ച് ശിപാർശ സഹിതം ബോർഡിലേക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

(2) അപേക്ഷാഫീസ് ബന്ധപ്പെട്ട സബ് രജിസ്ട്രാർ ആഫീസിൽ അടയ്ക്കേണ്ടതും ആയതിന്റെ രസീത് അപേക്ഷയോടൊപ്പം വയ്ക്കേണ്ടതുമാണ്.

(3) അപേക്ഷകൻ അപേക്ഷയോടൊപ്പം നോമിനേഷന്റെ രണ്ടു പകർപ്പുകൾ നൽകേണ്ടതും രജിസ്റ്ററിംഗ് അധികാരസ്ഥാനം സാക്ഷ്യപ്പെടുത്തിയ നോമിനേഷന്റെ ഒരു പകർപ്പ് അംഗത്വ സാക്ഷ്യപത്രത്തിനൊപ്പം രജിസ്റ്ററിംഗ് അധികാരസ്ഥാനം അംഗത്തിന് നൽകേണ്ടതുമാണ്.

(4) വയസ്സ്, ജനനത്തീയതി, മേൽവിലാസം എന്നിവ തെളിയിക്കുന്നതിനായി റേഷൻ കാർഡ്, അംഗീകൃത തിരിച്ചറിയൽ കാർഡ്, എസ്. എസ്. എൽ. സി. ബുക്ക്, പാസ്പോർട്ട്, പാൻകാർഡ് എന്നിവയിലേതെങ്കിലും ഒന്നിന്റെ ബന്ധപ്പെട്ട പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ പ്രസ്തുത രേഖകൾ ലഭ്യമല്ലെങ്കിൽ മേൽവിലാസം തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽ നിന്നുള്ള സാക്ഷ്യപത്രവും, വയസ്സും ജനനത്തീയതിയും തെളിയിക്കുന്നതിന് ഒരു അസിസ്റ്റന്റ് സർജന്റെ പദവിയിൽ താഴെയല്ലാത്ത മെഡിക്കൽ ആഫീസറുടെ സാക്ഷ്യപത്രമോ ഹാജരാക്കേണ്ടതാണ്.

(5) അംഗത്വത്തിനായി ലഭിക്കുന്ന അപേക്ഷകൾ ബോർഡ് പരിശോധിച്ചശേഷം അംഗത്വം നൽകാവുന്നതും ബോർഡിന്റെ തീരുമാനം രജിസ്റ്ററിംഗ് അധികാരസ്ഥാനത്തെ അറിയിക്കേണ്ടതുമാണ്. ബോർഡ് അംഗത്വം നൽകി ഉത്തരവായ അപേക്ഷകർക്ക് രജിസ്റ്ററിംഗ് അധികാരസ്ഥാനം ഫാറം നമ്പർ 2-ൽ ഒരു അംഗത്വ സർട്ടിഫിക്കറ്റ് നൽകേണ്ടതും ആവശ്യമായ വിവരങ്ങൾ ഫാറം നമ്പർ 3-ലെ അംഗത്വ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്. രജിസ്റ്ററിലെ വിവരങ്ങൾ കൃത്യതയോടും, അതതു സമയങ്ങളിൽ വേണ്ട വിവരങ്ങൾ ഉൾക്കൊള്ളിച്ചും സൂക്ഷിക്കേണ്ടതാണ്. സംസ്ഥാനതലത്തിലുള്ള അംഗത്വ രജിസ്റ്റർ ഫാറം നമ്പർ 3-ൽ തന്നെ എഴുതി സെക്രട്ടറിയും സൂക്ഷിക്കേണ്ടതാണ്.

(6) അപേക്ഷയുടെയും അംഗത്വ സാക്ഷ്യപത്രത്തിന്റെയും ഓരോ പകർപ്പുകൾ ബന്ധപ്പെട്ട ജില്ലാ രജിസ്റ്ററിംഗ് അധികാരസ്ഥാനം സൂക്ഷിക്കേണ്ടതും പ്രസ്തുത രേഖകളുടെ ഓരോ പകർപ്പുകൾ സൂക്ഷിക്കുന്നതിനായി സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. അംഗത്തിന് രജിസ്റ്ററിംഗ് അധികാരസ്ഥാനം ഒപ്പിട്ട ഒരു തിരിച്ചറിയൽ കാർഡ് ഫാറ നമ്പർ 4-ലും നിശ്ചിത വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു പാസ് ബുക്ക് ഫാറം നമ്പർ 20-ലും നൽകേണ്ടതാണ്.

(7) അംഗത്വ സാക്ഷ്യപത്രമോ തിരിച്ചറിയൽ കാർഡോ പാസ് ബുക്കോ നഷ്ടപ്പെടുകയും അവയുടെ ഡ്യൂപ്ലിക്കേറ്റിനായി അംഗം അപേക്ഷിക്കുകയും ചെയ്യുന്നപക്ഷം ആവശ്യമായ സത്യവാങ്മൂലം അപേക്ഷകനിൽ നിന്നും വാങ്ങി അന്വേഷണത്തിനും സ്ഥിരീകരണത്തിനും ശേഷം അതിന്റെ ഡ്യൂപ്ലിക്കേറ്റ് ബന്ധപ്പെട്ട രജിസ്റ്ററിംഗ് അധികാരസ്ഥാനം അംഗത്തിന് നൽകേണ്ടതാണ്.

12. നാമനിർദ്ദേശം ചെയ്യൽ.—(1) നിധിയിൽ അംഗമായി ചേരുന്ന ഏതൊരാളും അപേക്ഷയോടൊപ്പം അംഗത്തിന്റെ മരണശേഷം ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകപ്പെടേണ്ട വ്യക്തിയുടെ അഥവാ വ്യക്തികളുടെ പേരും വിശദ വിവരങ്ങളും അടങ്ങിയ ഒരു നോമിനേഷൻ, ഫാറം നമ്പർ 5-ൽ നൽകേണ്ടതാണ്. എന്നാൽ, ആശ്രിതൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്ന ആരെയെങ്കിലും മാത്രമേ അപേക്ഷകൻ നാമനിർദ്ദേശം ചെയ്യാൻ പാടുള്ളൂ.

(2) ഒരു അംഗത്തിന് ഭാവിയിൽ തന്റെ കുടുംബത്തിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ചോ ഉചിതമെന്നു തോന്നുന്ന സമയത്തോ നോമിനേഷനിൽ മാറ്റം വരുത്താവുന്നതാണ്. അങ്ങനെ ചെയ്യുന്നപക്ഷം പുതിയ നോമിനേഷൻ, ഫാറം നമ്പർ 6-ൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം നോമിനേഷനിൽ മാറ്റം വരുത്തുന്ന സംഗതിയിൽ അംഗം ഏറ്റവും അവസാനം സമർപ്പിച്ച നോമിനേഷൻ മാത്രം സാധുവായി നിലനിൽക്കുന്നതാണ്.

13. അംശദായം അടയ്ക്കുന്ന രീതി.—ഓരോ അംഗവും അംശദായമായി ഓരോ മാസവും അടയ്ക്കേണ്ട തുക ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ അടയ്ക്കേണ്ടതാണ്. സബ് രജിസ്ട്രാർ അംശദായം സ്വീകരിച്ച് രസീത് നൽകേണ്ടതും അത് സംബന്ധിച്ച കണക്കുകളും അംഗങ്ങളുടെ വിവരങ്ങളും സൂക്ഷിക്കുകയും ഓരോ മാസവും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് നൽകേണ്ടതും രജിസ്റ്ററിംഗ് അധികാരസ്ഥാനം ജില്ലയിൽ നിന്നും ഓരോ മാസവും ശേഖരിച്ച റിപ്പോർട്ട് ബോർഡിന് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.

14. അപ്പീലിനുള്ള കാലപരിധി.—(1) നിധിയിലെ അംഗത്വത്തിനുള്ള ഒരു അപേക്ഷ ബോർഡ് നിരസിക്കുന്ന പക്ഷം അതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെ നിരസിച്ചുകൊണ്ടുള്ള ഉത്തരവ് കൈപ്പറ്റി മുപ്പതു ദിവസത്തിനകം സർക്കാരിന് അപ്പീൽ നൽകാവുന്നതാണ് :

എന്നാൽ, മുപ്പതു ദിവസക്കാലയളവിനകം അപ്പീൽ നൽകാതിരിക്കുവാൻ അപേക്ഷകന് മതിയായ കാരണമുണ്ടായിരിന്നുവെന്ന് സർക്കാരിന് ബോദ്ധ്യമാകുന്നപക്ഷം കാലതാമസം മാപ്പുചെയ്ത് അത്തരം അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(2) ഒരു ആധാരമെഴുത്തുകാരനോ പകർപ്പെഴുത്തുകാരനോ സ്റ്റാമ്പ് വെണ്ടറോ നിധിയിൽ അംഗമായി തുടരുന്നതിന് അർഹനാണോ അല്ലയോ എന്നതു സംബന്ധിച്ചോ അംഗത്വം റദ്ദാക്കുന്നതു സംബന്ധിച്ചോ അംഗത്വം പുനരുജ്ജീവിപ്പിച്ചുനൽകൽ സംബന്ധിച്ചോ ഉണ്ടായേക്കാവുന്ന രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ തീരുമാനങ്ങൾക്കെതിരെ ആക്ഷേപമുള്ളപക്ഷം, അത്തരം തീരുമാനം സംബന്ധിച്ച ഉത്തരവ് പ്രകാരം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ഉത്തരവ് കൈപ്പറ്റി മുപ്പത് ദിവസത്തിനകം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുൻപാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ് :

എന്നാൽ, മുപ്പതു ദിവസക്കാലയളവിനകം അപ്പീൽ നൽകാതിരിക്കുവാൻ അപേക്ഷകന് മതിയായ കാരണമുണ്ടായിരുന്നുവെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് ബോദ്ധ്യമാകുന്നപക്ഷം കാലതാമസം മാപ്പ് ചെയ്ത് അത്തരം അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(3) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനോ സർക്കാരിനോ ലഭിക്കുന്ന അപ്പീൽ അപേക്ഷകളിൻമേൽ ആവശ്യമായ അന്വേഷണം നടത്തി, അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ അവസരം നൽകി, രേഖകൾ പരിശോധിച്ച് യുക്തമായ തീരുമാനമെടുക്കേണ്ടതും തീരുമാനം അപ്പീൽ അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

## അദ്ധ്യായം അഞ്ച്

## വാർഷിക റിപ്പോർട്ടും ബഡ്ജറ്റും

15. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റുമെന്റും.—(1) നിധിയുടെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ്, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ജൂലൈ 31-ന് മുൻപ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ സർക്കാർ, അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, നിയമസഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്.

16. ബഡ്ജറ്റ് അംഗീകരിക്കൽ.—(1) എല്ലാ വർഷവും ജൂലൈ മാസം അടുത്ത സാമ്പത്തിക വർഷത്തേക്കായുള്ള പ്രതീക്ഷിക്കുന്ന വരവും ചെലവും കാണിക്കുന്ന ഒരു വാർഷിക ബഡ്ജറ്റ് ബോർഡ് മുൻപാകെ സെക്രട്ടറി വയ്ക്കേണ്ടതും ബോർഡിന്റെ അംഗീകാരം ലഭിച്ചശേഷം ആ വർഷം ആഗസ്റ്റ് മാസത്തിൽ തന്നെ ആയത് സർക്കാരിലേക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

(2) ഒരു സാമ്പത്തിക വർഷത്തിനിടയിൽ, അടിയന്തിരഘട്ടത്തിൽ, സെക്രട്ടറിക്ക് അംഗീകരിക്കപ്പെട്ട ബഡ്ജറ്റിൽ നിന്നും ധന പുനർവിനിയോഗം നടത്താവുന്നതാണ്. ബഡ്ജറ്റൽ വക കൊള്ളിച്ചിട്ടുള്ള ചെലവുകൾക്ക് മാത്രമേ ഇത്തരം പുനർവിനിയോഗം ചെയ്യപ്പെടുന്ന തുക ഉപയോഗിക്കാൻ പാടുള്ളൂ. അപ്രകാരം നടത്തപ്പെട്ട എല്ലാ ധന പുനർവിനിയോഗങ്ങളും പതിനഞ്ച് ദിവസത്തിനകം സെക്രട്ടറി ബോർഡിന് റിപ്പോർട്ട് ചെയ്ത് അംഗീകാരം വാങ്ങേണ്ടതാണ്.

## അദ്ധ്യായം ആറ്

## ക്ഷേമനിധി ആനുകൂല്യങ്ങൾ

17. ചികിത്സാ ധനസഹായം.—(1) അംശദായം കൃത്യമായി അടച്ചുവരുന്ന അംഗങ്ങൾക്ക് ചികിത്സാ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) ക്യാൻസർ, ഹൃദ്രോഗം, ക്ഷയം, മാനസികരോഗം, കുഷ്ഠം, വാതം, ഗർഭാശയരോഗം, ശസ്ത്രക്രിയ വഴി ഗർഭാശയം നീക്കംചെയ്യൽ, അപകടംമൂലം അംഗവൈകല്യം സംഭവിക്കൽ, സ്വാഭാവികമല്ലാത്ത പ്രസവം എന്നീ രോഗങ്ങളാലും ബോർഡ് അംഗീകരിക്കുന്ന അങ്ങനെയുള്ള മറ്റ് ഗുരുതര സ്വഭാവമുള്ള അസുഖങ്ങളാലും ദുരിതമനുഭവിക്കുന്നവർക്ക് ചികിത്സാ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ഖണ്ഡിക പ്രകാരമുള്ള ധനസഹായം ഒരംഗത്തിന് പരമാവധി ഇരുപത്തയ്യായിരം രൂപയോ അല്ലെങ്കിൽ ഹാജരാക്കുന്ന ബില്ലുകളിലെ ആകെ തുകയോ ഇവയിൽ ഏതാണോ കുറവ് അത് ആയിരിക്കുന്നതാണ്. സർക്കാർ ആശുപത്രികൾ കൂടാതെ, പദ്ധതിയോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള പട്ടിക—I-ലെ ആശുപത്രികളിൽ നിന്നുള്ള ചികിത്സകൾക്കും അതുമായി ബന്ധപ്പെട്ട ബില്ലുകൾ പ്രകാരവും മേൽ പ്രസ്താവിച്ച ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(4) ഈ വിധത്തിലുള്ള ധനസഹായം ഒരംഗത്തിന് അംഗത്വകാലയളവിനുള്ളിൽ പരമാവധി അഞ്ച് പ്രാവശ്യം അനുവദിക്കുന്നതാണ്. ഇത്തരം രണ്ടു ധനസഹായങ്ങൾ തമ്മിലുള്ള കാലയളവ് കുറഞ്ഞത് ആറ് മാസമെങ്കിലും ആയിരിക്കേണ്ടതാണ്. ധനസഹായത്തിനുള്ള അപേക്ഷകൾ ചികിത്സ തുടങ്ങുന്നതിനു മുൻപോ ചികിത്സ കഴിഞ്ഞ് ആറ് മാസത്തിനകമോ സമർപ്പിച്ചിരിക്കേണ്ടതാണ് :

എന്നാൽ, അപേക്ഷ സമർപ്പിക്കാതിരിക്കുവാൻ മതിയായ കാരണം ഉണ്ടായിരുന്നു എന്ന് ബോർഡിന് ബോദ്ധ്യമാകുന്നപക്ഷം ആറുമാസത്തിൽ കവിയാതെയുള്ള കാലതാമസം ബോർഡിന് മാപ്പാക്കാവുന്നതാണ്.

(5) ചികിത്സാ ധനസഹായത്തിന് അപേക്ഷിച്ചവർ മരണമടഞ്ഞാൽ അപേക്ഷകന്റെ നോമിനിക്ക് ധനസഹായം നൽകേണ്ടതാണ്.

(6) ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ, ഫാറം നമ്പർ 7-ൽ ആയിരിക്കേണ്ടതാണ്. ചികിത്സാ ആനുകൂല്യത്തിനായി അപേക്ഷിക്കുന്നവർ ഒരു സർക്കാർ അംഗീകൃത മെഡിക്കൽ ആഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ബോർഡ് അംഗീകരിച്ച പട്ടികയിൽ ഉൾപ്പെടാത്ത സ്വകാര്യ ആശുപത്രികളിൽ ചികിത്സ നടത്തിയ അംഗങ്ങൾ നിർദ്ദിഷ്ട ചികിത്സയെ സംബന്ധിച്ച് ബന്ധപ്പെട്ട ചികിത്സയിൽ വിദഗ്ദനായ സർക്കാർ മെഡിക്കൽ ആഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. സബ് രജിസ്ട്രാറുടെയോ രജിസ്റ്ററിംഗ് അധികാര സ്ഥാനത്തിന്റെയോ ശിപാർശയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെ ശിപാർശയും ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഐ. പി./ഒ. പി. ടിക്കററ്, ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ച രസീത്, അംഗത്വ സർട്ടിഫിക്കറ്റ്, ചികിത്സ തേടിയ ആശുപത്രിയിലെ മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ എന്നിവ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.

18. <u>വിരമിക്കൽ ആനുകൂല്യം</u>.—(1) തൊഴിൽ അവസാനിപ്പിച്ചതോ അല്ലെങ്കിൽ അനാരോഗ്യം കാരണമോ ജോലിയിൽ തുടരാൻ സാധിക്കാത്തതോ ആയതും അഞ്ചു വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ അംഗമായിരുന്ന ഒരാൾക്ക്, അയാൾ നിധിയിൽ അടച്ചിട്ടുള്ള അംശദായവും നിധിയിലെ വിഹിതവും ചേർത്ത് നൽകുന്നതാണ്. ഇങ്ങനെയുള്ള വിരമിക്കൽ ആനുകൂല്യം നൽകുന്നതിനുള്ള തുക പട്ടിക II-ൽ വിനിർദ്ദേശിച്ച പ്രകാരം കണക്കാക്കേണ്ടതാണ്:

എന്നാൽ, അഞ്ചുവർഷത്തിൽ താഴെ അംശദായം അടച്ചിട്ടുള്ള ഒരംഗത്തിന് നിശ്ചിത തുക തിരിച്ചു ലഭിക്കുന്നതിനുള്ള അർഹത സംബന്ധിച്ച് തീരുമാനമെടുക്കുവാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതും പരമാവധി പ്രസ്തുത പട്ടികയിൽ നിശ്ചയിച്ച തുകവരെ നൽകാവുന്നതാണ്.

(2) അറുപത്തിയഞ്ച് വയസ്സ് പൂർത്തിയാകുകയോ ഇരുപത്തിയഞ്ച് വർഷത്തെ അംഗത്വത്തിനുശേഷം തന്റെ ലൈസൻസ് തിരിച്ചേൽപ്പിക്കുകയും സ്വമേധയാ പെൻഷന് അപേക്ഷിക്കുകയും ചെയ്യുന്ന അംഗത്തിന് വിരമിക്കൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. അങ്ങനെയുള്ള വിരമിക്കൽ ആനുകൂല്യത്തിനുള്ള അപേക്ഷ, ഫാറം നമ്പർ 8-ൽ ആയിരിക്കേണ്ടതും എല്ലാ പേജുകളിലും സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ പാസ് ബുക്ക്, അവസാന വരിസംഖ്യ അടച്ച രസീത്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും ശിപാർശ, അസ്സൽ അംഗത്വ സർട്ടിഫിക്കറ്റ്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

(3) ശാരീരിക അവശതമൂലമുള്ള വിരമിക്കൽ ആനുകൂല്യത്തിനുള്ള അപേക്ഷ, ഫാറം നമ്പർ 9-ൽ ആയിരിക്കേണ്ടതാണ്. ശാരീരിക അവശതമൂലം വിരമിക്കൽ ആനുകൂല്യത്തിന് അപേക്ഷിക്കുന്ന അംഗം ശാരീരിക അവശത അനുഭവിക്കുന്നുവെന്നും അവശതമൂലം യാതൊരു ജോലിയും ചെയ്യാൻ കഴിയാത്ത ആളാണെന്നും തെളിയിക്കുന്നതിലേയ്ക്കായി സർക്കാർ മെഡിക്കൽ ആഫീസറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. അംഗത്വ സർട്ടിഫിക്കറ്റ്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശ, അതതുസംഗതിപോലെ, ആധാരമെഴുത്ത് ലൈസൻസിന്റെയോ പകർപ്പെഴുത്ത് ലൈസൻസിന്റെയോ സ്റ്റാമ്പ് വെണ്ടർ ലൈസൻസിന്റെയോ അസ്സൽ, അവസാനം വരിസംഖ്യ അടച്ച രസീത് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(4) അറുപത്തിയഞ്ചു വയസ്സിനുശേഷം വരിസംഖ്യ അടയ്ക്കുവാനും സ്വീകരിക്കുവാനും പാടില്ലാത്തതാകുന്നു. ഇത്തരം വീഴ്ച വരുന്ന സാഹചര്യത്തിൽ സബ് രജിസ്ട്രാറുടെയും അംഗത്തിന്റെയും വിശദീകരണം ഉൾപ്പെടെ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അംഗത്വം അവസാനിച്ച തീയതിക്കുശേഷം അടച്ചിട്ടുള്ള അംശദായവും വീഴ്ചയോ അയോഗ്യതയോ കാരണം അംഗത്വം അവസാനിക്കുന്ന സംഗതിയിൽ അംഗത്തിനോ നോമിനിക്കോ നൽകേണ്ട അംശദായ തുകയും യാതൊരു പലിശയുമില്ലാതെ അപേക്ഷകന് അല്ലെങ്കിൽ നോമിനിക്ക് തിരിച്ചുനൽകേണ്ടതാണ്.

19. <u>അംഗത്തിന്റെ മരണാനന്തരം അവകാശികൾക്ക് മരണാനന്തരാനുകൂല്യം നൽകൽ</u>.—(1) ഒരംഗം മരണപ്പെട്ടാൽ അംഗത്തിന്റെ നോമിനിക്ക് അല്ലെങ്കിൽ അവകാശിക്ക് മരണാനന്തര ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. മരണാനന്തര ആനുകൂല്യം ഒരു ലക്ഷം രൂപ ആയിരിക്കുന്നതാണ്.

(2) മരണാനന്തര ആനുകൂല്യത്തിനുള്ള അപേക്ഷ ഫാറം നമ്പർ 10-ൽ ആയിരിക്കേണ്ടതാണ്.

(3) മരണാനന്തര ആനുകൂല്യം ലഭിക്കുന്നതിലേക്കായി അപേക്ഷയോടൊപ്പം രജിസ്റ്ററിംഗ് അധികാരസ്ഥാനം സാക്ഷ്യപ്പെടുത്തിയ അസ്സൽ നോമിനേഷൻ, എല്ലാ പേജുകളിലും സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ പാസ് ബുക്ക്, അസ്സൽ അംഗത്വ സർട്ടിഫിക്കറ്റ്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, മരണ സർട്ടിഫിക്കറ്റ്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും ശിപാർശ, അസ്സൽ നോമിനേഷൻ ലഭ്യമല്ലെങ്കിൽ തഹസിൽദാർ നൽകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റ്, ഒന്നിൽ കൂടുതൽ അവകാശികൾ ഉള്ളപക്ഷം ആവശ്യമെങ്കിൽ മറ്റ് അവകാശികൾക്കുകൂടി വേണ്ടി ഒരാൾ തുക കൈപ്പറ്റുന്നതിന് മതിയായ സലയ്ക്കുള്ള മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ മറ്റ് അവകാശികളുടെ സമ്മതപത്രം, നോമിനി പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

20. <u>വിവാഹ ധനസഹായം</u>—(1) കുറഞ്ഞത് രണ്ട് വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ചുവരുന്ന അംഗങ്ങളുടെയും അവരുടെ പ്രായ പൂർത്തിയായ പെൺമക്കളുടെയും വിവാഹ ചെലവിനായി അയ്യായിരം രൂപ വിവാഹ ധനസഹായമായി നിധിയിൽ നിന്ന് നൽകാവുന്നതാണ്. വിവാഹ ധനസഹായത്തിനുള്ള അപേക്ഷ, ഫാറം നമ്പർ 11-ൽ ആയിരിക്കേണ്ടതാണ്.

(2) പ്രസ്തുത ധനസഹായത്തിന് അപേക്ഷിക്കുന്ന അംഗം വിവാഹം നിശ്ചയിച്ചു എന്നോ അഥവാ വിവാഹം നടന്നു എന്നോ തെളിയിക്കുന്നതിനായി അപേക്ഷകൻ താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, പ്രസിഡണ്ട്, ചെയർമാൻ, മേയർ, ബന്ധപ്പെട്ട എം. എൽ. എ., ഒരു ഗസറ്റഡ് ആഫീസർ, വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് അധികാരമുള്ള സമുദായ സംഘടനകളുടെ അധികാരികൾ എന്നിവരിൽ ആരെങ്കിലും നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. അപേക്ഷയോടൊപ്പം സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശ ഉണ്ടായിരിക്കേണ്ടതാണ്.

(3) വിവാഹ ധനസഹായം ലഭിക്കുന്നതിന് വിവാഹനിശ്ചയം കഴിഞ്ഞ ശേഷമോ വിവാഹം കഴിഞ്ഞ് അറുപതു ദിവസത്തിനകമോ അപേക്ഷ സമർപ്പിക്കേണ്ടതാണ് :

എന്നാൽ, പ്രസ്തുത കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കാതിരിക്കാൻ അപേക്ഷകന് മതിയായ കാരണം ഉണ്ടായിരുന്നു എന്ന് ബോർഡിന് ബോദ്ധ്യമാകുന്നപക്ഷം മുപ്പതു ദിവസത്തിൽ കവിയാത്ത കാലതാമസം അതിന് മാപ്പാക്കാവുന്നതാണ്.

(4) വിവാഹിതയാകുന്ന മകൾ നിധിയിൽ അംഗമാണെങ്കിൽ ക്ഷേമനിധി അംഗങ്ങളായ അച്ചനോ അമ്മയ്ക്കോ ഈ ആനുകൂല്യത്തിന് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

(5) വിവാഹം കഴിക്കുന്ന സ്ത്രീയും പുരുഷനും നിധിയിൽ അംഗങ്ങളാണെങ്കിൽ രണ്ട് പേർക്കും വിവാഹ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) അച്ഛനും അമ്മയും നിധിയിൽ അംഗങ്ങളാണെങ്കിൽ വിവാഹ ധനസഹായത്തിന് ഒരാൾക്കു മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളു.

(7) ഒരംഗത്തിന് വിവാഹ ധനസഹായം പരമാവധി രണ്ട് പ്രാവശ്യം ലഭിക്കുന്നതിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

21. പ്രസവാനുകൂല്യം.—(1) വനിതാ അംഗങ്ങളുടെ പ്രസവ ചെലവിനായി അയ്യായിരം രൂപ നിധിയിൽ നിന്ന് നൽകാവുന്നതാണ്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും തുടർച്ചയായി നിധിയിലേക്ക് അംശദായം അടച്ചുവരുന്ന വനിതാ അംഗത്തിന് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. സ്വാഭാവികമായ ഗർഭം അലസൽ സംഭവിച്ചാലും ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. പ്രസവാനുകൂല്യത്തിനുള്ള അപേക്ഷ, ഫാറം നമ്പർ 11-ൽ ആയിരിക്കേണ്ടതാണ്.

(2) പ്രസവാനുകൂല്യത്തിന് അപേക്ഷിക്കുന്ന അംഗം, അതതുസംഗതിപോലെ, ജനന/മരണ രജിസ്ട്രാർ നൽകുന്ന, കുട്ടിയുടെ ജനന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അഥവാ ഗർഭം സ്വാഭാവികമായി അലസിയത് കാണിക്കുന്ന സർക്കാർ അംഗീകൃത മെഡിക്കൽ ആഫീസറുടെ സർട്ടിഫിക്കറ്റ്, ഹാജരാക്കേണ്ടതാണ്. അപേക്ഷയോടൊപ്പം സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും ബന്ധപ്പെട്ട അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറിയുടെയും ശിപാർശ ഉണ്ടായിരിക്കേണ്ടതാണ്.

(3) ഒരംഗത്തിന് പ്രസാവാനുകൂല്യം പരമാവധി രണ്ട് പ്രാവശ്യം ലഭിക്കുന്നതിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

(4) പ്രസവം അഥവാ ഗർഭം അലസൽ ആറ് മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ് :

എന്നാൽ, പ്രസ്തുത കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കാതിരിക്കാൻ അപേക്ഷകയ്ക്ക് മതിയായ കാരണം ഉണ്ടായിയിരുന്നു എന്ന് ബോർഡിന് ബോദ്ധ്യമാകുന്നപക്ഷം മൂന്നു മാസത്തിൽ കവിയാതെയുള്ള കാലതാമസം ബോർഡിന് മാപ്പാക്കാവുന്നതാണ്.

22. നിധിയുടെ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ.—നിധിയുടെ ആനുകൂല്യങ്ങൾക്കുള്ള നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷകൾ അതാത് സബ് രജിസ്ട്രാർ സ്വീകരിച്ചശേഷം അദ്ദേഹത്തിന്റെ ശിപാർശയോടുകൂടി രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് നൽകേണ്ടതും രജിസ്റ്ററിംഗ് അധികാരസ്ഥാനം ആവശ്യമായ ശിപാർശയോടുകൂടി അത് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുമാണ്. രജിസ്റ്ററിംഗ് അധികാരസ്ഥാനം ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ സെക്രട്ടറി വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം താമസംവിനാ കൈക്കൊള്ളേണ്ടതാണ്.

## അദ്ധ്യായം ഏഴ്

### പെൻഷൻ

23. പെൻഷൻ .—(1) നിധിയിൽ അഞ്ചുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള ഒരു അംഗം തൊഴിൽ അവസാനിപ്പിച്ചാൽ അദ്ദേഹത്തിന് പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. ഏറ്റവും കുറഞ്ഞ പ്രതിമാസ പെൻഷൻ അഞ്ഞൂറ്റിയൻപത് രൂപയായിരിക്കുന്നതാണ്. ആദ്യവർഷം മുതൽ ഇരുപത്തിയഞ്ച് വർഷം വരെയുള്ള അംഗത്വ കാലയളവിന്, പൂർത്തിയാക്കിയ ഓരോ വർഷത്തിനും മുപ്പത് രൂപ വീതം അധികം ലഭിക്കുന്നതിനും അപ്രകാരം ഒരംഗത്തിന്ന് പരമാവധി ആയിരം രൂപ വരെ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതുമാണ്. എന്നാൽ, ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, പെൻഷൻ തുക അതതുസമയം വർദ്ധിപ്പിക്കാവുന്നതാണ്. അപേക്ഷ, ഫാറം നമ്പർ 12-ൽ ആയിരിക്കേണ്ടതും അപേക്ഷയോടൊപ്പം അംഗത്വ സർട്ടിഫിക്കറ്റ്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശ, അതതുസംഗതിപോലെ, ആധാരമെഴുത്ത് ലൈസൻസിന്റെയോ പകർപ്പെഴുത്ത് ലൈസൻസിന്റെയോ സ്റ്റാമ്പ് വെണ്ടർ ലൈസൻസിന്റെയോ അസ്സൽ എന്നിവ ഹാജരാക്കേണ്ടതാണ്.

(2) അതതുസംഗതിപോലെ, ആധാരമെഴുത്ത് ലൈസൻസോ പകർപ്പെഴുത്ത് ലൈസൻസോ സ്റ്റാമ്പ് വെണ്ടർ ലൈസൻസോ ബന്ധപ്പെട്ട അധികാരിയെ തിരിച്ചേൽപ്പിക്കുന്ന തീയതിയുടെ അടിസ്ഥാനത്തിൽ പെൻഷൻ കണക്കാക്കേണ്ടതാണ്.

(3) ഇരുപത്തിയഞ്ച് വർഷത്തെ അംഗത്വം പൂർത്തിയാക്കിയ ശേഷം വിരമിക്കുന്ന അംഗത്തിന് പരമാവധി പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

24. പ്രത്യേക പെൻഷൻ .—(1) ആക്ടിന്റെ പ്രാരംഭ തീയതിക്കുമുൻപ് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും ഇരുപത്തിയഞ്ച് വർഷത്തിൽ കുറയാതെ ആധാരമെഴുത്തുകാരനോ പകർപ്പെഴുത്തുകാരനോ സ്റ്റാമ്പ് വെണ്ടറോ ആയിരുന്നതുമായ ഒരാളിന് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അംഗമായി ഒരു വർഷക്കാലം അംശദായം അടച്ചാൽ പ്രത്യേക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) പ്രത്യേക പെൻഷൻ മുന്നൂറ് രൂപ ആയിരിക്കുന്നതാണ്. പ്രത്യേക പെൻഷനുള്ള അപേക്ഷ, ഫാറം നമ്പർ 13-ൽ ആയിരിക്കേണ്ടതും ആയത് ബന്ധപ്പെട്ട സബ് രജിസ്ട്രാറും രജിസ്റ്ററിംഗ് അധികാരസ്ഥാനവും മുഖേന സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുമാണ്. അപേക്ഷയോടൊപ്പം അംഗത്വ സർട്ടിഫിക്കറ്റ്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശ അതതുസംഗതിപോലെ, ആധാരമെഴുത്ത് ലൈസൻസിന്റെയോ പകർപ്പെഴുത്ത് ലൈസൻസിന്റെയോ സ്റ്റാമ്പ് വെണ്ടർ ലൈസൻസിന്റെയോ അസ്സൽ എന്നിവ ഹാജരാക്കേണ്ടതുമാണ്.

25. കുടുംബപെൻഷൻ.—(1) പത്തുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള അംഗം മരിച്ചുപോയാൽ അയാളുടെ ആശ്രിതന് കുടുംബപെൻഷൻ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ആശ്രിതൻ എന്ന നിർവ്വചനത്തിൽ പറഞ്ഞ ക്രമത്തിൽ കുടുംബപെൻഷനുള്ള മുൻഗണനാക്രമം നിശ്ചയിക്കേണ്ടതാണ്. ആശ്രിതരിൽ ഒരാൾക്കു മാത്രമേ ഒരു സമയം കുടുംബപെൻഷന് അർഹത ഉണ്ടായിരിക്കുകയുള്ളു. ഒരാൾക്ക് അർഹത നഷ്ടപ്പെട്ടാൽ, അർഹതയുള്ള് അടുത്ത ആൾക്ക് പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന അംഗമോ പ്രത്യേക പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ ആശ്രിതർക്ക് അഥവാ കുടുംബത്തിന് കുടുംബപെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) കുടുംബപെൻഷൻ അഞ്ഞൂറ് രൂപ ആയിരിക്കുന്നതാണ്.

(3) കുടുംബപെൻഷനുള്ള അപേക്ഷ, ഫാറം നമ്പർ 14-ൽ ആയിരിക്കേണ്ടതാണ്. കുടുംബപെൻഷനുള്ള അപേക്ഷയോടൊപ്പം അംഗത്തെ സംബന്ധിക്കുന്ന, ജനന-മരണ രജിസ്ട്രാർ നൽകുന്ന മരണ സർട്ടിഫിക്കറ്റ്, അപേക്ഷകന് മരണപ്പെട്ട അംഗവുമായുള്ള ബന്ധം സംബന്ധിച്ച് റവന്യൂ അധികാരി നൽകുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറിയുടെയും ശിപാർശ, അംഗത്വ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

(4) പെൺമക്കളാണ് അപേക്ഷകരെങ്കിൽ അവരുടെ വിവാഹം വരെ മാത്രമേ കുടുംബപെൻഷന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇപ്രകാരം പെൻഷൻ ലഭിക്കുന്നവർ വിവാഹം കഴിഞ്ഞാലുടൻ വിവാഹം നടന്ന വിവരം സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. പ്രായപൂർത്തി ആകാത്ത ആൺമക്കളാണ് അപേക്ഷകരെങ്കിൽ അവർ ഇരുപത്തിയൊന്ന് വയസ്സ് പൂർത്തിയാകുമ്പോൾ കുടുംബപെൻഷന് അർഹരല്ലാതായിത്തീരുന്നതാണ്. കുടുംബപെൻഷൻ ലഭിക്കുന്നവർ പുനർവിവാഹം ചെയ്യുകയാണെങ്കിൽ പുനർവിവാഹം വരെ മാത്രം കുടംബപെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. പെൻഷൻ ലഭിക്കുന്ന മക്കൾക്ക് ജോലിയോ മറ്റ് വരുമാനമാർഗ്ഗമോ ഉണ്ടാകുന്നപക്ഷം ആ വിവരവും സെക്രട്ടറിയെ അറിയിക്കേണ്ടതും അനുവദിച്ച പെൻഷൻ റദ്ദുചെയ്ത് സെക്രട്ടറി ഉത്തരവാകേണ്ടതുമാണ്.

26. പെൻഷനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട വിധം.—(1) നിർദ്ദിഷ്ട ഫാറത്തിലുള്ള, പെൻഷനുള്ള അപേക്ഷകൾ അതാത് സബ് രജിസ്ട്രാർ സ്വീകരിക്കുകയും ആവശ്യമായ ശിപാർശയോടുകൂടി രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് നൽകേണ്ടതും രജിസ്റ്ററിംഗ് അധികാരസ്ഥാനം തന്റെ ശിപാർശയോടുകൂടി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുമാണ്. അനുവദിക്കപ്പെടുന്ന പെൻഷൻ എല്ലാ മാസവും 5-ാം തീയതിക്കുമുമ്പായി വിതരണം ചെയ്യുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

(2) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ പ്രകാരം ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു പെൻഷൻ ലഭിക്കുവാൻ ആർക്കെങ്കിലും അർഹതയില്ലായിരുന്നു എന്നോ അർഹത നഷ്ടപ്പെട്ടു എന്നോ ബന്ധപ്പെട്ട സബ് രജിസ്ട്രാർക്കോ രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിനോ വിവരം ലഭിക്കുന്നപക്ഷം ആയത് അവർ സെക്രട്ടറിയെ അറിയിക്കേണ്ടതും സെക്രട്ടറി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## അദ്ധ്യായം എട്ട്

## വായ്പകൾ

27. വായ്പകൾ.—നിധിയിൽ മുടക്കംവരാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്ക് നിധിയിൽ നിന്നും വിവിധ വായ്പകൾ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്. ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയുടെ ലഭ്യത അനുസരിച്ച് വായ്പകൾ അനുവദിക്കാവുന്നതാണ്. വ്യക്തിഗത വായ്പ ഒഴികെയുള്ള വായ്പകൾക്ക് ഫാറം നമ്പർ 15-ൽ നിർദ്ദിഷ്ട മാതൃകയിലുള്ള ബോണ്ട് വയ്ക്കേണ്ടതാണ്. ഒരേ സമയം ഒന്നിലധികം വായ്പകൾ ഒരംഗത്തിന് അനുവദിക്കാൻ പാടില്ലാത്തതാണ്. എന്നാൽ, വ്യക്തിഗത വായ്പ മറ്റു വായ്പകളോടൊപ്പം അനുവദിക്കാവുന്നതാണ്. വായ്പകൾക്കുള്ള, നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷകൾ അതാത് സബ് രജിസ്ട്രാർ സ്വീകരിച്ചശേഷം ശിപാർശയോടുകൂടി രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിനു നൽകേണ്ടതും രജിസ്റ്ററിംഗ് അധികാരസ്ഥാനം തന്റെ ശിപാർശയോടുകൂടി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുമാണ്. രജിസ്റ്ററിംഗ് അധികാരസ്ഥാനം സമർപ്പിക്കുന്ന അപേക്ഷകൾ സെക്രട്ടറി വിശദമായി പരിശോധിക്കേണ്ടതും അർഹരാണെന്നു കാണുന്ന അപേക്ഷകർക്ക് വായ്പ അനുവദിക്കേണ്ടതുമാണ്.

28. വ്യക്തിഗത വായ്പ.—(1) തൊഴിൽപരമായ ആവശ്യങ്ങൾക്ക് ഓരോ അംഗത്തിനും പരമാവധി അയ്യായിരം രൂപവരെ വായ്പ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്. അഞ്ഞൂറിന്റെ ഗുണിതങ്ങളായി മാത്രം വായ്പ അനുവദിക്കാവുന്നതാണ്.

(2) വ്യക്തിഗത വായ്പയ്ക്ക് അപേക്ഷിക്കുന്ന അംഗങ്ങൾക്ക് സാധാരണഗതിയിൽ വിരമിക്കുന്നതിന് ഏറ്റവും കുറഞ്ഞത് ഒരു വർഷത്തെ കാലാവധിയെങ്കിലും ബാക്കി ഉണ്ടായിരിക്കേണ്ടതും പ്രസ്തുത കാലയളവിനു മുൻപായി നിധിയിൽ നിന്നും സ്വയമേവ പിരിഞ്ഞു പോകുന്നതല്ല എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(3) വ്യക്തിഗതവായ്പയ്ക്കുള്ള അപേക്ഷ, ഫാറം നമ്പർ 16-ൽ ആയിരിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും, ശിപാർശ, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അവസാനം വരിസംഖ്യ അടച്ച രസീത്, അംഗത്വ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

(4) തിരിച്ചടവ് കാലാവധി പരമാവധി പത്ത് മാസം ആയിരിക്കുന്നതാണ്. വായ്പയ്ക്ക് ഒൻപത് ശതമാനം വാർഷിക പലിശ ഈടാക്കേണ്ടതാണ്.

(5) വായ്പ അനുവദിക്കുന്നതിന്റെ അടുത്ത മാസം മുതൽ വായ്പാതുക പലിശ സഹിതം നിശ്ചിത തുല്യ മാസ തവണകളായി മാസംതോറും തിരിച്ചടച്ചു തുടങ്ങേണ്ടതാണ്.

(6) വായ്പ തിരിച്ചടയ്ക്കാൻ മുടക്കം വരുത്തുന്നപക്ഷം മുടക്കം വരുത്തുന്ന തവണകൾക്ക് പതിനെട്ട് ശതമാനം വാർഷിക പലിശ ഈടാക്കേണ്ടതാണ്.

(7) അപേക്ഷ സെക്രട്ടറിക്ക് ലഭിക്കുന്ന തീയതി മുതൽ വായ്പ അനുവദിക്കുന്നതിനുള്ള മുൻഗണനാക്രമം നിശ്ചയിക്കേണ്ടതാണ്.

29. <u>വീട് വയ്ക്കുന്നതിനുള്ള വായ്പ</u>.—(1) അംഗത്വം ലഭിച്ച് കുറഞ്ഞത് അഞ്ച് വർഷം പൂർത്തിയാക്കിയതും വിരമിക്കാൻ അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവുള്ളതുമായ ഏതൊരു അംഗത്തിനും ഈ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(2) പ്രതിമാസ വരുമാനത്തിന്റെ മുപ്പത് ഇരട്ടി അല്ലെങ്കിൽ രണ്ടര ലക്ഷം രൂപ അല്ലെങ്കിൽ എസ്റ്റിമേറ്റിന്റെ എൺപത് ശതമാനം ഇവയിൽ ഏതാണോ കുറവ് അത് വായ്പ തുകയായി അനുവദിക്കാവുന്നതുമാണ്.

(3) വായ്പ രണ്ട് ഗഡുക്കളായി അനുവദിക്കേണ്ടതാണ്. ആദ്യ ഗഡു തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ നിന്ന് ലഭിക്കുന്ന അനുമതിയും എസ്റ്റിമേറ്റും ഹാജരാക്കിയശേഷവും രണ്ടാം ഗഡു വീടിന്റെ കോൺക്രീറ്റിലോ അല്ലാതെയോ ഉള്ള മേൽക്കൂരയുടെ പണി പൂർത്തിയാക്കിയതിന് ശേഷവും അനുവദിക്കേണ്ടതാണ്.

(4) രണ്ടാം ഗഡു വായ്പ അനുവദിക്കുന്നതിന് അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറി സ്ഥലം സന്ദർശിച്ച് നൽകിയ റിപ്പോർട്ട് അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ആവശ്യമുള്ളപക്ഷം, സ്ഥലം സന്ദർശിച്ചു റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി സെക്രട്ടറിക്ക് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താവുന്നതാണ്.

(5) വസ്തുവിന്റെ അസ്സൽ ആധാരം ബോർഡിന് പണയപ്പെടുത്തേണ്ടതും സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്.

(6) വായ്പയുടെ രണ്ടാം ഗഡു ലഭിച്ച് തൊട്ടടുത്ത മാസം മുതൽ വായ്പ പലിശസഹിതം നിശ്ചിത തുല്യ മാസതവണകളായി മാസംതോറും തിരിച്ചടച്ച് തുടങ്ങേണ്ടതാണ്.

(7) വീട് വയ്ക്കുന്നതിനുള്ള വായ്പയ്ക്കുള്ള അപേക്ഷ, ഫാറം നമ്പർ 17-ൽ ആയിരിക്കേണ്ടതാണ്. ആദായനികുതി വകുപ്പ് നൽകുന്ന പാൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശ, അവസാനം വരിസംഖ്യ അടച്ച രസീത്, അംഗത്വ സർട്ടിഫിക്കറ്റ്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, തദ്ദേശസ്വയംഭരണ

സ്ഥാപനത്തിൽ നിന്നും ലഭിച്ച അനുമതിയുടെയും എസ്റ്റിമേറ്റിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വസ്തുവിന്റെ കഴിഞ്ഞ ഇരുപത് വർഷത്തെ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ്, വസ്തുവിന്റെ കരം തീർത്ത് രസീത് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(8) വായ്പാ തിരിച്ചടവ് കാലാവധി പരമാവധി അറുപതു മാസം ആയിരിക്കേണ്ടതാണ്.

(9) വായ്പയ്ക്ക് ഒൻപതു ശതമാനം നിരക്കിൽ വാർഷിക പലിശ ഈടാക്കേണ്ടതാണ്.

(10) വീട് പണി പൂർത്തീകരിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും, ലഭിച്ച വീട് പൂർത്തീകരിച്ചു എന്നു കാണിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം വായ്പാ തീയതിമുതൽ വായ്പയ്ക്ക് പതിനെട്ട് ശതമാനം നിരക്കിൽ വാർഷിക പലിശ ഈടാക്കേണ്ടതുമാണ്.

(11) വായ്പ തിരിച്ചടയ്ക്കാൻ മുടക്കം വരുത്തുന്നപക്ഷം മുടക്കം വരുത്തുന്ന തവണകൾക്ക് പതിനെട്ട് ശതമാനം നിരക്കിൽ പലിശ ഈടാക്കേണ്ടാതാണ്.

(12) അപേക്ഷ സെക്രട്ടറിക്ക് ലഭിക്കുന്ന തീയതിയുടെയും അപേക്ഷകൻ നിധിയിലെ അംഗത്വം പൂർത്തിയാക്കിയതിന്റെയും അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിക്കേണ്ടതാണ്.

30. <u>വീട് പുതുക്കി പണിയുന്നതിന് വായ്പ.</u>—(1) അംഗത്വം ലഭിച്ച് കുറഞ്ഞത് അഞ്ച് വർഷം പൂർത്തിയാക്കിയതും വിരമിക്കാൻ അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവുമുള്ള ഏതൊരു അംഗത്തിനും ഈ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(2) വസ്തുവിന്റെയും വീടിന്റെയും അസ്സൽ ആധാരം ബോർഡിന് പണയപ്പെടുത്തേണ്ടതും ആധാരം സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്.

(3) വീട് പുതുക്കി പണിയുവാൻ വായ്പ ലഭിക്കുന്നതിനുള്ള അപേക്ഷ, ഫാറം നമ്പർ 17-ൽ ആയിരിക്കേണ്ടതാണ്. ആദായ നികുതി വകുപ്പ് നൽകുന്ന പാൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശകൾ, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച അനുമതിയുടെയും എസ്റ്റിമേറ്റിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അംഗത്വ സർട്ടിഫിക്കറ്റ്, വസ്തുവിന്റെ കരം തീർത്ത രസീത്, അവസാനം വരിസംഖ്യ അടച്ച രസീത് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(4) മാസവരുമാനത്തിന്റെ പത്തിരട്ടി അല്ലെങ്കിൽ അറുപതിനായിരം രൂപ അല്ലെങ്കിൽ എസ്റ്റിമേറ്റിന്റെ എൺപത് ശതമാനം ഇവയിൽ ഏതാണോ കുറവ് അത് വായ്പാ തുകയായി അനുവദിക്കാവുന്നതാണ്.

(5) വായ്പയുടെ തിരിച്ചടവ് കാലാവധി പരമാവധി നാൽപതു മാസം ആയിരിക്കേണ്ടതാണ്.

(6) വായ്പയ്ക്ക് ഒൻപതു ശതമാനം നിരക്കിൽ വാർഷിക പലിശ ഈടാക്കേണ്ടതാണ്.

(7) വായ്പ അനുവദിക്കുന്നതിന്റെ അടുത്ത മാസം മുതൽ വായ്പ തുക പലിശ സഹിതം നിശ്ചിത തുല്യ മാസതവണകളായി മാസംതോറും തിരിച്ചടച്ചു തുടങ്ങേണ്ടതാണ്.

(8) വായ്പ തിരിച്ചടയ്ക്കാൻ മുടക്കം വരുത്തുന്നപക്ഷം മുടക്കം വരുത്തുന്ന തവണകൾക്ക് പതിനെട്ട് ശതമാനം നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്.

(9) അപേക്ഷ സെക്രട്ടറിക്ക് ലഭിക്കുന്ന തീയതിയുടെയും അപേക്ഷകൻ നിധിയിൽ അംഗത്വം പൂർത്തിയാക്കിയതിന്റെയും അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിക്കേണ്ടതാണ്.

31. <u>വസ്തു വാങ്ങുന്നതിനുള്ള വായ്പ.</u>—(1) അംഗത്വം ലഭിച്ച് കുറഞ്ഞത് അഞ്ച് വർഷം പൂർത്തിയാക്കിയതും വിരമിക്കാൻ കുറഞ്ഞത് അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവുമുള്ള ഏതൊരു അംഗത്തിനും ഈ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(2) ഈ പദ്ധതി പ്രകാരം മാസവരുമാനത്തിന്റെ പത്തിരട്ടി അല്ലെങ്കിൽ അറുപതിനായിരം രൂപ അല്ലെങ്കിൽ വസ്തുവിന്റെ ന്യായവില ഇതിൽ ഏതാണോ കുറവ് അത് വായ്പാ തുകയായി അനുവദിക്കാവുന്നതാണ്.

(3) വാങ്ങുന്ന വസ്തുവിന്റെ അസ്സൽ ആധാരം ബോർഡിന് പണയപ്പെടുത്തേണ്ടതും ആധാരം സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്.

(4) വസ്തു വാങ്ങുവാൻ വായ്പ ലഭിക്കുന്നതിനുള്ള അപേക്ഷ, ഫാറം നമ്പർ 18-ൽ ആയിരിക്കേണ്ടതാണ്. ആദായ നികുതി വകുപ്പ് നൽകുന്ന പാൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വസ്തുവിന്റെ കരം തീർത്ത രസീത്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശ, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, വസ്തുവിന്റെ കഴിഞ്ഞ ഇരുപത് വർഷത്തെ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ്, അവസാനം വരിസംഖ്യ അടച്ച രസീത്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അംഗത്വ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(5) വായ്പയുടെ കാലാവധി പരമാവധി നാൽപത് മാസം ആയിരിക്കേണ്ടതാണ്.

(6) വായ്പയ്ക്ക് ഒൻപതു ശതമാനം നിരക്കിൽ വാർഷിക പലിശ ഈടാക്കേണ്ടതാണ്.

(7) വായ്പ അനുവദിക്കുന്നതിന്റെ അടുത്ത മാസം മുതൽ വായ്പ തുക പലിശസഹിതം തുല്യ നിശ്ചിത മാസതവണകളായി മാസംതോറും തിരിച്ചടച്ചു തുടങ്ങേണ്ടതാണ്.

(8) വായ്പ തിരിച്ചടയ്ക്കാൻ മുടക്കം വരുത്തുന്നപക്ഷം മുടക്കം വരുത്തുന്ന തവണകൾക്ക് പതിനെട്ട് ശതമാനം നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്.

32. <u>വീടോടുകൂടിയ വസ്തു വാങ്ങുന്നതിന്.</u>—(1) അംഗത്വം ലഭിച്ച് കുറഞ്ഞത് അഞ്ച് വർഷം പൂർത്തിയാക്കിയതും വിരമിക്കാൻ അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവുമുള്ള ഏതൊരു അംഗത്തിനും ഈ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(2) മാസവരുമാനത്തിന്റെ മുപ്പതിരട്ടി അല്ലെങ്കിൽ രണ്ടരലക്ഷം രൂപ അല്ലെങ്കിൽ വിലയുടെ എൺപത് ശതമാനം ഇവയിൽ ഏതാണോ കുറവ് അത് വായ്പ തുകയായി അനുവദിക്കാവുന്നതാണ്.

(3) തിരിച്ചടവ് കാലാവധി പരമാവധി അറുപതു മാസം ആയിരിക്കേണ്ടതാണ്.

(4) വായ്പ തുകയ്ക്ക് ഒൻപതു ശതമാനം നിരക്കിൽ വാർഷിക പലിശ ഈടാക്കേണ്ടതാണ്.

(5) വായ്പ അനുവദിക്കുന്നതിന്റെ അടുത്ത മാസം മുതൽ വായ്പ തുക പലിശസഹിതം നിശ്ചിത തുല്യ മാസതവണകളായി മാസംതോറും തിരിച്ചടച്ചു തുടങ്ങേണ്ടതാണ്.

(6) വസ്തുവിന്റെ അസ്സൽ ആധാരം ബോർഡിന് പണയപ്പെടുത്തേണ്ടതും ആധാരം സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്.

(7) വായ്പ തിരിച്ചടയ്ക്കാൻ മുടക്കം വരുത്തുന്നപക്ഷം, മുടക്കം വരുത്തുന്ന തവണകൾക്ക് പതിനെട്ട് ശതമാനം നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്.

(8) അപേക്ഷ സെക്രട്ടറിക്ക് ലഭിക്കുന്ന തീയതിയുടെയും അപേക്ഷകൻ നിധിയിലെ അംഗത്വം പൂർത്തിയാക്കിയ വർഷത്തിന്റെയും അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിക്കേണ്ടതാണ്.

(9) അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറി സ്ഥലം സന്ദർശിച്ച് നൽകിയ റിപ്പോർട്ട് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ആവശ്യമുള്ളപക്ഷം സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി സെക്രട്ടറിക്ക് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താവുന്നതാണ്.

(10) പ്രസ്തുത വായ്പയ്ക്കുള്ള അപേക്ഷ ഫാറം നമ്പർ 18-ൽ ആയിരിക്കേണ്ടതാണ്. ആദായ നികുതി വകുപ്പ് നൽകുന്ന പാൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വസ്തുവിന്റെ കരം തീർത്ത രസീത്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത

സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശ, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, വസ്തുവിന്റെ കഴിഞ്ഞ ഇരുപത് വർഷത്തെ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അംഗത്വ സർട്ടിഫിക്കറ്റ്, അവസാനം വരിസംഖ്യ അടച്ച രസീത് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

33. വിദ്യാഭ്യാസ വായ്പ —(1) കുറഞ്ഞത് അഞ്ച് വർഷമെങ്കിലും നിധിയിൽ അംഗത്വമുള്ള അംഗങ്ങളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ വായ്പയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) അതാതു വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്ന തുകയുടെ ലഭ്യത അനുസരിച്ച് വായ്പ അനുവദിക്കാവുന്നതാണ്.

(3) പഠിക്കുന്ന കോഴ്സിന് ആവശ്യമായ തുകയോ അല്ലെങ്കിൽ മൂന്ന് ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അത് വായ്പ തുകയായി അനുവദിക്കാവുന്നതാണ്.

(4) വായ്പയായി നൽകുന്ന തുകയിൽ ഒന്നര ലക്ഷം രൂപ വരെ അംഗവും പഠിക്കുന്ന കുട്ടിയും നൽകുന്ന ബോണ്ടിന്റെയും സ്വന്തം ആൾജാമ്യത്തിന്റെയും അടിസ്ഥാനത്തിലും ബാക്കി ആവശ്യമുള്ള തുക മതിയായ വസ്തുജാമ്യത്തിന്റെ അടിസ്ഥാനത്തിലും അനുവദിക്കേണ്ടതാണ്. ജാമ്യവസ്തുവിന്റെ അസ്സൽ ആധാരം ബോർഡിന് പണയപ്പെടുത്തേണ്ടതും ആധാരം സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്.

(5) വായ്പ അനുവദിക്കുന്നതിന്റെ അടുത്ത മാസം മുതൽ വായ്പ തുകയ്ക്ക് എട്ട് ശതമാനം നിരക്കിൽ പലിശ മാസം തോറും അംഗം അടയ്ക്കേണ്ടതാണ്.

(6) പഠിക്കുന്ന കോഴ്സ് പൂർത്തിയാക്കി ആറ് മാസത്തിനകം അല്ലെങ്കിൽ വായ്പ അനുവദിച്ച് അഞ്ച് വർഷത്തിനകം ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ തുല്യ അറുപത് മാസതവണകളായി മുതലും ബാക്കി വരുന്ന പലിശ ഉണ്ടെങ്കിൽ അതും തിരിച്ചടയ്ക്കേണ്ടതാണ്.

(7) അപേക്ഷകൻ ശരിയായ രീതിയിൽ വായ്പ വിനിയോഗിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടാൽ വായ്പ അനുവദിച്ച തീയതി മുതൽ പതിനെട്ട് ശതമാനം നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്.

(8) വിദ്യാഭ്യാസ വായ്പയ്ക്കുള്ള അപേക്ഷ, ഫാറം നമ്പർ 19-ൽ ആയിരിക്കേണ്ടതാണ്. സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റേയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശ, കോഴ്സിന് പ്രവേശനം കിട്ടി എന്നതിന്റെ സാക്ഷ്യപ്പെടുത്തിയ രേഖ, എസ്. എസ്. എൽ. സി. മുതലുള്ള സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷയിൽ പതിക്കുന്ന ഫോട്ടോയ്ക്ക് പുറമേ അംഗത്തിന്റെയും വിദ്യാർത്ഥിയുടെയും രണ്ടു പാസ്പോർട്ട് സൈസ് ഫോട്ടോ, അംഗത്വ സർട്ടിഫിക്കറ്റ്, വസ്തുവിന്റെ കരം തീർത്ത രസീത്, അവസാനം വരിസംഖ്യ അടച്ച രസീത്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(9) മേൽ പ്രസ്താവിച്ച പ്രകാരം വായ്പ തിരിച്ചടയ്ക്കുന്നതിൽ മുടക്കം വരുത്തിയാൽ മുടക്കം വന്ന തവണകൾക്ക് പതിനെട്ട് ശതമാനം നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്.

34. വായ്പ അനുവദിച്ചവർക്കുള്ള വിവരങ്ങൾ സൂക്ഷിക്കലും പാസ് ബുക്ക് നൽകലും.—വായ്പ അനുവദിച്ച അംഗങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിലാക്കി അപ്പോഴപ്പോൾ കൃത്യത വരുത്തി ബന്ധപ്പെട്ട സബ് രജിസ്ട്രാറും സെക്രട്ടറിയും സൂക്ഷിക്കേണ്ടതും തുകയുടെ തിരിച്ചടവിനുള്ള സൗകര്യത്തിന് ആവശ്യമായ പാസ് ബുക്ക് വായ്പ അനുവദിക്കുന്നതോടൊപ്പംതന്നെ നൽകേണ്ടതും പാസ് ബുക്ക് അപ്പോഴപ്പോൾ ബന്ധപ്പെട്ട സബ് രജിസ്ട്രാർ കൃത്യത വരുത്തി നൽകേണ്ടതുമാണ്.

## അദ്ധ്യായം ഒൻപത്

### വിഭവസമാഹരണം

35. അംശദായം.— അംഗങ്ങളിൽ നിന്നും ലഭിക്കുന്ന അംശദായം സബ് രജിസ്ട്രാർ സ്വീകരിക്കേണ്ടതും രജിസ്റ്ററിംഗ് അധികാരസ്ഥാനം മുഖാന്തിരം നിധി സംബന്ധിച്ച ബോർഡിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.

